
# ഗിരിദീപം

വാല്യം 05 ലക്കം 04 വില 10 രൂപ



ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ

ഏപ്രിൽ 2022


ഏപ്രിൽ 24ന്
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
മാർ ജോർജ് ഞറളക്കാട്ട് പിതാവിനും
മാർ ജോർജ് വലിയമറ്റം പിതാവിനും
അതിരൂപത കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 ഏപ്രിൽ 2022 ലക്കം 04

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. ഇടയലേഖനം ........ 05
2. സർക്കുലർ - സ്ഥാനാരോഹണം ........ 12
3. സർക്കുലർ- ദൈവവിളിവാരം ........ 16
4. സർക്കുലർ ........ 20
5. കച്ചേരിക്കാര്യം ........ 23
6. അനുസ്മരണം-ഫാ. തോമസ് അരീക്കാട്ട് ........ 28
7. സെമിനാരി വാർത്തകൾ ........ 32
8. വിശ്വാസപരിശീലനം ........ 34
9. കുടുംബ കൂട്ടായ്മ ........ 42
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 44
11. ചെറുപുഷ്പ മിഷൻലീഗ് ........ 47
12. തിരുബാലസഖ്യം ........ 53
13. യുവജനശുശ്രൂഷ ........ 56
14. കുടുംബപ്രേഷിതത്വം ........ 61
15. വിദ്യാഭ്യാസ ഏജൻസി ........ 67
16. വിമൽജ്യോതി വാർത്തകൾ ........ 73
17. സാൻജോസ് അക്കാഡമി ........ 75
18. ഇൻഫാം വാർത്തകൾ ........ 78
19. എ.കെ.സി.സി. ........ 80
20. നിർമലഗിരി വാർത്തകൾ ........ 81
21. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ........ 83
22. മദ്യവിരുദ്ധ പ്രസ്ഥാനം ........ 85
23. ADAM ........ 87
24. ഏയ്ഞ്ചൽ ട്രസ്റ്റ് ........ 89
25. സാമൂഹ്യസേവനവേദി ........ 91
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 95
27. Programme of the Archbishop Mar George Njaralakatt ........ 98
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 100
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 102
30. Programme of the Archbishop Designate Mar Joseph Pamplany... 106

Prot. No.167 /2022, Pastoral Letter No. 01/2022

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

2022 ഏപ്രിൽ 20-ാം തീയതിയോടെ ഞാൻ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന സ്ഥാനത്ത് നിന്ന് വിരമിക്കുകയാണ്. കഴിഞ്ഞ ഏഴരവർഷങ്ങൾ തലശ്ശേരി അതിരൂപതയ്ക്ക് ശുശ്രൂഷ ചെയ്യുവാൻ എളിയവനായ എന്നെ നിയോഗിച്ച ദൈവത്തിന് നന്ദി പറയുന്നു. ദീർഘനാളുകൾ രൂപതയ്ക്ക് ശുശ്രൂഷ ചെയ്ത മഹാ വ്യക്തിത്വങ്ങളായ അഭിവന്ദ്യരായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനും അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിനുശേഷം ഇനിയും അതിരൂപതയെ ദീർഘനാൾ നയിക്കുവാൻ നിയോഗിക്കപ്പെട്ട അഭിവന്ദ്യ ജോസഫ് പാംപ്ലാനിപിതാവിനും ഇടയ്ക്കൊരു 'കണ്ണിയായി' ഞാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടു.

2010 ഏപ്രിൽ 7-ന് മണ്ഡ്യാ രൂപതയുടെ പ്രഥമ മെത്രാനായപ്പോൾ അതിനെ ഞാൻ ആത്മാർത്ഥമായി സ്നേഹിച്ചു. എന്നെയും എനിക്കുള്ള സർവ്വവും മണ്ഡ്യയ്ക്കുവേണ്ടി വ്യയം ചെയ്തു. അവിടെത്തന്നെ ജീവിതാവസാനം വരെ തുടരണമെന്ന് ആഗ്രഹിച്ചു. തലശ്ശേരി അതിരൂപതയിലേയ്ക്ക് വരണമെന്ന് ഒരിക്കലും ആഗ്രഹമില്ലായിരുന്നു. എന്നാൽ 2014 ഓഗസ്റ്റ് മാസത്തിലെ സിനഡിലെ പിതാക്കന്മാരിലൂടെ ദൈവഹിതം മറ്റൊന്നാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻഅതിന് കീഴ്വഴങ്ങി. അങ്ങനെ 2014 ഒക്ടോബർ 30-ന് തലശ്ശേരിയിൽ എത്തി. ഏഴര വർഷങ്ങൾ പിന്നിട്ടു. അന്ന് സ്ഥാനാരോഹണവേളയിൽ ഞാൻ

പറഞ്ഞു: 'അതിരൂപതയിലെ ദൈവജനം മുഴുവന്റെയും പ്രാർത്ഥന യിലും സഹകരണത്തിലും വിശ്വാസമർപ്പിച്ച് ഞാൻ വരുന്നു.' 'യജമാനനോ അധികാരിയോ ആയല്ല, ദാസനും ശുശ്രൂഷകനുമായിട്ടാണ്' ഞാൻ തലശ്ശേരി അതിരൂപതയുടെ അദ്ധ്യക്ഷപദവിയിലേയ്ക്ക് വന്നത്.! ദൈവജനം ഈ കാലഘട്ടത്തിൽ എന്നോട് ചേർന്ന് നിന്നു, ഞാൻ അവരോടും. അവരുടെ എല്ലാ ആവശ്യങ്ങളിലും ഞാൻ കൂടെ ഉണ്ടായിരുന്നു. ദൈവജനം അതു മനസ്സിലാക്കി എന്നെ ഉൾക്കൊണ്ടു, സ്നേഹിച്ചു. ഞാൻ എവിടെച്ചെന്നാലും ആ സ്നേഹത്തിന്റെ പ്രതികരണങ്ങൾ പ്രകടമായിരുന്നു. തമ്പുരാന്റെ കൃപ എന്നല്ലാതെ എന്താണു പറയുക!! അവിടുത്തെ കാരുണ്യത്തിന്റെ, പരിപാലനയുടെ മുമ്പിൽ ശിരസ്സ് നമിക്കട്ടെ. ഈ കാലഘട്ടത്തിൽ ദൈവം എന്നെ അത്ഭുതാവഹമായി നയിച്ചു. ഞാനും ആത്മാർത്ഥമായി തലശ്ശേരി അതിരൂപതയെയും ദൈവജനത്തെയും സ്നേഹിച്ചു. ദാസനും ശുശ്രൂഷകനുമായി വന്ന ഈശോയാണ് എന്റെ ഗുരുവും നാഥനും. ഈ ഈശോ എന്റെ ഹൃദയഭാവമായി പണ്ടേമാറിയിരുന്നു. അതിനാൽത്തന്നെ നിങ്ങളുടെ മധ്യേ ദാസനും ശുശ്രൂഷകനുമായി ഇടപെടുവാനാണ് ഞാൻ ശ്രമിച്ചിരുന്നത്. ചെയ്യേണ്ടതെല്ലാം നിറവേറ്റി കഴിഞ്ഞ് പ്രയോജനരഹിതനായ ദാസൻ എന്ന നിലയിൽ പിന്മാറണമെന്ന ഗുരുവചനം എപ്പോഴും എന്റെ മനസ്സിലുണ്ട്.

വൈദികനാകണം, അതും മിഷനറി വൈദികനാകണം-എന്ന ചിന്ത കുഞ്ഞുന്നാൾമുതൽ എന്നിലുണ്ടായിരുന്നു. അത് ദൈവഹിതമാണെന്നറിഞ്ഞ് സന്തോഷത്തോടെ സ്വീകരിച്ചു. പിന്നീട് കിട്ടിയ പദവികളും, സ്ഥാനമാനങ്ങളും, മേൽപ്പട്ടശുശ്രൂഷകളുമെല്ലാം ദൈവം കനിഞ്ഞ് നല്കിയ താലന്തുകൾമാത്രം. വർദ്ധിപ്പിക്കാൻ പരമാവധി ശ്രമിച്ചു. ചെറിയകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവനെ വലിയ കാര്യങ്ങൾ ഏൽപ്പിക്കുമെന്ന ദൈവവചനം എന്നിൽ ഏറെ അന്വർത്ഥമായി. പൗരോഹിത്യത്തിന്റെ അൻപതുവർഷങ്ങളും, മേൽപ്പട്ടശുശ്രൂഷയുടെ പന്ത്രണ്ട് വർഷങ്ങളും പിന്നിടുമ്പോൾ നല്ല ഈശോ കൈപിടിച്ചു നടത്തിയെന്നതാണ് സത്യം. അവിടുത്തേയ്ക്ക് നന്ദി, ആരാധന. തുടർന്നും അവിടുന്ന് എന്നെ നയിക്കട്ടെ.

തലശ്ശേരിയിൽ കടന്നുവന്നപ്പോൾ എന്റെ മുന്നോടികളായിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെയും അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെയും മാതൃകകളും പ്രചോദനങ്ങളും

എന്റെ മുമ്പിലുണ്ടായിരുന്നു. അവർ കൈമാറിത്തന്ന പൈതൃകം അഭംഗുരം കാത്തുസൂക്ഷിക്കാൻ ഞാൻ ശ്രമിച്ചു. രണ്ട് പിതാക്കന്മാരെയും ഏറെ കൃതജ്ഞതയോടെ സ്മരിക്കുന്നു. എന്നെ 1963-ൽ സെമിനാരിയിൽ സ്വീകരിച്ചതും തുടർന്ന് 1971 ഡിസംബർ 20-ന് പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തിയതും അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവാണ്. പിതാവിന്റെ ജീവിത മാതൃകയും കഠിനാദ്ധ്വാനവും പ്രോത്സാഹനങ്ങളും സഹായങ്ങളും എന്നും പ്രചോദനാത്മകമായിരുന്നു. പിതാവിന്റെ സജീവ സ്മരണയ്ക്ക് മുമ്പിൽ ശിരസ്സ് നമിക്കുന്നു. 2010 ഏപ്രിൽ ഏഴിന് എന്നെ മേൽപ്പട്ടപദവിയിലേയ്ക്ക് ഉയർത്തിയത് അഭിവന്ദ്യ ജോർജ് വലിയമറ്റംപിതാവും, അഭിവന്ദ്യ ജേക്കബ്ബ് തൂങ്കുഴിപിതാവും, അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവുമാണ്. അവരെയെല്ലാം ആദരവോടെ സ്മരിക്കുന്നു. 2014 ഒക്ടോബർ 30-ന് തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ പദവിയിലേയ്ക്ക് എന്നെ ഉയർത്തിയ അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിനെയും ഏറെ സ്നേഹത്തോടെ ഓർക്കുന്നു. അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ സജീവ സാന്നിദ്ധ്യം വലിയ സഹായമായിരുന്നു. ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുള്ള വലിയമനസ്സിന്റെ ഉടമയാണ് പിതാവ്. പിതാവിന്റെ സാന്നിദ്ധ്യത്തിനും സഹകരണത്തിനും പ്രത്യേകം നന്ദിപറയുന്നു. 2017- നവംബർ 8 മുതൽ ഇന്നുവരെ സഹായമെത്രാൻ എന്ന നിലയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് എപ്പോഴും എനിക്ക് സഹായകനും ബലവുമായി കൂടെയുണ്ടായിരുന്നു. ഭാവിയിൽ നമ്മുടെ അതിരൂപതയെ നയിക്കുന്നതിന് പാംപ്ലാനി പിതാവിനെത്തന്നെ ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. നമ്മുടെ അതിരൂപതയെ നയിക്കുവാൻ എന്തുകൊണ്ടും അർഹനായ വ്യക്തിയാണ് പാംപ്ലാനി പിതാവ്. പിതാവിന് നമ്മുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും വാഗ്ദാനം ചെയ്യുന്നു.

നമ്മുടെ അതിരൂപതയെ മറ്റു രൂപതകളിൽനിന്ന് ഏറെ വ്യത്യസ്തമാക്കുന്നത് നമ്മുടെ വൈദികരുടെയും സമർപ്പിതരുടെയും അൽമായ സമൂഹത്തിന്റെയും ശക്തമായ കൂട്ടായ്മയാണ്. ദൈവം പ്രത്യേകമായി നമുക്കു തന്ന വരദാനങ്ങളാണ് നമ്മുടെ വൈദികർ. പൗരോഹിത്യത്തെ വിലമതിക്കുകയും എന്നും പിതാക്കന്മാരോടും ദൈവജനത്തോടും ചേർന്ന് നിൽക്കുകയും കുടിയേറ്റ ജനതയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്ന വൈദികരാണ് നമ്മുടെ ശക്തി. ബഹുമാനപ്പെട്ട അച്ചന്മാർ കഴിഞ്ഞ ഏഴര വർഷങ്ങ

ളിൽ എന്നോട് ഏറെ സഹകരിച്ചു, എന്നെ സ്നേഹിച്ചു. ഞാനും അവരോട് പക്ഷഭേദമെന്യേ ഇടപെടുകയും അവരെ എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്തു. നിങ്ങളെ ഓർത്തു ഞാൻ അഭിമാനിക്കുന്നു, നിങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. എന്റെ പ്രാർത്ഥനയിൽ നിങ്ങൾ എപ്പോഴും ഉണ്ടായിരിക്കും. ഇത്തരുണത്തിൽ മൺമറഞ്ഞുപോയ എല്ലാ വൈദികരുടെയും ദീപ്തസ്മരണയ്ക്കുമുമ്പിൽ ശിരസ്സ് നമിക്കുന്നു.

രൂപതയുടെ ആരംഭംമുതലേ സന്യാസികളും സന്യാസിനികളും രൂപതയോടു ചേർന്ന് നിന്ന് പ്രവർത്തിച്ചുവരുന്നു. വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലുമായുള്ള അവരുടെ സേവനങ്ങളെ സ്നേഹത്തോടെ ഓർക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ ഈ സന്യാസസമൂഹങ്ങളെ നയിച്ച മേജർ സുപ്പീരിയർമാർക്കും ലോക്കൽസുപ്പീരിയേഴ്സിനും ഇപ്പോൾ നേതൃത്വം നൽകുന്നവർക്കും പ്രത്യേകം നന്ദി. അതിരൂപതയുടെ വിവിധ സ്ഥാപനങ്ങളിലും ഓഫീസുകളിലും പ്രത്യേക സേവനം ചെയ്ത എല്ലാവർക്കും ഹൃദയംഗമമായ നന്ദി. നിങ്ങളുടെ പ്രാർത്ഥനയും സഹായങ്ങളും സഹകരണവും നേതൃത്വങ്ങളും ശുശ്രൂഷകളുമെല്ലാം രൂപതയ്ക്കു വലിയ മുതൽക്കൂട്ടായിരുന്നു. രൂപതയുടെ പൊതുവായ നയപരിപാടികളോട് തുറന്നമനസ്സോടെ നിങ്ങൾ സഹകരിച്ചിരുന്നത് സ്നേഹപൂർവ്വം സ്മരിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കുടുംബങ്ങളാണ് നമ്മുടെ ഇടവകകളുടെയും അതിരൂപതയുടെയും ബലം. അറുപത്തീരായിരത്തിൽ പരം കുടുംബങ്ങൾ നമുക്കുണ്ട്. കുടിയേറ്റത്തിന്റെ വിവിധഘട്ടങ്ങളിൽ കടന്നുവന്ന കുടുംബങ്ങൾ ഏറെയും പ്രയാസങ്ങളെയും യാതനകളെയും അതിജീവിച്ച് വളർന്നവയാണ്. നല്ല കുടുംബങ്ങളെ രൂപപ്പെടുത്തുക, കുടുംബങ്ങളെയും ഇടവകകളെയും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭംകുറിച്ച കുടുംബക്കൂട്ടായ്മകൾ ഏറെ ക്രിയാത്മകമായി പ്രവർത്തിച്ചുവരികയായിരുന്നു. കോവിഡ് മഹാമാരി ഈ സംരംഭത്തെ ദോഷമായി ബാധിക്കുകയുണ്ടായി. എന്നാൽ വീണ്ടും ഈ കുടുംബക്കൂട്ടായ്മകളെ ശക്തിപ്പെടുത്തുവാൻ ഒറ്റക്കെട്ടായി പരിശ്രമിക്കണം. രൂപതയുടെ എല്ലാപരിപാടികളോടും തികഞ്ഞ സഹകരണമാണ് നമ്മുടെ കുടുംബങ്ങൾ കാണിക്കുന്നത്. നമ്മുടെ ജീവകാരുണ്യ നിധിയിലേയ്ക്കുള്ള സംഭാവനകൾതന്നെ ഇതിന് ഉദാഹരണമാണ്. നമ്മുടെ അതിരൂപതയ്ക്കുമാത്രമല്ല മറ്റ് രൂപതകൾക്കും സന്യാസസമൂഹ

ങ്ങൾക്കും ആവശ്യമായ ദൈവവിളികൾ നമ്മുടെ കുടുംബങ്ങളിൽനിന്നു ലഭിക്കുന്നുണ്ട്. രൂപതയിലെ വിവിധ സംഘടനകൾക്കും പ്രസ്ഥാന ങ്ങൾക്കും സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക രംഗത്തെ പ്രവർത്ത നങ്ങൾക്കും നേതൃത്വം നല്കുന്ന പ്രഗത്ഭരായ ധാരാളം നേതാക്ക ന്മാർ നമ്മുടെ കുടുംബങ്ങളിൽ നിന്നുള്ളവരാണ്: അതിരൂപതയുടെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിച്ച് കടന്നുപോയ പൂർവ്വികരെയും ഇപ്പോൾ നേതൃത്വനിരയിലുള്ള എല്ലാ അല്മായരേയും സ്നേഹ ത്തോടെ ഓർക്കുന്നു. വിശ്വാസ പരിശീലനരംഗത്ത് ത്യാഗപൂർവ്വക മായ സേവനം അനുഷ്ഠിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും അഭി നന്ദനങ്ങൾ. നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യമാക്കി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ അദ്ധ്യാപകർക്കും മറ്റ് ശുശ്രൂഷകർക്കും കൃതഞ്ജതാനിർഭരമായ അനുമോദനങ്ങൾ.

അഭിവന്ദ്യ പിതാക്കന്മാരോടും വൈദിക-സന്യാസ സമൂഹ ത്തോടും ചേർന്ന് നിന്ന് നമ്മുടെ അതിരൂപതയുടെ ഉന്നമനത്തിനായി യത്നിച്ചിട്ടുള്ള ഒരു ശക്തിയാണ് നമ്മുടെ അല്മായ സമൂഹങ്ങൾ. വിവിധ പ്രസ്ഥാനങ്ങളിലൂടെയും സംഘടനകളിലൂടെയും ഔദ്യോഗിക സമിതികളിലെ അംഗത്വത്തിലൂടെയും നിങ്ങൾ തന്നിട്ടുള്ള സഹകര ണത്തിനും നേതൃത്വത്തിനും പ്രത്യേകം നന്ദി. അതിരൂപതയ്ക്കും ഇട വകകൾക്കും പ്രസ്ഥാനങ്ങൾക്കുംവേണ്ടി തങ്ങളുടെ സമയവും സമ്പത്തും ആരോഗ്യവും കഴിവുകളും വ്യയം ചെയ്ത കൈക്കാരന്മാർ, കോ-ഓഡിനേറ്റർമാർ, പാരീഷ്കൗൺസിൽ അംഗങ്ങൾ, വിവിധ സംഘ ടനകളുടെ ശാഖാ, ഫൊറോന, അതിരൂപതാ ഭാരവാഹികൾ, വിശ്വാ സപരിശീലകർ, ദൈവാലയ ശുശ്രൂഷികൾ, പാരീഷ് സെക്രട്ടറിമാർ, കണക്കന്മാർ എന്നിവരെയെല്ലാം സ്നേഹത്തോടെ സ്മരിക്കട്ടെ. രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക രംഗത്തെ നമ്മുടെ പ്രഗത്ഭരായ ജനപ്രതിനിധികൾക്കും നേതാക്കന്മാർക്കും അഭിനന്ദനങ്ങൾ. അതിരൂ പതയ്ക്കും പ്രസ്ഥാനങ്ങൾക്കുംവേണ്ടി സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ച് മൺമറഞ്ഞുപോയ ശ്രീ. ദേവസ്യ കൊങ്ങോല, ജയ്സൺ മർക്കോസ്, അഡ്വ. ജോർജ് മേച്ചേരി തുടങ്ങിയവർക്കും മരിച്ചുപോയ എല്ലാ അല്മായ നേതാക്കൾക്കും ആദരാഞ്ജലികൾ! ഈ കാലഘട്ട ത്തിൽ വിവിധ രംഗങ്ങളിലെ നേതൃത്വവുമായി നല്ല ബന്ധങ്ങൾ കാത്തു സൂക്ഷിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ വിശ്വാസത്തെയും പാരമ്പര്യ ങ്ങളേയും സഭാപ്രബോധനങ്ങളേയും മുറുകെ പിടിച്ചുകൊണ്ട് തന്നെ എല്ലാവരുമായി സൗഹൃദം സൂക്ഷിക്കുവാൻ കഴിഞ്ഞുവെന്ന കാര്യം സന്തോഷത്തോടെ ഓർക്കുന്നു.

കഴിഞ്ഞ ഏഴര വർഷങ്ങളിലെ എന്റെ മേൽപ്പട്ട ശുശ്രൂഷയിൽ എന്നോടൊപ്പം നിന്ന് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്ന് സഹായിച്ച അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, പ്രസ്ബിറ്ററൽ കൗൺസിൽ, അതിരൂപതാ ആലോചനസമിതി, ഫൊറോനാ വികാരി മാരുടെ കൂട്ടായ്മ, അതിരൂപതാ ഫൈനാൻസ് കമ്മിറ്റി, അതിരൂപതാ നിർമ്മാണ കമ്മിറ്റി, മറ്റ് വിവിധ കമ്മിറ്റികളിലെ അംഗങ്ങൾ എന്നിവ രോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു. 2017 നവംബർ മാസത്തിൽ അതിരൂപതയിൽ നടത്തപ്പെട്ട അതിരൂപതാ അസംബ്ലി നമുക്ക് പുതിയ ഉണർവ്വും ദിശാബോധവും പകർന്നു. 2027-28 ആകുമ്പോഴേക്കും സമാ ഗതമാകുന്ന കുടിയേറ്റത്തിന്റെ ശതാബ്ദിയും രൂപതയുടെ പ്ലാറ്റിനം ജൂബിലിയും മുന്നിൽ കണ്ട് അതിരൂപതാ അസംബ്ലി തയ്യാറാക്കിയ ദശവർഷ പദ്ധതികൾ നമ്മുടെ അജപാലന ശുശ്രൂഷകൾക്ക് പുതിയ ഉണർവ്വ് നല്കുകയുണ്ടായി. ബിഷപ്പ് വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതി, 2017 ലെ അസംബ്ലി, 19-ലെ ഉത്തരമലബാർ കർഷകപ്രക്ഷോഭം, കരുവഞ്ചാൽ ഹോസ്പിറ്റൽ, ഏയ്ഞ്ചൽ ഡയാലിസിസ്, കുടുംബക്കൂ ട്ടായ്മകൾ, സാൻജോസ് അക്കാദമി, SiFAM തുടങ്ങിയവ യാഥാർത്ഥ്യമാ ക്കിയവർക്ക് ആത്മാർത്ഥമായ നന്ദി.

2014 നവംബർ മുതൽ ഇന്നുവരെ എന്നോട് ഏറ്റം അടുത്തുനിന്ന് സഹകരിക്കുകയും സഹായിക്കുകയും ഉപദേശങ്ങളിലൂടെയും നിർദ്ദേ ശങ്ങളിലൂടെയും നേതൃത്വം നല്കുകയും ചെയ്ത ബഹു. ജനറാളച്ച ന്മാർ, ചാൻസലർമാർ, പ്രൊക്കുറേറ്റർമാർ, അതിരൂപതാ കോടതിയിലെ വൈദികർ, സെക്രട്ടറിമാർ, വിവിധ സംഘടന-പ്രസ്ഥാനങ്ങളുടെ അതി രൂപതാ ഡയറക്ടർമാർ, സെമിനാരിയിലെ വൈദികർ, എസ്റ്റേറ്റ് മാനേ ജർമാർ, രൂപതാ ഓഫീസുകളിലെ ശുശ്രൂഷകർ, ബിഷപ്സ് ഹൗസിലെ സഹായികൾ എല്ലാവരെയും ഏറെ കൃതജ്ഞതയോടെ അനുസ്മരി ക്കുന്നു. നിങ്ങളുടെ കഠിനമായ അദ്ധ്വാനങ്ങളാണ് എന്റെ മേല്പ്പട്ടശുശ്രൂ ഷയെ എളുപ്പമാക്കിയത്. ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി. കഴിഞ്ഞ ഏഴര വർഷം എന്റെ സന്തതസഹചാരിയും യാതൊരു അപകടവും വരാതെ എന്നെ കൊണ്ടുനടന്ന പ്രിയപ്പെട്ട വിപിനും പ്രത്യേകം നന്ദി. വിപിനെയും കുടുംബത്തെയും ദൈവം അനുഗ്രഹിക്കട്ടെ.

എന്റെ പൗരോഹിത്യ- മേല്പ്പട്ട ശുശ്രൂഷകളുടെ ഔദ്യോഗിക കാലം അവസാനിക്കുമ്പോൾ എന്നെ ഞാനാക്കാൻ സഹായിച്ച എന്റെ മാതാപിതാക്കൾ, മരിച്ചുപോയ എന്റെ സഹോദരനും കുടുംബവും,

എന്റെ ഏകസഹോദരിയും കുടുംബവും, മറ്റ് കുടുംബാംഗങ്ങൾ, അധികാരികൾ, പരിശീലകർ, സഹപ്രവർത്തകർ, ഉപകാരികൾ, എല്ലാവർക്കും ഹൃദ്യമായ നന്ദി. സാമന്തരൂപതകളിലെയും മലബാറിലെയും കേരള സഭയിലെയും എല്ലാ പിതാക്കന്മാർക്കും ആത്മാർത്ഥമായ കൃതഞ്ജത. തലശ്ശേരി, മാനന്തവാടി, ഭദ്രാവതി, മണ്ഡ്യാ രൂപതകളിലെ എന്റെ പ്രിയപ്പെട്ട എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി.

നല്ല ദൈവം എപ്പോഴും എന്നെ നയിച്ചു. എനിക്ക് ഏറെ കുറവുകളുണ്ടായിരുന്നിട്ടും സ്നേഹത്തോടെ എന്നെ വഴിനടത്തി. അവിടുത്തേയ്ക്ക് ആരാധനാ-നന്ദി. പരി. കന്യകാമറിയം എനിക്കെന്നും സ്വന്തം അമ്മയായിരുന്നു. എന്റെ എല്ലാക്കാര്യങ്ങളും എനിക്കായി ക്രമീകരിച്ച ശക്തി. അമ്മ തുടർന്നും എന്നെ കാത്തുകൊള്ളും. നമ്മുടെ അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവ് എന്നും നമുക്ക് മധ്യസ്ഥനായിരുന്നു, ബലമായിരുന്നു. അതിരൂപതയെ വീണ്ടും അങ്ങേയ്ക്ക് ഏല്പ്പിക്കുമ്പോൾ പുതിയ പിതാവിനെ ശക്തിപ്പെടുത്തുന്നതിനൊപ്പം രൂപതയേയും ബലപ്പെടുത്തണമെ.

എന്റെ ശിഷ്ടകാലം ദൈവഹിതാനുസരണം ജീവിക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കുമല്ലോ. എന്റെ പ്രാർത്ഥനയിലും സ്നേഹചിന്തകളിലും തലശ്ശേരി അതിരൂപതയും നിങ്ങളോരോരുത്തരും എപ്പോഴും ഉണ്ടായിരിക്കും. സർവ്വശക്തനായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിങ്ങളെവരെയും ഞാൻ ആശീർവദിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
26-03-2022

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2022 ഏപ്രിൽ മാസം 10-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

**Prot. No. 166 / 22 സർക്കുലർ നമ്പർ 08/ 2022**

## സർക്കുലർ

## സ്ഥാനാരോഹണവും യാത്രയയപ്പും

ആദരണീയരായ വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരി സഹോദരന്മാരേ,

തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിലെ മറ്റൊരു സന്തോഷമുഹൂർത്തം കൂടി സമാഗതമാവുകയാണ്. ദൈവം തന്റെ പ്രിയപ്പെട്ട ജനതയായ നമ്മെ നയിക്കാനായി പുതിയ ഇടയനെ നല്കിയിരിക്കുന്നു. തലശ്ശേരി അതിരൂപതയുടെ നാലാമത്തെ സാരഥിയായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഏപ്രിൽ മാസം 20-ാം തീയതി സ്ഥാനമേറ്റെടുക്കുകയാണ്. കഴിഞ്ഞ 8 വർഷക്കാലം തലശ്ശേരി അതിരൂപതയെ കൃപയോടെ നയിച്ച മാർ ജോർജ് ഞറളക്കാട്ട് പിതാവ് അതിരൂപതാദ്ധ്യക്ഷ സ്ഥാനത്തുനിന്ന് അന്ന് ഔദ്യോഗികമായി വിരമിക്കുകയും ചെയ്യും.

സ്ഥാനാരോഹണ ചടങ്ങും വി. കുർബ്ബാനയും തുടർന്ന് പൊതുസമ്മേളനവും 20-ാം തീയതി രാവിലെ 8.45 മണിക്ക് തലശ്ശേരി കത്തീഡ്രൽ ഗ്രൗണ്ടിൽ വിശിഷ്ടാതിഥികൾക്ക് നല്കുന്ന സ്വീകരണത്തോടെ ആരംഭിക്കും. 9.00 മണിക്ക് മേജർആർച്ചുബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സ്ഥാനാരോഹണ ചടങ്ങുകൾ ആരംഭിക്കും. തുടർന്ന് പുതിയ മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കും. സീറോ മലങ്കര സഭാദ്ധ്യക്ഷൻ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, വചനസന്ദേശം നൽകും. 11.30ന് മാർ ജോർജ് ഞറളക്കാട്ട് പിതാവിന് യാത്രാമംഗളങ്ങൾ നേരാനും മാർ ജോസഫ് പാംപ്ലാനി പിതാവിനെ അനുമോദിക്കുവാനുമുള്ള പൊതുസമ്മേളനം ആരംഭിക്കും. മേജർആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവ് അദ്ധ്യക്ഷത വഹിക്കും. ഭാരതകത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റും മുംബൈ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഭാരതത്തിലെ അപ്പസ്തോലിക് ന്യൂൺഷ്യോ, ആർച്ചുബിഷപ്പ് ലിയോപോൾദോ ജിറേല്ലി പിതാവ് മുഖ്യപ്രഭാഷണം നടത്തും. മത-രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിലെ പ്രമുഖർ ആശംസകൾ അർപ്പിച്ച് സംസാരിക്കും.

ചടങ്ങുകളെക്കുറിച്ച് ആലോചിക്കാൻ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, പ്രെസ്ബിറ്ററൽ കൗൺസിൽ എന്നിവ ചേർന്നിരുന്നു. വിശിഷ്ടാതിഥികൾ, പങ്കെടുക്കേണ്ടവരുടെ എണ്ണം തുടങ്ങിയവയെ സംബന്ധിച്ച് ഈ സമിതികളിൽ ചർച്ചചെയ്ത് പൊതുധാരണയിൽ എത്തിയിട്ടുണ്ട്. പ്രാതിനിധ്യ സ്വഭാവത്തിൽ ദൈവജനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതനുസരിച്ച് ഓരോ ഇടവകയിൽ നിന്നും വൈദികരെ കൂടാതെ പത്തുപേർക്ക് വീതം ചടങ്ങിൽ പങ്കെടുക്കാം. കോഡിനേറ്റർ, കൈക്കാരന്മാർ, സന്യാസ സഹോദരിമാരുടെ പ്രതിനിധികൾ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, പാരീഷ് സെക്രട്ടറി, ദൈവാലയ ശുശ്രൂഷി തുടങ്ങിയവർക്ക് മുൻഗണന നല്കാം. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സ്കൂളുകളിലെ പ്രധാനാധ്യാപകർ, അതിരൂപതയിലെ സന്യാസ ഭവനങ്ങളിലെ വൈദികർ, സംഘടനകളുടെ അതിരൂപതാ ഭാരവാഹികൾ എന്നിവർ പ്രത്യേക ക്ഷണിതാക്കളാണ്.

ചടങ്ങുകൾ ലളിതമായി നടത്തണമെന്ന അഭിവന്ദ്യ പിതാവിന്റെ ആഗ്രഹപ്രകാരവും, ഇരിപ്പിടം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കുന്നതിനുള്ള പ്രായോഗികതയും കണക്കിലെടുത്താണ് പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. ചടങ്ങുകളുടെ തത്സമയ സംപ്രേഷണം ഷെക്കെയ്ന ചാനലിലും അതിരൂപതയുടെ ഔദ്യോഗിക ഓൺലൈൻ ചാനലായ 'ടെൽ മീ'യിലും ലഭ്യമാകുന്നതാണ്. പള്ളികളിൽ ആളുകൾക്ക് ഒന്നിച്ചിരുന്ന് ഓൺലൈൻ സംപ്രേഷണം വീക്ഷിക്കാനുള്ള സൗകര്യങ്ങൾ ചെയ്യുന്നത് നന്നായിരിക്കും.

അതിരൂപതയിലെ മുഴുവൻ വൈദികരും സ്ഥാനാരോഹണ ചടങ്ങുകൾക്ക് ആമുഖമായുള്ള പ്രദക്ഷിണത്തിൽ പങ്കെടുക്കുവാൻ രാവിലെ 8.30-ന് സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ എത്തി തിരുവസ്ത്രങ്ങളണിഞ്ഞ് തയ്യാറായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകയിൽനിന്നുള്ള എല്ലാ പ്രതിനിധികളും ഒന്നിച്ച് വലിയ ഒരു വാഹനത്തിൽ വരുന്നത് പാർക്കിങ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് സഹായിക്കും. പാർക്കിങ്ങിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ പിന്നീട് അറിയിക്കുന്നതാണ്.

കഴിഞ്ഞ ഏഴരവർഷക്കാലം തലശ്ശേരി അതിരൂപതയെ ധീരമായി നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിലൂടെ അതിരൂപ

തയ്ക്കും നമുക്കോരോരുത്തർക്കും ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതിനുള്ള അവസരമാണിത്. പിതാവിന്റെ തുടർന്നുള്ള ജീവിതകാലം സന്തോഷവും സമാധാനവും ദൈവകൃപയും നിറഞ്ഞ് ഊർജ്ജസ്വലതയോടെ മുന്നേറാനായി പിതാവിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പുതിയ അതിരൂപതാദ്ധ്യക്ഷനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. പണ്ഡിതനും പരിചയസമ്പന്നനും പ്രഗത്ഭനുമായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വലിയ ഒരു അതിരൂപതയുടെ ഭരണ നിർവ്വഹണ ചുമതല ഏറ്റെടുക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയുടെ പിൻബലം പിതാവിന് നല്കാം. അനുദിനപ്രാർത്ഥനകളിൽ പിതാവിനെ അനുസ്മരിക്കാം. ഏപ്രിൽ 20-ന് നടക്കുന്ന ചടങ്ങുകളുടെ വിജയത്തിനായും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
സിഞ്ചെല്ലൂസ്

**ഫാ. അലക്സ് താരാമംഗലം**
സിഞ്ചെല്ലൂസ്

തലശ്ശേരി
25-03-2022

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ഏപ്രിൽ 10-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

# പ്രത്യേക അറിയിപ്പ്

1. എല്ലാ വൈദികരും കാപ്പ ഉൾപ്പെടെയുള്ള തിരുവസ്ത്രങ്ങൾ കൊണ്ടുവരണം. എല്ലാവരും പ്രദക്ഷിണത്തിൽ പങ്കെടുക്കാൻതക്ക വിധത്തിൽ 8.30-ന് മുമ്പ് എത്തിച്ചേരണം. സാധിക്കുന്നവരെല്ലാം ചുവന്ന ബോർഡറുള്ള ഗോൾഡൻ കാപ്പ കൊണ്ടുവരുന്നത് നന്നായിരിക്കും.

2. വൈദികർക്ക് കൃത്യസമയത്ത് തലശ്ശേരിയിൽ എത്തിച്ചേരുന്നതിനുവേണ്ടി പള്ളികളിൽ ഏപ്രിൽ 20-ന് വി. കുർബാന വേണ്ടെന്നുവയ്ക്കുകയോ വൈകുന്നേരത്തേയ്ക്ക് മാറ്റി വയ്ക്കുകയോ ചെയ്യാം.

3. സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലാണ് വൈദികർക്ക് തിരുവസ്ത്രങ്ങൾ അണിയാനുള്ള ക്രമീകരണം ചെയ്തിരിക്കുന്നത്.

4. എല്ലാ ഇടവകകളിലും നോട്ടീസ് ബോർഡിൽ ഇടാനുള്ള പോസ്റ്ററുകൾ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. അവ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പൊതുജനങ്ങളുടെ അറിയിപ്പിലേക്ക് ഇടവകയിലെ പ്രധാനസ്ഥലങ്ങളിൽ ബാനറുകൾ സ്ഥാപിക്കുന്നത് ഉചിതമാണ്. ഏപ്രിൽ 19, 20 തീയതികളിൽ വീടുകളിലും പേപ്പൽ പതാക സ്ഥാപിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

5. എല്ലാ വാഹനങ്ങളും കോടതി ജംഗ്ഷൻ വഴി വന്ന് വിമലാ പ്രസ്സിനുമുമ്പിൽ ആളെ ഇറക്കുക. അവിടെ നിന്ന് പാർക്കിംങ് സ്ഥലങ്ങളിലേക്ക് വാഹനങ്ങൾ തിരിച്ചു വിടുന്നതാണ്.

6. കത്തീഡ്രൽ കോമ്പൗണ്ടിനുള്ളിൽ പാർക്കിംങ് സൗകര്യവും ഉണ്ടായിരിക്കുന്നതല്ല.

7. പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും കുടിവെള്ളവും ഉച്ചഭക്ഷണവും ക്രമീകരിച്ചിട്ടുണ്ട്.

8. തലശ്ശേരിയിലേയ്ക്ക് വരുന്ന വാഹനങ്ങളിൽ പേപ്പൽ പതാക കെട്ടുന്നത് ഉചിതമാണ്.

9. കൃത്യസമയത്ത് എത്തിച്ചേരാനും എല്ലാ പരിപാടികളും കഴിഞ്ഞു മാത്രം പോകാനും സാന്നിധ്യംകൊണ്ട് പരിപാടികൾ വിജയിപ്പിക്കാനും സഹകരിക്കുമല്ലോ.

**Prot. No168/ 22 സർക്കുലർ നമ്പർ 09/ 2022**

# ദൈവവിളി വാരം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സ്നേഹിക്കുന്നുവെന്നും മനുഷ്യകുലത്തെ തന്റെ പുത്രനിലൂടെ അവിടുന്ന് രക്ഷിച്ച് വിശുദ്ധീകരിച്ചുവെന്നും സഭയുടെ കൂദാശകളിലൂടെ പരിശുദ്ധാത്മ വരപ്രസാദം ലോകാവസാനത്തോളം തുടരുന്നുവെന്നും നമുക്കറിയാം. ക്രൈസ്തവ വിശ്വാസം അനുസരിച്ച് ഓരോ വ്യക്തിയും ജീവന്റെ പൂർണ്ണതയിലേയ്ക്ക് ദൈവത്താൽ വിളിക്കപ്പെട്ടവനാണ്. ഉല്പത്തി മുതൽ വെളിപാടുവരെ ഓരോ വാക്കിലും ദൈവം നമ്മെ വിളിക്കുന്നതായി നമുക്ക് തിരിച്ചറിയാനാവും. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലേയ്ക്ക് സ്നേഹത്തിലൂടെ തന്റെ സൃഷ്ടാവിനെ മഹത്വപ്പെടുത്താൻ ദൈവം മനുഷ്യരെ വിളിക്കുന്നു. ദൈവം വിളിക്കുമ്പോൾ ദൈവം സൃഷ്ടിക്കുന്നു, രക്ഷിക്കുന്നു, ക്ഷമിക്കുന്നു, നവീകരിക്കുന്നു. പ്രിയ പുത്രനിലൂടെ പൂർത്തിയാക്കിയ രക്ഷാകരരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ തനിക്കിഷ്ടമുള്ളവരെ ദൈവവിളികൊണ്ട് സമ്പന്നരാക്കുന്ന-മനുഷ്യകരങ്ങളിലൂടെ അത്ഭുതകരമായി പ്രവർത്തിക്കുന്ന അതിരൂപതയ്ക്ക് ധാരാളം ദൈവവിളികൾ നല്കുന്ന ദൈവത്തിന് നന്ദിപറയാനും ദൈവവിളിയുടെ പുതിയ നാമ്പുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നാം പ്രത്യേകമായി പ്രാർത്ഥിച്ചൊരുങ്ങുന്ന ദിനങ്ങളാണ് ദൈവവിളി വാരമായി നാമാഘോഷിക്കുന്നത്. ഈ വർഷം മെയ്മാസം ഒന്നു മുതൽ ഏഴുവരെയാണ് ഈ ദിനങ്ങൾ.

ജനതകൾക്ക് അനുഗ്രഹമാകുവാൻ അബ്രാഹത്തെ വിളിക്കുന്നിടത്താരംഭിക്കുന്ന ദൈവവിളി ചരിത്രം, കാലദേശങ്ങൾക്കിപ്പുറം വിശുദ്ധരായ ഇടവകാ വൈദികരിലൂടെയും സമർപ്പിത സന്യാസ ജീവിതങ്ങളിലൂടെയും തുടരുകയാണ്. ദൈവവിളി, ദൈവത്തിൽ നിന്ന് മാത്രമാണെന്നും, വിളിക്കപ്പെടുന്ന വ്യക്തിക്ക് വിളി നിരസിക്കാനോ സ്വീകരിക്കാനോ സ്വാതന്ത്ര്യമുണ്ടെങ്കിലും നിരന്തരമായ ദൈവിക ബന്ധത്തിന്റെ തുടക്കം മാത്രമാണിതെന്നും, വിളിയുടെ ലക്ഷ്യം ദൈവമനുഷ്യ ശുശ്രൂഷയാണെന്നും വിശുദ്ധഗ്രന്ഥം ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. ബൈബിളിലെ ദൈവവിളിയുടെ അനുഭവങ്ങൾ ഓരോന്നും

വ്യത്യസ്ഥമാണ്, അനന്യമാണ്. “എന്റെ ജനത്തിന്റെ വേദനയും അപമാനവും ഞാൻ അറിഞ്ഞു. അവരുടെ യജമാനന്മാർ അവർക്കെതിരേ പ്രവർത്തിച്ച അനീതിയും ക്രൂരതയും നിലവിളികളായി എന്റെ പക്കലെത്തി. അവരെ മോചിപ്പിക്കാൻ ഞാൻ താഴെയിറങ്ങി” (പുറ 3). മോശയെ വിളിച്ചപ്പോൾ ദൈവം അരുളിച്ചെയ്തത് ഇതാണ്. നിനിവേ നഗരം നാശത്തിലെത്തിയപ്പോൾ ദൈവം യോനായെ വിളിച്ചു. ഇസ്രായേലിൽ ജനത്തിന്റെ വേദന അതിരുകടന്നപ്പോളാണ് പ്രവാചകന്മാർ ജന്മമെടുത്തത്. ഈശോമിശിഹായാവട്ടെ തന്റെ ശിഷ്യന്മാരെ ദൈവരാജ്യ പ്രഘോഷണത്തിനും രോഗശാന്തിക്കുമായ് വിളിച്ച് നിയോഗിച്ചു. കാരണം അവന് തന്റെ ജനത്തിന്മേൽ അലിവുതോന്നി. “അവർ ഇടയനില്ലാത്ത അജഗണത്തെപ്പോലെയാണ് ” (മർക്കോ 6:34). അതുകൊണ്ട് ദൈവവിളികൾ മാനവകുലത്തിലെ യഥാർത്ഥ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ മറുപടികൾ തന്നെയാണ്. അന്ധർക്ക് കാഴ്ചയും ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് വിമോചനവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ വാത്സല്യപൂർവ്വം ദൈവം തിരഞ്ഞെടുക്കുന്നതാണ് ദൈവവിളി.

കേരളത്തിലെ സീറോ മലബാർ രൂപതകളിൽ ഏറ്റവും കൂടുതൽ ദൈവവിളികൾ ലഭിക്കുന്നത് നമ്മുടെ അതിരൂപതയിൽ നിന്നാണ്. ലോകമെമ്പാടും പൗരോഹിത്യ സമർപ്പിത ശുശ്രൂഷ ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട മക്കൾ ആഗോളസഭയിൽ തലശ്ശേരി അതിരൂപതയുടെ യശ്ശസുയർത്തുന്നു. ഔദാര്യപൂർവ്വം തങ്ങളുടെ മക്കളെ ഈ സ്നേഹശുശ്രൂഷയ്ക്കായ് ത്യാഗപൂർവ്വം സമർപ്പിച്ച മാതാപിതാക്കളെ നന്ദിയോടെ ഓർക്കുന്നു. ഇതര രൂപതകൾക്ക് മാതൃകയാണ് അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ. ധാരാളം ദൈവവിളികൾ നമുക്ക് ലഭിക്കുന്നതിന്റെ ചാലകശക്തി നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയാണ്. വൈദികരും സമർപ്പിതരും അല്മായ പ്രേഷിതരും വിശ്വാസപരിശീലകരും ദൈവവിളി പ്രോത്സാഹനത്തിൽ പങ്കുചേരുന്നതുകൊണ്ട് നമ്മുടെ അതിരൂപതയിൽ ഒരു ഉത്തമ ദൈവവിളി സംസ്ക്കാരം വളർന്നുവരുന്നുവെന്നത് അഭിനന്ദനാർഹമാണ്.

പ്രിയപ്പെട്ട മാതാപിതാക്കളെ, നിങ്ങളാണ് ദൈവവിളിയുടെ സംരക്ഷകർ. കൗദാശിക ജീവിതത്തിലൂടെ സഭയോട് ചേർന്ന് ദൈവവിശ്വാസത്തിലും ധാർമ്മികതയിലും അടിയുറച്ച ജീവിതം പുലർത്തുമ്പോൾ സഭാഗാത്രം ധാരാളം ദൈവവിളികൾകൊണ്ട് പൂത്തുലയും. പൗരോഹിത്യ സന്യാസജീവിതസാക്ഷ്യങ്ങളെ അഭിനന്ദിച്ചും

ആത്മാർത്ഥതയോടെ സ്നേഹിച്ചും കുറവുകളെ ക്ഷമാപൂർവ്വം സ്വീകരിച്ചും നവ ജീവിതശൈലി സ്വീകരിക്കുമ്പോൾ ഇപ്പോഴെന്നപോലെ ധാരാളം ദൈവവിളികൾ തിരുസഭയ്ക്ക് ലഭിക്കും.

ഗുരുക്കന്മാരേ, നിങ്ങളുടെ ശുശ്രൂഷയ്ക്കായ് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വയ്ക്കുന്നതിനൊപ്പം അവർ എന്തായിത്തീരുവാനും എങ്ങനെ പ്രവർത്തിക്കാനും ദൈവം ആഗ്രഹിക്കുന്നുവോ അത് കണ്ടെത്താൻ അവരെ സഹായിക്കുക നിങ്ങളുടെ ഉത്തരവാദിത്വമാണ്. കുടുംബവും വിശ്വാസപരിശീലന രംഗങ്ങളും ദൈവവിളി പ്രോത്സാഹനത്തിനായ് സർവ്വസാധ്യതകളും തുറക്കണം. ദൈവത്തിനുമാത്രം മനുഷ്യഹൃദയത്തിൽ അങ്കുരിപ്പിക്കാവുന്ന ഒരു ദൈവവിളിയെ നമ്മുടെ അശ്രദ്ധകൊണ്ടോ അപക്വമായ നിലപാടുകൾകൊണ്ടോ നഷ്ടപ്പെടരുത് എന്ന് നിങ്ങൾ ഓരോരുത്തരെയും സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കാരണം ദൈവവിളി ദൈവദാനമാണ്. അത് കണ്ടെത്തി നട്ടുനനച്ച് വളർത്തിയെടുക്കേണ്ടത് സഭയുടെ ശ്രേഷ്ഠമായ ഉത്തരവാദിത്വമാണ്.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, യുവജനങ്ങളേ, ദൈവവിളി തിരിച്ചറിയുകയെന്നതും ദൈവത്തിനായ് സ്വയം സമർപ്പിക്കുകയെന്നതും സാഹസികത നിറഞ്ഞ കാര്യമാണ്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും സഭാകൂട്ടായ്മയിലും വളർന്നുവരുമ്പോഴാണ് ദൈവവിളിയുടെ വിത്തുകൾ നിങ്ങളിൽ വേരാഴ്ത്തപ്പെടുന്നത്.

ദൈവശുശ്രൂഷയ്ക്കായ് സ്വയം സമർപ്പിക്കാനും മാനവകുലത്തിനായ് പ്രതിബദ്ധതയോടെ പ്രവർത്തിക്കാനും സഭയോടും സഭാപ്രബോധനങ്ങളോടും വിശ്വസ്തത പാലിച്ച് സാന്മാർഗ്ഗികവും ധാർമ്മികവുമായി ജീവിക്കാനുമുള്ള മാനസികവും ശാരീരികവുമായ പക്വത നിങ്ങളിൽ പരിശീലനത്തിലൂടെ രൂപപ്പെടുമ്പോൾ നിങ്ങൾ സഭയിലെ വൈദികരും സമർപ്പിതരുമായി ദൈവരാജ്യശുശ്രൂഷകൾ ആരംഭിക്കും. നാടിനും വീടിനും അനുഗ്രഹമായി മാറും. ഈ അനുഗ്രഹ വീഥിയിലേയ്ക്ക് സ്നേഹപൂർവ്വം ഞാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ ആഹ്വാനം സ്വീകരിച്ച് അവിടുത്തേയ്ക്കുവേണ്ടി സമ്പൂർണ്ണ സമർപ്പണം നടത്താനുള്ള വെല്ലുവിളി സ്വീകരിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ.

തലശ്ശേരി അതിരൂപതയിലെ ഭാവി വൈദികരുടെ പരിശീലനത്തിൽ നിങ്ങൾ നല്കുന്ന കരുതലിനും താല്പര്യത്തിനും നന്ദിപറയുന്നു. ഈ വർഷം 12 നവ വൈദികരെ നല്കി ദൈവം നമ്മുടെ രൂപതയെ അനുഗ്രഹിച്ചു. 200-ൽ അധികം വൈദികാർത്ഥികളാണ് നമ്മുടെ

മൈനർ സെമിനാരികളിലും വിവിധ മേജർ സെമിനാരികളിലും പരിശീലനം നേടുന്നത്. നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികരാകാൻ 10-ാം ക്ലാസ്സോ അതിൽ അധികമോ യോഗ്യതയുള്ള യുവാക്കളെ പ്രത്യേകമായി തലശ്ശേരി മൈനർ സെമിനാരിയിലേയ്ക്ക് ക്ഷണിക്കുന്നു. വൈദിക പരിശീലനത്തിന് പ്രാർത്ഥനവഴിയായും സാമ്പത്തികമായും സഹായം നല്കുന്ന എല്ലാ ഉപകാരികളെയും നന്ദിയോടെ സ്മരിക്കുന്നു. ദൈവം നിങ്ങൾക്ക് നല്കിയ സമ്പത്തിന്റെ ഒരു ഭാഗം വൈദികപരിശീലനം എന്ന ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി സമർപ്പിക്കുവാനും വൈദിക പരിശീലനത്തിന് സാമ്പത്തിക സഹായം ചെയ്യാനും സാധിക്കുന്ന കൂടുതൽ ഉപകാരികളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മുൻവർഷങ്ങളിലേതുപോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച വൈദിക പരിശീലനത്തിനായി മാറ്റിവയ്ക്കാം.

പ്രിയപ്പെട്ട കുട്ടികളേ, പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. നിങ്ങൾക്കുവേണ്ടി അതിരൂപതാ സമൂഹം മുഴുവനും പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ വിളി ശ്രവിക്കുവാനും അതിനോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുവാനും നിങ്ങൾക്ക് സാധിക്കട്ടെ.

സ്നേഹാശംസകളോടെ,
നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-03-2022 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ഈ സർക്കുലർ 2022 ഏപ്രിൽ മാസം 24-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.
2. ഓശാനഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച നമ്മുടെ അതിരൂപതയിലെ വൈദികപരിശീലനത്തിനുവേണ്ടിയാണ്. ഇക്കാര്യം ആളുകളെ മുൻകൂട്ടി അറിയിച്ച് ഉദാരമായി സഹകരിക്കാൻ ആവശ്യപ്പെടുമല്ലോ.

**Prot. No169 / 22 സർക്കുലർ നമ്പർ 10 / 2022**

# സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകളും സാമ്പത്തിക സാഹചര്യങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട വൈദികരുടെ അലവൻസും പള്ളിജീവനക്കാരുടെ വേതനവും പരിഷ്ക്കരിക്കാൻ അതിരൂപതാതലത്തിൽ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ രൂപതാകച്ചേരി അംഗങ്ങൾ 2022 മാർച്ച് മാസം 7-ാം തിയതി തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്ത് നല്കിയ ശുപാർശകൾ മൂന്ന് രൂപതകളിലെയും രൂപതാദ്ധ്യക്ഷന്മാർ ചർച്ച ചെയ്ത് അംഗീകരിച്ചു. 2022 ഏപ്രിൽ മാസംമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെപ്പറയുന്ന രീതിയിൽ അലവൻസും വേതനനിരക്കുകളും വർദ്ധിപ്പിക്കുന്നു.

### 1. ബഹു. വൈദികരുടെ പ്രതിമാസ അലവൻസ്

2022 ഏപ്രിൽമാസം മുതൽ 14,000 രൂപയായി നിശ്ചയിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ 500 രൂപവീതം വർദ്ധനവുണ്ടാകുന്നതാണ്.

### 2. ദൈവാലയശുശ്രൂഷികളുടെ വേതനം

താഴെപ്പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 125 രൂപയിൽനിന്ന് 150 രൂപയായി ഉയർത്തുന്നു.

### പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 1250 | 7250 | നിലവിലുള്ള ശമ്പളം + 1250 |
| B | 1000 | 6000 | നിലവിലുള്ള ശമ്പളം + 1000 |
| C | 750 | 4950 | നിലവിലുള്ള ശമ്പളം + 750 |
| D | 500 | 3750 | നിലവിലുള്ള ശമ്പളം + 500 |
| E | 400 | 2200 | നിലവിലുള്ള ശമ്പളം + 400 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം

മുതൽ ദൈവാലയ ശുശ്രൂഷിക്ക് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

### 3. അക്കൗണ്ടന്റിന്റെ വേതനം

താഴെ പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 75 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 700 | 4000 | നിലവിലുള്ള ശമ്പളം + 700 |
| B | 500 | 3200 | നിലവിലുള്ള ശമ്പളം + 500 |
| C | 400 | 2500 | നിലവിലുള്ള ശമ്പളം + 400 |
| D | 300 | 2100 | നിലവിലുള്ള ശമ്പളം + 300 |
| E | 250 | 1750 | നിലവിലുള്ള ശമ്പളം + 250 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽമാസം മുതൽ അക്കൗണ്ടന്റിന് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

### 4. 13-ാം മാസ ശമ്പളം

ദൈവാലയ ശുശ്രൂഷികൾക്കും പാരീഷ് അക്കൗണ്ടന്റിനും റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിനുവേണ്ടി അവരുടെ ഒരുമാസത്തെ വേതനത്തിനു തുല്യമായ തുക (13-ാം മാസ ശമ്പളം) അവരുടെയും വികാരിയച്ചന്റെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കണം. 13-ാം മാസശമ്പളം നിർബന്ധമായും ബാങ്ക് അക്കൗണ്ടിൽതന്നെ നിക്ഷേപിക്കണം. ഏതെങ്കിലും അടിയന്തിര ആവശ്യത്തിന് ഇതിൽനിന്ന് ലോൺ എടുത്താൽ പണം കൈപ്പറ്റിയെന്ന രേഖ എഴുതി വാങ്ങി സൂക്ഷിക്കണം.

**5. പടിസാധനം (തിരുക്കർമ്മങ്ങളുടെ നിരക്ക്)**

ഗ്രിഗോരിയൻ കുർബ്ബാനയുടെ നിരക്ക് 6000 രൂപയായിരുന്നത് 7500 രൂപയായി പുതുക്കി നിശ്ചയിക്കുന്നു. മറ്റ് തിരുക്കർമ്മങ്ങൾ ക്കെല്ലാം 2017 മാർച്ച് മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീക രിച്ചിരിക്കുന്ന നിരക്ക് തുടരുന്നതാണ്.

**6. വിവാഹനിയമങ്ങൾ**

കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഒത്തുകല്യാ ണങ്ങൾ ഒഴിവാക്കി വിവാഹം നടത്താനുള്ള അനുവാദങ്ങൾ നല്കിയി രുന്നത് ഇനിമുതൽ പ്രോത്സാഹിപ്പിക്കേണ്ടതില്ല. എന്നാൽ തക്കതായ കാരണങ്ങൾ ഉള്ളപ്പോൾ ഒത്തുകല്യാണങ്ങൾ ഒഴിവാക്കാം. എന്നാൽ വിവാഹപരസ്യം ഒഴിവാക്കരുത്.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത




## 1. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനാറാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ചയാണ്. അന്ന് അന്ന് നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യപിതാവിനുവേണ്ടി വി. കുർബ്ബാന അർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അഭിവന്ദ്യപിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്താൻ ഇടവക-സംഘടനാ തലങ്ങളിൽ ക്രമീകരണം ചെയ്യുന്നത് നന്നായിരിക്കും.

## 2. അഭിവന്ദ്യപിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും നാമഹേതുകത്തിരുനാൾ ഏപ്രിൽ 24-ാം തീയതിയാണ്. അന്ന് പ്രത്യേകമായി നമ്മുടെ അഭിവന്ദ്യപിതാക്കന്മാരെ പ്രാർത്ഥനയിൽ ഓർമ്മിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യാം. അതോടൊപ്പം നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന് വേണ്ടിയും ജോർജ് നാമധാരികൾ എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കാം.

## 3. മൂറോൻ വെഞ്ചരിപ്പ്

വിശുദ്ധ മൂറോൻ വെഞ്ചരിപ്പ് വലിയ ആഴ്ചയിലെ തിങ്കളാഴ്ച (ഏപ്രിൽ 11) തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തുന്നതാണ്. രാവിലെ പത്തുമണിക്ക് ദിവ്യകാരുണ്യ ആരാധനയോടെ കർമ്മങ്ങൾ ആരംഭിക്കും. അതേ സമയത്ത് ബഹുമാനപ്പെട്ട വൈദികർക്ക് കുമ്പസാരിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കും. തുടർന്ന് ധ്യാനപ്രസംഗം നടക്കും. 11.30-ന് വിശുദ്ധ കുർബ്ബാനയോടുകൂടി മൂറോൻ വെഞ്ചരിപ്പിന്റെ തിരുക്കർമ്മങ്ങൾ ആരംഭിക്കും. അതിരൂപതയിലെ മുഴുവൻ വൈദികരും കൃത്യസമയത്ത് എത്തിച്ചേർന്ന് തിരുക്കർമ്മങ്ങളിൽ

പങ്കെടുക്കണം. തിരുവസ്ത്രങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ഇടവകകളിലേക്ക് അന്നുതന്നെ വി. മൂറോൻ കൊണ്ടുപോകാവുന്നതാണ്. എല്ലാ പള്ളികളിലെയും പഴയ തൈലം മാറ്റി പുതിയ തൈലം ഉപയോഗിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 4. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതാ വൈദികസമൂഹത്തിൽ നിന്നും വേർപിരിഞ്ഞുപോയ ബഹുമാനപ്പെട്ട തോമസ് അരീക്കാട്ട് അച്ചനുവേണ്ടി എല്ലാ പി.പി.എഫ്. അംഗങ്ങളും ഒരു വി. കുർബ്ബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 5. ബഹുമാനപ്പെട്ട വൈദികരുടെ പൊതുസ്ഥലമാറ്റം

ബഹുമാനപ്പെട്ട വൈദികരുടെ ഈ വർഷത്തെ പൊതുസ്ഥലമാറ്റം 2022 മെയ് മാസം 14-ാം തീയതി ശനിയാഴ്ചയായിരിക്കും. ഏപ്രിൽ 30-ാം തീയതി സ്ഥലമാറ്റവിവരം പ്രസിദ്ധീകരിക്കുന്നതാണ്.

### 6. പുതിയ ഡയറക്ടറി

ഈ വർഷം അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. എല്ലാ ഇടവകകളിൽനിന്നും സന്യാസഭവനങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോമുകൾ അയച്ചിട്ടുണ്ട്. ദയവായി ഫോമുകൾ കൃത്യമായി പൂരിപ്പിച്ച് ഏപ്രിൽ -30 ന് മുമ്പായി ചാൻസലറുടെ പേരിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### 7. കൂരിയ അവധി

വിശുദ്ധ വാരം പ്രമാണിച്ച് ഏപ്രിൽ 10 മുതൽ ഏപ്രിൽ 17 വരെ അതിരൂപതാ കൂരിയായ്ക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും. ആ ദിവസങ്ങളിൽ ആളുകളെ അതിരൂപതാകേന്ദ്രത്തിലേക്ക് പറഞ്ഞയക്കാതിരിക്കാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഓൺലൈൻ അപേക്ഷകൾക്കും 17-ാം തീയതിക്ക് ശേഷം മാത്രമേ മറുപടി നൽകാൻ സാധിക്കുകയുള്ളൂ.

### 8. ഓശാന ഞായർ, ദുഃഖവെള്ളി പിരിവുകൾ

ഓശാന ഞായറാഴ്ച വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയും ദുഃഖവെള്ളിയാഴ്ച വിശുദ്ധനാടിന് വേണ്ടിയും സ്തോത്രക്കാഴ്ച സമാഹരിച്ച് അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 9. അലവൻസ് വർദ്ധന

ബഹുമാനപ്പെട്ട വൈദികരുടെ പ്രതിമാസ അലവൻസ് ഏപ്രിൽ മാസം മുതൽ 14,000 രൂപയാക്കിയും ദൈവാലയ ശുശ്രൂഷി, പാരീഷ് അക്കൗണ്ടന്റ് എന്നിവരുടെ വേതനം ഗ്രേഡ് അനുസരിച്ച് വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള അഭിവന്ദ്യ പിതാവിന്റെ സർക്കുലർ ഈ ലക്കം ഗിരിദീപത്തിൽ നല്കിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## 10. വാർഷിക പൊതുയോഗവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും

2021-22 വർഷത്തെ ആണ്ടുതിരട്ട്, അടുത്തവർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസ്സാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം എല്ലാ ഇടവകകളിലും നിർബന്ധമായും ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച നടത്തണം. ആണ്ടുതിരട്ടും പൊതുയോഗതീരുമാനങ്ങളും ഏപ്രിൽ 26, 27 തീയതികളിൽ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് പരിശോധിക്കുന്നതാണ്.

പൊതുയോഗങ്ങളിൽ ഇടവകകളുടെ 2021-22 വർഷത്തെ വാർഷികകണക്കും 2022-23 വർഷത്തേക്കുള്ള ബജറ്റും അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും 2022-23 വർഷത്തേക്കുള്ള കൈക്കാരന്മാരേയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരേയും തിരഞ്ഞെടുക്കുകയും വേണം. കൈക്കാരന്മാരെ തെരഞ്ഞെടുക്കുമ്പോൾ അതിരൂപതാ നിയമാവലി പേജ് 176-ൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരാണെന്ന് ഉറപ്പുവരുത്തണം. എല്ലാ കൈക്കാരന്മാരേയും തെരഞ്ഞെടുക്കേണ്ടത് പൊതുയോഗമാണ്. എന്നാൽ അവരിൽ പകുതിപ്പേരെങ്കിലും നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.

## 11. ആണ്ട് തിരട്ട് ബജറ്റ് പാസ്സാക്കൽ-ഏപ്രിൽ 26, 27 തീയ്യതികളിൽ

ആണ്ട് തിരട്ടും വാർഷീക പൊതുയോഗ തീരുമാനങ്ങളും പരിശോധിച്ച് അംഗീകരിക്കുന്നതിനായി ബഹുമാനപ്പെട്ട വികാരി ജനറാളച്ചന്മാരും കൂരിയ അംഗങ്ങളും ഏപ്രിൽ 26, 27 തീയതികളിൽ ഫൊറോനകൾ സന്ദർശിക്കുന്നതാണ്. ഒരു ഫൊറോനക്ക് അരദിവസം വീതമാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. രാവിലെ 9 മണിക്കും ഉച്ചകഴിഞ്ഞ് 2 മണിക്കും ഓഡിറ്റിംഗ് ആരംഭിക്കും.

### പരിശോധനക്കായി കൊണ്ടുവരേണ്ടവ

1. വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നാലു കൈക്കാരന്മാരുടെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരുടെയും പേരുകൾ,

ആണ്ടുതിരട്ടും ബജറ്റും പാസ്സാക്കിയ വിവരം എന്നിവ പൊതുയോഗ തീരുമാനങ്ങളിൽ ഉണ്ടായിരിക്കണം.

2. പ്രസ്തുതയോഗത്തിന്റെ മിനിട്സ് അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2022-2023 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
6. പി.പി.എഫിലേക്കുള്ള 2022 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേകശ്രദ്ധയ്ക്ക്**

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ് ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
3. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കിലും നല്കാവുന്നതാണ്.


| തീയതി | സമയം | ഫൊറോനകൾ |
|---|---|---|
| 26-04-2022<br>ചൊവ്വ | രാവിലെ<br>9-12.30 | കാഞ്ഞങ്ങാട്, ചെറുപുഴ,<br>ആലക്കോട്, തളിപ്പറമ്പ് |
| 26-04-2022<br>ചൊവ്വ | ഉച്ചകഴിഞ്ഞ്<br>2-4.30 | പനത്തടി, മേരിഗിരി<br>വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി |
| 27-04-2022<br>ബുധൻ | രാവിലെ<br>9-12.30 | വെള്ളരിക്കുണ്ട്, ചെമ്പേരി,<br>നെല്ലിക്കാംപൊയിൽ, പേരാവൂർ |
| 27-04-2021<br>ബുധൻ | ഉച്ചകഴിഞ്ഞ്<br>2-4.30 | തോമാപുരം, പൈസക്കരി,<br>കുന്നോത്ത്, എടൂർ |

## 11. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. | റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| 3. | **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| 4. | റവ. ഫാ. ജോസഫ് തുരുത്തേൽ | - | 05-04-2021 |
| 5. | **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 6. | റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 7. | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 8. | റവ. ഫാ. ജോസഫ് കുറ്റാരപ്പള്ളിൽ | - | 10-04-2020 |
| 9. | റവ. ഫാ. മാത്യു മുള്ളൻമട | - | 17-04-2020 |
| 10. | റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 11. | റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 12. | റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 13. | റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 14. | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 15. | റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 16. | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# അനുസ്മരണം
# ഫാ. തോമസ് അരീക്കാട്ട്



തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിലൊരാളായ ഫാ. തോമസ് അരീക്കാട്ട് **(84)** നിത്യസമ്മാനത്തിനായി യാത്രയായി. സജീവ അജപാലനശുശ്രൂഷയിൽനിന്നും വിരമിച്ചശേഷം അച്ചൻ പാലാ രൂപതയിലെ ഉള്ളനാടുള്ള പിതൃഭവനത്തിൽ വിശ്രമജീവിതം നയിച്ച് വരികയായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങൾമൂലം ക്ഷീണിതനായിരുന്ന അച്ചൻ 02-03-2022 വെളുപ്പിനാണ് നിത്യസമ്മാനത്തിനായി യാത്രയായത്.

അരീക്കാട്ട് മത്തായി, മറിയം ദമ്പതികളുടെ ആറ് മക്കളിൽ മൂന്നാമൻ ആയി 1938 ജൂലൈ 15- ന് പാപ്പച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ഫാ. തോമസ് അരീക്കാട്ട് ജനിച്ചു. അച്ചാമ്മ കിഴക്കേക്കര, ത്രേസ്യാമ്മ കുന്നേൽ, മാത്യു, ജോസഫ്, ജെയിംസ് എന്നിവർ സഹോദരങ്ങളാണ്. ഉള്ളനാട് സൗത്ത് എൽ.പി.സ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽനിന്ന് പ്രീ-ഡിഗ്രി പഠനം പൂർത്തിയാക്കിയശേഷം പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1964 ഡിസംബർ 1-ാം തിയതി ബോംബെയിൽവച്ച് നടന്ന

ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

മാനന്തവാടി രൂപതയിലെ കെല്ലൂർ ഇടവകയിൽ സഹവികാരിയായി ആദ്യ നിയമനം ലഭിച്ചു. മാനന്തവാടി രൂപതയിലെ കോട്ടത്തറ, ഇപ്പോൾ താമരശ്ശേരി രൂപതയിലുള്ള കാറ്റുള്ളമല, വിളക്കാംതോട് എന്നീ ഇടവകകളിലും പരപ്പ, മാട്ടറ, ചുണ്ടപ്പറമ്പ്, കുന്നോത്ത്, പെരുമ്പടവ്, പുറവയൽ, തടിക്കടവ്, ആര്യപ്പറമ്പ്, മുണ്ടാനൂർ, ഒറ്റത്തൈ, അരീക്കമല, കുട്ടാപറമ്പ് ഇടവകകളിലും വികാരിയായി ശുശ്രൂഷ ചെയ്തു. ഒരു വർഷം പരിയാരം മദർഹോമിൽ ആത്മീയപിതാവായി സേവനമനുഷ്ഠിച്ചു. 2016 –ൽ കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതത്തിനായി എത്തി. കഴിഞ്ഞ മൂന്ന് വർഷമായി പാലാ രൂപതയിലെ ഉള്ളനാടുള്ള സഹോദരപുത്രന്റെ വസതിയിലായിരുന്നു അച്ചൻ താമസിച്ചിരുന്നത്.

സൗമ്യനും ശാന്തനുമായ അജപാലകനാണ് വിടവാങ്ങുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതിൽ എപ്പോഴും ഉത്സാഹമുണ്ടായിരുന്ന പുരോഹിതൻ. ആരോടും കലഹിക്കാതെയും എല്ലാവരേയും സ്നേഹിച്ചും ചെറുപുഞ്ചിരിയും മിതഭാഷിത്വവും കൊണ്ട് എല്ലാവരേയും ആകർഷിച്ചും കടന്നുപോയ സാത്വികനായ അജപാലകനായിരുന്നു അരീക്കാട്ടച്ചൻ. നല്ല വായനാശീലവും വചനപഠനത്തിനുള്ള ഉത്സാഹവും ഉണ്ടായിരുന്ന അച്ചന്റെ സുവിശേഷ പ്രസംഗങ്ങൾ സൗമ്യമെങ്കിലും കാമ്പുള്ളവയായിരുന്നു. ആദ്യകാലങ്ങളിൽ ധാരാളം ചെറുകഥകളും കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2015 ൽ അച്ചൻ 'എല്ലാം പൂർത്തിയായി' എന്ന പേരിൽ ലളിതമായ ഒരു ബൈബിൾ വ്യാഖ്യാനഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചിരുന്നു.

മൃതസംസ്ക്കാര കർമ്മങ്ങൾ 03-03-2022 വ്യാഴാഴ്ച രാവിലെ 10 മണിക്ക് പാലാ രൂപതയിലെ ഉള്ളനാട് ഇടവകയിലുള്ള അച്ചന്റെ സഹോദരഭവനത്തിൽ അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ആരംഭിച്ചു. വിലാപയാത്ര ഉള്ളനാട് തിരുഹൃദയ ദൈവാലയത്തിൽ എത്തിയശേഷം നടന്ന മൃതസംസ്ക്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മോൺ. അലക്സ് താരാമംഗലം നേതൃത്വം നല്കി. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാന ആരംഭിച്ചു.

അരീക്കാട്ടച്ചൻ തലശ്ശേരി രൂപതയിൽ വൈദികനാകാൻ തീരുമാനിച്ചത് പാലായുടെ നഷ്ടവും തലശ്ശേരിയുടെ നേട്ടവുമായിരുന്നു എന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. മൃതസംസ്ക്കാരശുശ്രൂഷയുടെ അവസാന ഭാഗത്തിന് ആർച്ചുബിഷപ് മാർ ജോർജ് വലിയമറ്റം മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരിയിൽനിന്നും ധാരാളം വൈദികരും അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ നിന്നും ധാരാളം വിശ്വാസികളും മൃതസംസ്ക്കാരത്തിൽ പങ്കെടുത്തു.

തലശ്ശേരി അതിരൂപതയ്ക്ക് അടിത്തറയിടാൻ കഠിനാദ്ധ്വാനം ചെയ്ത മുതിർന്ന വൈദികരിലൊരാളാണ് കടന്നുപോകുന്നത്. ദൈവം ഭരമേല്പിച്ച ഉത്തരവാദിത്വങ്ങളെല്ലാം പൂർത്തിയാക്കി ദൈവസന്നിധിയിലേയ്ക്ക് യാത്രയായിരിക്കുന്ന ഈ വന്ദ്യ പുരോഹിതന് ദൈവം നിത്യശാന്തി നല്കി അനുഗ്രഹിക്കട്ടെയെന്ന് എന്ന് പ്രാർത്ഥിക്കുന്നു. ആദരാഞ്ജലികൾ.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയമായി ഉയർത്തപ്പെട്ടു

പേരാവൂർ സെന്റ് ജോസഫ്സ് ദൈവാലയം സീറോ-മലബാർ സഭയിലെ 9-ാമത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയമായി 2022 മാർച്ച് 19-ന് പേരാവൂർ പള്ളിയിൽ നടന്ന ചടങ്ങിൽവച്ച് സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രഖ്യാപിച്ചു. വികാരി ഫാ. തോമസ് കൊച്ചുകരോട്ടിനെ ആർച്ച് പ്രീസ്റ്റായും നിയമിച്ചു. മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ് വലിയമറ്റം എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ ചാൻസലർ ഫാ. വിൻസെന്റ് ചെറുവത്തൂർ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രികളും തലശ്ശേരി അതിരൂപതാ ചാൻസലർ ഫാ. തോമസ് തെങ്ങുംപള്ളിൽ പരിഭാഷയും വായിച്ചു.

പെരിയ ബഹുമാനപ്പെട്ട തോമസ് കൊച്ചുകരോട്ടച്ചനും പേരാവൂർ ഇടവകാ സമൂഹത്തിനും അഭിനന്ദനങ്ങൾ!!!

# സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, കരുവഞ്ചാൽ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു

തലശ്ശേരി അതിരൂപതയുടെ അഭിമാന സ്ഥാപനമായ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടത്തിന്റെയും ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെയും വെഞ്ചരിപ്പും പ്രവർത്തന ഉദ്ഘാടനവും 2021 മാർച്ച് 19-ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവഹിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യക്ഷത വഹിച്ചു. മാർ ജോർജ് വലിയമറ്റം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. കെ. സുധാകരൻ എം.പി ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെയും ശ്രീ. സജീവ് ജോസഫ് എം.എൽ. എ. റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെയും ഉദ്ഘാടനം നിർവഹിച്ചു. ജനപ്രതിനിധികളും സാമൂഹ്യ-സാംസ്ക്കാരിക-രാഷ്ട്രീയ രംഗത്തെ പ്രമുഖരും ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

കൂടുതൽ സൗകര്യങ്ങളും പുതിയ ഡിപ്പാർട്ടുമെന്റുകളും ഓപ്പറേഷൻ തീയേറ്റർ, എക്റേ, സ്കാനിംഗ് തുടങ്ങിയ സംവിധാനങ്ങളും 17 ഓളം ഡോക്ടർമാരുടെ സേവനങ്ങളും ഉൾപ്പെടെ അടിമുടി മാറ്റത്തോടെ പ്രവർത്തനമാരംഭിക്കുന്ന ആശുപത്രിയുടെ നിർമ്മാണം പൂർത്തിയായത് ഡയറക്ടർ ഫാ. തോമസ് വടക്കേമുറിയുടെയും അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് മണവത്തിന്റെയും അത്യദ്ധ്വാനം മൂലമാണ്. അതിരൂപതാ പ്രൊക്കുറേറ്റർ ഫാ. ആന്റണി പരതേപതിക്കൽ നേരിട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. ഇവർക്ക് ഹൃദയംഗമമായ അഭിനന്ദനങ്ങൾ!!! വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികർ ഉദ്ഘാടന ചടങ്ങ് മനോഹരമാക്കാൻ ആത്മാർത്ഥമായി അദ്ധ്വാനിച്ചു. എല്ലാ വൈദികർക്കും സഹകരിച്ച ഇടവകക്കാർക്കും മറ്റുള്ളവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

ഹോസ്പിറ്റലിന്റെയും ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെയും മുമ്പോട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹായ സഹകരണങ്ങളും പ്രോത്സാഹനവും അഭ്യർത്ഥിക്കുന്നു.

# സെമിനാരി വാർത്തകൾ

## 1. ദൈവവിളി ക്യാമ്പ് 2022

സന്യാസ പൗരോഹിത്യ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ താല്പര്യമുള്ള കുട്ടികൾക്കു വേണ്ടി അതിരൂപതാ വൊക്കേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന ദൈവവിളിക്യാമ്പ് ഈ വർഷം മെയ്മാസം ആദ്യത്തെ ആഴ്ചയിൽ നടത്തുന്നതായിരിക്കും. പൊതു പരീക്ഷയുടെ തീയതികളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതിനാൽ തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇടവകകളിൽ നിന്ന് താല്പര്യമുള്ള കുട്ടികളെ പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കാൻ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിവിധ സന്യാസസമൂഹങ്ങളിലും രൂപതകളിലും ചേരുന്നതിന് NOC ലഭിക്കുവാൻ ഈ ക്യാമ്പിലെ പങ്കാളിത്തം അനിവാര്യമാണെന്ന് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 2. തലശ്ശേരി മൈനർ സെമിനാരി

വൈദികനാകാൻ ആഗ്രഹിക്കുന്ന തീക്ഷ്ണത നിറഞ്ഞ മിടുക്കരായ കുട്ടികളെ നമ്മുടെ മൈനർ സെമിനാരിയിലേക്ക് പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും മതാദ്ധ്യാപകരും പ്രത്യേകം താല്പര്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. വൈദികരാകാൻ ആഗ്രഹിക്കുന്ന കുട്ടികൾ നിങ്ങളുടെ ഇടവകകളിൽ ഉണ്ടെങ്കിൽ അക്കാര്യം ദയവായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

## 3. ഓശാന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച

ഓശാന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി പരിശീലനം നേടുന്നവരുടെ ചിലവിലേയ്ക്കുള്ളതാണല്ലോ. ഈ സ്തോത്രക്കാഴ്ച വൈദിക പരിശീലന പദ്ധതിയുടെ ഭാരിച്ച ചിലവുകളെ കണ്ടെത്താൻ അതിരൂപതയ്ക്ക് ഏറെ സഹായകരമാണ്. എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുമല്ലോ.

## 4. ഡീക്കൻപട്ടവും ചെറുപട്ടവും

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നേടുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ഡീക്കൻപട്ടം ഏപ്രിൽ മാസം 6-ാം തീയതിയും ചെറുപട്ടങ്ങൾ മെയ്മാസം 10-ാം തീയതിയും ആയിരിക്കും. വൈദികാന്തസ്സിലേക്ക് ഒരു പടികൂടി അടുക്കുന്ന അനുജന്മാരെ പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

**5. മേജർ സെമിനാരിക്കാരുടെ സേവനം**

ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും ക്ലാസ്സുകളും ധ്യാന ങ്ങളും നടത്തുവാൻ മേജർ സെമിനാരി വൈദികാർത്ഥികളുടെ ടീമുകൾ സജ്ജമാണ്. ആവശ്യമുള്ളവർ ദയവായി അറിയിക്കുമല്ലോ.

**6. മേജർ സെമിനാരി ഗാതറിംഗ്**

തലശ്ശേരി അതിരൂപതയിൽ പരിശീലനം നേടുന്ന മേജർ സെമിനാരിക്കാ രുടെ കൂട്ടായ്മ മെയ്മാസം 10 മുതൽ 12 വരെ നടത്തുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

## മദർഹോം പരിയാരം

| | | |
|---|---|---|
| 2022 ഏപ്രിൽ | 1-3 | : തപസ് ധ്യാനം |
| ,, | 09 | : വചനാഗ്നി ഏകദിന കൺവെൻഷൻ |
| ,, | 10 - 14 | : വിശുദ്ധവാര ധ്യാനം |
| ,, | 21-25 | : ആന്തരികസൗഖ്യ ധ്യാനം |
| ,, | 29-മെയ് 1 | : എഫ്ഫാത്ത ധ്യാനം (ആംഗ്യഭാഷക്കാർക്കായുള്ള ധ്യാനം) |
| 2022 മെയ് | 05 - 8 | : യുവജന ധ്യാനം |
| ,, | 10-14 | : ബഹു. സിസ്റ്റേഴ്സിന്റെ ധ്യാനം |
| ,, | 14 | : വചനാഗ്നി ഏകദിന കൺവെൻഷൻ |
| ,, | 15-19 | : ആന്തരിക സൗഖ്യ ധ്യാനം |
| ,, | 21-23 | : ക്രിസ്റ്റീൻ ധ്യാനം |
| ,, | 26 - 30 | : ആന്തരിക സൗഖ്യ ധ്യാനം |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ക്ലാസ്സ് 1-9 : വാർഷിക പരീക്ഷ ഏപ്രിൽ 9 ശനിയാഴ്ച

1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 9 ശനിയാഴ്ച രാവിലെ 9 മുതൽ 11 മണിവരെയായിരിക്കും. പരീക്ഷയ്ക്ക് **എല്ലാ പാഠങ്ങളിൽ നിന്നും ഉപപാഠപുസത്കത്തിൽ നിന്നും** ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 2. മാർക്ക് വിഭജനം

വാർഷികപരീക്ഷയുടെ മാർക്ക്വിഭജനം താഴെകൊടുത്തിരിക്കുന്ന വിധമായിരിക്കും.

**ക്ലാസ്സ് 1-3**

| | |
|---|---|
| പാഠപുസ്തകം | - 50 മാർക്ക് |
| ഉപപാഠം | - 20 മാർക്ക് |

**ക്ലാസ്സ് 4-9**

| | |
|---|---|
| പാഠപുസ്തകം | - 40 മാർക്ക് |
| ഉപപാഠം | - 20 മാർക്ക് |
| നമസ്ക്കാരം | - 05 മാർക്ക് |
| ജനറൽ ചോദ്യങ്ങൾ | - 05 മാർക്ക് |

## 3. ക്ലാസ്സ് 10-11 : വാർഷിക പരീക്ഷ - നന്ദി

10-11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ മാർച്ച് 6 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

## 4. വിശ്വാസോത്സവം

2021-2022 പ്രവർത്തനവർഷത്തെ വിശ്വാസോത്സവം മെയ് 26-ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിച്ചിരിക്കും. എല്ലാ ക്ലാസ്സുകളുടെയും വർക്കുബുക്കിന്റെ വില 25 രൂപയായിരിക്കും.

## 5. ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗും ജൂബിലി ആഘോഷവും

2022 ഫെബ്രുവരി 26 ശനിയാഴ്ച പ്രധാനാധ്യാപകരുടെ മീറ്റിംഗും ജൂബിലി ആഘോഷവും സാൻജോസ് മെട്രോപൊളിറ്റൻ സ്കൂളിന്റെ ഓഡിറ്റോറിയത്തിൽവെച്ച് നടത്തി. മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മാർ

ജോസഫ് പാംപ്ലാനി പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജനറാൾ മോൺ അലക്സ് താരാമംഗലം മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ ജോസഫ് ഒറ്റപ്ലാക്കൽ, സന്ദേശഭവൻ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, പൈസക്കരി ഫൊറോന പ്രസിഡണ്ട് ശ്രീ. ബെന്നി തെരുവത്ത് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

ശ്രീ. അഗസ്റ്റിൻ വേങ്ങക്കുന്നേൽ, റവ. സി. ജെസ്സി ഡി.പി.എം, കുമാരി സാന്ദ്ര പോളക്കുളം എന്നിവർ മറുപടി പ്രസംഗം നടത്തി. റവ. സി. റോസിലിയ എൻ.എസ്, റവ. സി. ടെർസിറ്റ എൻ.എസ്, റവ. സി. റോഷ്നി എഫ്.സി.സി എന്നിവർ പ്രാർത്ഥനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും, അസി. ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. അഞ്ഞൂറിലധികം വിശ്വാസ പരിശീലകരും കുട്ടികളും മീറ്റിംഗിൽ പങ്കെടുത്തു.

മീറ്റിംഗിൽവെച്ച് പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിനെ വിശ്വാസപരി ശീലനകേന്ദ്രത്തിന്റെ ഫൊറോന പ്രസിഡണ്ടുമാർ പൊന്നാടയണിയിച്ച് ആദരിച്ചു. വിശ്വാസപരിശീലനകേന്ദ്രം മുൻ ഡയറക്ടർ റവ. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ, 65 വയസ്സ് പൂർത്തിയാക്കി റിട്ടയർ ചെയ്ത വിശ്വാസപരിശീ ലകർ, 50 വർഷക്കാലം വിശ്വാസപരിശീലകരായിരുന്ന 9 അധ്യാപകർ, 25 വർഷം വിശ്വാസപരിശീലകരായിരുന്ന 90 അധ്യാപകർ, 12 വർഷം മുടങ്ങാ തെ എല്ലാ ഞായറാഴ്ചകളിലും കുട്ടികൾക്ക് ക്ലാസ്സുകളെടുത്ത 6 വിശ്വാസ പരിശീലകർ, 12 വർഷം എല്ലാ ഞായറാഴ്ചകളിലും ക്ലാസ്സിൽ പങ്കെടുത്ത 53 കുട്ടികൾ എന്നിവരെ മീറ്റിംഗിൽ പ്രത്യേകമായി ആദരിച്ചു.

കോവിഡ് 19 പ്രതിസന്ധി തീർത്ത കാലഘട്ടത്തിൽ ഓൺലൈൻ ക്ലാസ്സു കളെടുത്ത് സഹകരിച്ച അധ്യാപകർ, Mission Quest 2022 ക്വിസ് മത്സരത്തിൽ സമ്മാനർഹരായവർ, Power point presentation മത്സരത്തിൽ ഒന്നാം സ്ഥാന ത്തിന് അർഹയായ സി. ആലിസ് കുര്യൻ എസ്.എച്ച്, An Artistic Journey to Bethlehem എന്ന പേരിൽ മംഗളവാർത്താകാലത്തിലെ വിവിധ സംഭവങ്ങളെ ആസ്പദമാക്കി പെയിന്റിംഗ് സമാഹാരം പുറത്തിറക്കിയ മരിയ മണലേൽ ജോസ് എന്നിവരെ മീറ്റിംഗിൽ പ്രത്യേകം അനുമോദിച്ചു.

## 6. മികച്ച ദൈവാലയ ശുശ്രൂഷിക്കുള്ള അവാർഡ്

റവ. ഫാ. ജോർജ്ജ് തെക്കുംചേരിൽ തന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണാർത്ഥം ഏർപ്പെടുത്തിയ മികച്ച ദൈവാലയ ശുശ്രൂഷി ക്കുള്ള അവാർഡിന് നെല്ലിക്കാംപൊയിൽ ഇടവകയിൽ 50 വർഷക്കാലം ദൈവാലയ ശുശ്രൂഷിയായി സേവനം ചെയ്ത ശ്രീ. ജോസ് ഇല്ലിക്കൽ അർഹനായി. പതിനായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശംസാപത്രവും നൽകി ശ്രീ. ജോസ് ഇല്ലിക്കലിനെ ആദരിച്ചു.

## 7. ASPCT പരീക്ഷ – നന്ദി

"ആരാണ് നിങ്ങളുടെ ദൈവം" എന്ന പുസ്തകത്തിന്റെ അഞ്ചാമത്തെ അദ്ധ്യായം ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് മാർച്ച് 6 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 1814 വിശ്വാസപരിശീലകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

ആസ്പെക്ട് പരീക്ഷ ഇടയ്ക്കുവച്ച് മുടങ്ങിപ്പോയവർക്കും ഇതുവരെ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും വിശ്വാസപരിശീലനകേന്ദ്രം മാർച്ച് 7, 9, 11, 13, 15, 20 എന്നീ തീയതികളിൽ പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

## 8. ASPCT രണ്ടാംഘട്ട പരീക്ഷ – ഏപ്രിൽ 24 ഞായർ

അഞ്ച് അധ്യായങ്ങളുടെയും ഓൺലൈൻ പരീക്ഷയിൽ പങ്കെടുത്ത് 125-ൽ 120-ന് മുകളിൽ മാർക്ക് കരസ്ഥമാക്കിയ വിശ്വാസപരിശീലകർക്ക് രണ്ടാംഘട്ട ഓൺലൈൻ പരീക്ഷ ഉണ്ടായിരിക്കും. കൂടാതെ അഞ്ച് അധ്യായങ്ങളുടെയും പരീക്ഷ ഒരുമിച്ച് നടത്തിയപ്പോൾ 75-ൽ 70-ന് മുകളിൽ മാർക്ക് ലഭിച്ചവർക്കും രണ്ടാംഘട്ട ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാം.

### പഠിക്കേണ്ട പുസ്തകങ്ങൾ

ആരാണ് നിങ്ങളുടെ ദൈവം (40%)
വി. മർക്കോസിന്റെ സുവിശേഷം 1-8 അധ്യായങ്ങൾ (20%)
കാവൽക്കാരൻ (20%)
തലശ്ശേരി അതിരൂപത സംബന്ധമായ ചോദ്യങ്ങൾ (10%)

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 100 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പരീക്ഷയുടെ സമയം 30 മിനിറ്റായിരിക്കും. പരീക്ഷ 9 മണിക്ക് ആരംഭിച്ച് 9.30-ന് അവസാനിക്കുന്നതാണ്.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.
f. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കണം.

## 9. സ്നേഹവീട് – ഭവനപദ്ധതി

സ്നേഹവീട് ഭവനപദ്ധതിയോട് സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഭവനങ്ങളുടെ പണികൾ ഉടനെ ആരംഭിക്കുന്നതാണ്. ഇനിയും തുക നല്കാത്തവർ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

## 10. അതിരൂപതാ മതബോധന കമ്മിറ്റി

2021-2022 പ്രവർത്തന വർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ 2022 ഫെബ്രുവരി 22-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഓൺലൈനായി ചേർന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് മതബോധനകമ്മിറ്റി ഉദ്ഘാടനം ചെയ്തു.

**തീരുമാനങ്ങൾ**

a. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 9 ശനിയാഴ്ച നടത്താൻ തീരുമാനിച്ചു.
b. വിശ്വാസോത്സവം നടത്തേണ്ട തീയതി ഗവേണിംഗ് ബോഡിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുക.
c. 2022-2023 പ്രവർത്തനവർഷത്തിൽ കുട്ടികൾക്ക് ധ്യാനം നടത്തുക.
d. വിശ്വാസപരിശീലകർക്ക് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുക.
e. എല്ലാ വിശ്വാസപരിശീലകർക്കും ദൈവശാസ്ത്രകോഴ്സ് നിർബന്ധമാക്കുക.
f. വിശ്വാസപരിശീലകരുടെ റീജിയണൽ സംഗമം നടത്തുക.
g. എല്ലാ ഇടവകകളിലും മാതാപിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
h. ആമുഖ സെമിനാർ നടത്തുക.
i. പ്രതിഭാസംഗമം (ക്ലാസ്സ് 7, 12)സാഹചര്യം അനുകൂലമാകുമ്പോൾ നടത്തുക.

## 11. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 12. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2021-2022 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി ഏപ്രിൽ മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മ

യിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. മീറ്റിംഗിന് വരുമ്പോൾ ഓഫീസിൽ അടയ്ക്കേണ്ട തുകകൾ കൊണ്ടുവരുമല്ലോ.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 05-04-2022 ചൊവ്വ | 9.00 am |
| എടൂർ | 05-04-2022 ചൊവ്വ | 10.30 am |
| കുന്നോത്ത് | 05-04-2022 ചൊവ്വ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 05-04-2022 ചൊവ്വ | 02.30 pm |
| പൈസക്കരി | 05-04-2022 ചൊവ്വ | 03.45 pm |
| ചെമ്പേരി | 05-04-2022 ചൊവ്വ | 05.00 pm |
| ചെമ്പന്തൊട്ടി | 06-04-2022 ബുധൻ | 09.00 am |
| വായാട്ടുപറമ്പ് | 06-04-2022 ബുധൻ | 10.30 am |
| ആലക്കോട് | 06-04-2022 ബുധൻ | 12.00 pm |
| മേരിഗിരി | 06-04-2022 ബുധൻ | 02.30 pm |
| ചെറുപുഴ | 06-04-2022 ബുധൻ | 03.45 pm |
| തോമാപുരം | 06-04-2022 ബുധൻ | 05.00 pm |
| വെള്ളരിക്കുണ്ട് | 07-04-2022 വ്യാഴം | 09.00 am |
| പനത്തടി | 07-04-2022 വ്യാഴം | 11.30 am |
| കാഞ്ഞങ്ങാട് | 07-04-2022 വ്യാഴം | 02.30 pm |
| തളിപ്പറമ്പ് | 07-04-2022 വ്യാഴം | 05.00 pm |

### 13. ജീവന്റെ അപ്പം

ഈ വർഷം പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനൊരുങ്ങുന്ന എല്ലാ കുട്ടികളും "ജീവന്റെ അപ്പം" എന്ന പുസ്തകം പഠിക്കേണ്ടതാണ്. ഏപ്രിൽ 5, 6, 7 തീയതികളിൽ നടത്തുന്ന പ്രധാനാധ്യാപകരുടെ മീറ്റിംഗിൽവെച്ച് പുസ്തകം വിതരണം ചെയ്യുന്നതാണ്.

### 14. ഉണർവ് 2022 - കുട്ടികൾക്കുള്ള അവധിക്കാല ധ്യാനം

മെയ് 1-നും 20-നും ഇടയ്ക്കുള്ള തീയതികളിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ക്രിസ്റ്റീൻ ധ്യാനം (മൂന്ന് ദിവസം) നടത്തുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, സെമിനാരിക്കാർ, അല്മായ സഹോദരങ്ങൾ എന്നിവരടങ്ങുന്ന ടീമിനെയാണ് സജ്ജമാക്കുന്നത്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 15. ഡിപ്ലോമ പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയം

2021-2022 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷയെഴുതിയ കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയക്യാമ്പ് മാർച്ച് 11 മുതൽ 14 വരെയുള്ള തിയതികളിൽ നടത്തി. മൂല്യനിർണയക്യാമ്പിൽ സി. മേഴ്സിറ്റ

എസ്.എച്ച്, സി. ലിസറ്റ് എൻ.എസ്, സി. സുനിത എം.എൽ.എഫ്, സി. ആൻ സ്റ്റെഫി സി.എം.സി, സി. ജൂലിമരിയ എസ്.എച്ച്, സി. മരിയഎസ്.എ.ബി.എസ്, സി. ലിറ്റി ജേക്കബ് എസ്.എച്ച്, സി. പുഷ്പ ജോസ് സി.എം.സി, സി. ലിറ്റി എൻ.എസ്, സി. സെലിൻ എഫ്.സി.സി, സി. ലിയോണ തേരേസ് എൻ.എസ്, സി. ജെസിൻ എഫ്.സി.സി, സി. ഷൈജി പോൾ എം.എസ്.എം.ഐ, സി. ദീപ്തി മരിയ എഫ്.സി.സി, സി. ടെർസിറ്റ എൻ.എസ്, സി. ജോസ്ന ജോസ് സി.എം.സി, സി. ഉഷറ്റ് സി.എം.സി, സി. ലിൻസി അഗസ്റ്റിൻ എസ്.എച്ച്, സി. ബ്ലെസ്സി എസ്.എ.ബി.എസ്, സി. ഫിലമിൻ എൻ.എസ്, സി. ആൻസി ടോം എസ്.എച്ച്, സി. ബിൻസി എൻ.എസ് എന്നിവർ പങ്കെടുത്തു. മൂല്യനിർണയക്യാമ്പിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

## 16. ഡിപ്ലോമ പരീക്ഷ – റിസൾട്ട്

2021–2022 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷ എഴുതിയ കുട്ടികളുടെ റിസൾട്ട് വി. ഗീവർഗ്ഗീസ് സഹദായുടെ തിരുന്നാൾദിനത്തിൽ (ഏപ്രിൽ 24) പ്രഖ്യാപിക്കുന്നതാണ്.

## 17. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 80% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടിയുള്ള അപേക്ഷ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 18. ജൂബിലി

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് ജൂബിലി ആഘോഷിച്ചവരെയും റിട്ടയർ ചെയ്യുന്നവരെയും ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്നവരുമായ അധ്യാപകരുണ്ടെങ്കിൽ (2021–22 പ്രവർത്തനവർഷം) അവരുടെ **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 19. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് 12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ വന്ന് പഠനം പൂർത്തിയാക്കിയ കുട്ടികളെ ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത കുട്ടികളുണ്ടെങ്കിൽ (2021-22 പ്രവർത്തനവർഷം) ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്ക്

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് 12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകരെ ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത അധ്യപകരുണ്ടെങ്കിൽ (2021-22 പ്രവർത്തനവർഷം) ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 21. ആദരവ് 2022

കൊറോണ കാലഘട്ടത്തിൽ വിശ്വാസപരിശീലനരംഗത്ത് നൽകിയ സംഭാവനകൾക്ക് തലശ്ശേരി അതിരൂപതയ്ക്കും വിശ്വാസപരിശീലനകേന്ദ്ര ത്തിനും സീറോമലബാർ വിശ്വാസപരിശീലന കമ്മിഷന്റെ പ്രത്യേക ആദരവ് ലഭിച്ചു. മാർച്ച് 15-ന് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തിയ ചടങ്ങിൽ മേജർ ആർച്ച്ബിഷപ്പ് കാർഡിൽ ജോർജ്ജ് ആലഞ്ചേരി പിതാവിൽ നിന്നും അതിരൂപത ഡയറക്ടറച്ചനും അസി. ഡയറക്ടറച്ചനും ചേർന്ന് അവാർഡ് സ്വീകരിച്ചു.

## 22. വിശ്വാസപരിശീലകർക്കുള്ള ക്ലാസ്സുകൾ

അതിരൂപതാ മതബോധന കൗൺസിലിന്റെ തീരുമാനമനുസരിച്ച് 2022-2023 പ്രവർത്തനവർഷം ആരംഭിക്കുന്നതിനുമുൻപായി പതിനാറ് ഫൊറോനകളിലെയും വിശ്വാസപരിശീലകരെ ഫൊറോനതലത്തിൽ ഒരുമിച്ചുകൂട്ടുവാൻ ആഗ്രഹിക്കുന്നു. ക്ലാസ്സുകൾക്കു പുറമെ കഴിഞ്ഞ പ്രവർ ത്തനവർഷം വിലയിരുത്തൽ, പുതിയ പ്രവർത്തനവർഷത്തെ കർമ്മപദ്ധ തികൾ ആവിഷ്ക്കരിക്കൽ, ദൈവശാസ്ത്രകോഴ്സ് മുതലായവയായിരിക്കും മീറ്റിംഗിന്റെ അജണ്ട.

മെയ് 1-ാം തീയതി മുതൽ മീറ്റിംഗ് ആരംഭിക്കും. ഓരോ ഫൊറോന യിലും മീറ്റിംഗ് നടക്കുന്ന തീയതിയും സമയവും പ്രധാനധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി അറിയിക്കുന്നതാണ്.

## 23. സിനഡാലിറ്റി – സർവ്വെ

പരിശുദ്ധപിതാവിന്റെ ആഗ്രഹപ്രകാരം 2023-ലെ Synod on Synodality-യിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ എല്ലാ വിശ്വാസ പരിശീലകർക്കും സുവർണ്ണാവസരം. വിശദവിവരങ്ങൾക്ക് മാർച്ച് മാസത്തിലെ ഗിരിദീപം കാണുക (പേജ് 34-35).

## 24. അർദ്ധദിന സെമിനാർ – പനത്തടി ഫൊറോന

പനത്തടി ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി മാർച്ച് 1 ചൊവ്വാഴ്ച അർദ്ധദിന സെമിനാർ നടത്തി. അതിരൂപത ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. വെരി. റവ. ഫാ. തോമസ് പട്ടാംകുളം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. ആൽഫിൻ ചെറുശ്ശേരി, ശ്രീ. സെബാൻ കാരക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. ജോബി ജോൺ മൂലയിൽ ക്ലാസ്സെടുത്തു. ഫൊറോന പ്രസിഡണ്ട് ശ്രീ. ജോൺസൺ അന്തിക്കാട് സ്വാഗതവും, സെക്രട്ടറി ശ്രീ. തങ്കച്ചൻ ചേരാടിയിൽ നന്ദിയും പറഞ്ഞു. സംഗമത്തിൽ 120 വിശ്വാസപരിശീലകർ പങ്കെടുത്തു.

## 25. നന്ദി, നല്ല അവധിക്കാലം

പ്രതിസന്ധികൾക്കുനടുവിലും 2021-2022 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

## 26. മതബോധന ഞായർ

2022-2023 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് മെയ് 29 ഞായറാഴ്ചയായിരിക്കും.

## 27. ഡയറക്ടറച്ചന്റെ സന്ദർശനം

ഡയറക്ടറച്ചൻ കല്ലുമുതിരക്കുന്ന്, അതിരുമാവ്, നെല്ലിക്കാംപൊയിൽ എന്നീ സൺഡേസ്കൂളുകളിലും, അസി. ഡയറക്ടറച്ചൻ കോളയാട്, ചായോത്ത്, കമ്പല്ലൂർ, തടിക്കടവ് എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

ഇടവക ജീവിതത്തെ ഉണർവ്വുള്ളതാക്കുവാനും വിശ്വാസത്തിലും പരസ്പരബന്ധത്തിലും ആഴപ്പെടുവാനുമായി നാം ആരംഭിച്ച കുടുംബക്കൂട്ടായ്മ സംവിധാനം കോവിഡ് കാലത്ത് കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞിരുന്നില്ല. ചില ഇടവകകളിൽ ഓൺലൈൻ ആയി നടത്തിയിരുന്നു. വളരെ താല്പര്യമുള്ള വൈദികർ കോവിഡ് രൂക്ഷമല്ലാത്ത ഇടവേളകളിൽ നടത്തുവാൻ താല്പര്യപ്പെട്ടു. ഇപ്പോൾ കോവിഡ് പ്രതിസന്ധി മാറി, ജീവിതം സാധാരണ താളവട്ടത്തിലേക്ക് രൂപപ്പെടുമ്പോൾ കുടുംബക്കൂട്ടായ്മ സജീവമാക്കുവാൻ എല്ലാവരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നാം തുടങ്ങിയ കാലത്തെ ചൈതന്യത്തോടും ക്രമവിധികളോടുംകൂടി നടത്തുവാനാണ് പരിശ്രമിക്കേണ്ടത്.

1. പ്രാർത്ഥന, മീറ്റിംഗ്, ഭക്ഷണം എന്നീ മൂന്ന് ഘടകങ്ങളും ഈ സമ്മേളനത്തിൽ ഉണ്ടായിരിക്കണം.
2. എല്ലാ വീടുകളിൽനിന്നും മുഴുവൻ ആളുകളും മാസത്തിലൊരിക്കൽ ഒരു ഭവനത്തിൽ ഒന്നിച്ച് ചേരണം.
3. പുസ്തകം ഉപയോഗിച്ചാണ് പ്രാർത്ഥിക്കേണ്ടത്. എല്ലാവരുടെയും പക്കൽ പുസ്തകം ഉണ്ടാകണം. വീടുകളിൽനിന്ന് കൊണ്ടുവരികയും കുറച്ച് പുസ്തകങ്ങൾ പള്ളിയിൽ നിന്ന് പൊതുവായി കൊണ്ടുചെന്ന് ഉപയോഗിക്കാവുന്നതാണ്.
4. പ്രസിഡന്റ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും സിക്രട്ടറി റിപ്പോർട്ട് വായിക്കുകയും വേണം.

   ഈ മാസം മുതൽ പുതിയ റിപ്പോർട്ട്-ഹാജർ ബുക്കാണ് ഉപയോഗിക്കേണ്ടത്. എല്ലാവരുടെയും സാന്നിധ്യം ഉറപ്പിക്കാൻ ഹാജർ വിളിക്കേണ്ടതാണ്.
5. ജന്മദിനം, വിവാഹവാർഷികം, ഫീസ്റ്റ് തുടങ്ങിയവ ആഘോഷിക്കുകയും ആശംസകൾ നേരുകയും വേണം.
6. ഓരോ കുടുംബ കൂട്ടായ്മയ്ക്കും പ്രസിഡണ്ട്, വൈസ് പ്രസിഡന്റ് സിക്രട്ടറി, ട്രഷറർ, കൺവീനർ എന്നീ അഞ്ച് ഭാരവാഹികൾ ഉണ്ടാ

യിരിക്കണം. ഏതെങ്കിലും സ്ഥാനത്ത് ഇപ്പോൾ സജീവമായ ഭാര വാഹി ഇല്ലെങ്കിൽ പുതിയ ആളെ കണ്ടെത്താവുന്നതാണ്.

7. വന്ന് ചേരുന്ന ആളുകൾ എല്ലാവരും അത്താഴംകഴിച്ചും പരസ്പരം സംസാരിച്ചും ബന്ധങ്ങൾ ഊഷ്മളമാക്കുവാൻ പരിശ്രമിക്കണം.
8. ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും സാന്നിധ്യം കുടുംബക്കൂട്ടായ്മയെ ശക്തിപ്പെടുത്തും. അതിനാൽ അവരെ ക്ഷണിച്ച് കൂട്ടി കൊണ്ടുവരുവാൻ ഭാരവാഹികൾ പ്രത്യേക ശ്രദ്ധ ചെലുത്തണം.
9. ബഹുമാനപ്പെട്ട വികാരിയച്ചനും കേർഡിനേറ്ററും പാരീഷ് കൗൺസിലുമാണ് ഈ കുടുംബക്കൂട്ടായ്മ മുടങ്ങാതെ നടക്കുവാൻ ജാഗ്രത പുലർത്തത്തേണ്ടത്.
10. പ്രാർത്ഥന, റിപ്പോർട്ട് പുസ്തകങ്ങൾ ആവശ്യമെങ്കിൽ കുടുംബക്കൂട്ടായ് ഓഫീസിൽനിന്ന് വിലകൊടുത്തു വാങ്ങിക്കാവുന്നതാണ്. ഫോൺ (9497601615)

സമുദായസ്നേഹത്തിലും പരസ്പരഐക്യത്തിലും നാം കൂടുതൽ ആഴപ്പെടേണ്ടുന്ന ഈ കാലഘട്ടത്തിൽ കുടുംബക്കൂട്ടായ്മകൾ സജീവമാക്കുവാൻ ഓരോരുത്തരും പരിശ്രമിക്കുമല്ലോ.

ആശംസകളോടെ,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## അഭിവന്ദ്യ പാംപ്ലാനി പിതാവിന് ആശംസകൾ

തലശ്ശേരി അതിരൂപതയുടെ തൃതീയ മെത്രാപ്പോലീത്തയായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉയർത്തപ്പെടുന്നത് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും അവസരമാണ്. നവസുവിശേഷവത്കരണത്തിന്റെ ശക്തമായ മാധ്യമം എന്ന നിലയിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് വളർന്നതിന്റെ പിന്നിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെയും ഡയറക്ടർ എന്ന നിലയിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ ദീർഘവീക്ഷണവും കർമോത്സുകതയുമാണ് ഉള്ളത്. അഭിവന്ദ്യ പിതാവിന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഴുവൻ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാർത്ഥനാശംസകൾ.

## കോ-ഓർഡിനേറ്റേഴ്സിന് സ്വാഗതം

ഏപ്രിൽ 20 ന് രാവിലെ 9 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തപ്പെടുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കുന്നതിനായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോ-ഓർഡിനേറ്റേഴ്സിനെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. അന്നേ ദിവസം ഇവിടെ എത്തിച്ചേരുന്നവർ 8086312826 എന്ന നമ്പറിൽ മുൻകൂട്ടി വിളിച്ചറിയിക്കേണ്ടതാണ്.

## ലോഗോസ് ബൈബിൾ ക്വിസ് - അവസാനഘട്ട പരീക്ഷ

ലോഗോസ് ബൈബിൾ ക്വിസ് ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് വേണ്ടിയുള്ള പരീക്ഷ മാർച്ച് 27 ഞായറാഴ്ച 2 മണിമുതൽ 3.30 വരെ കാഞ്ഞങ്ങാട്, ചെറുപുഴ, ഇരിട്ടി, തളിപ്പറമ്പ് എന്നീ സെന്ററുകളിൽ വെച്ച് നടത്തപ്പെട്ടു.

## ഏപ്രിൽ മാസത്തിലെ ക്ലാസ്സുകൾ

**BTh**

01. മരിയവിജ്ഞാനീയം - *ഏപ്രിൽ 2 (മലയാളം, 9.00 pm)*
02. പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം - *ഏപ്രിൽ 25 (മലയാളം, 9.00 pm)*

## റിസൾട്ട് പ്രസിദ്ധീകരിച്ചു

ജൂൺ-ഡിസംബർ സെമസ്റ്ററിലെ പരീക്ഷാ റിസൾട്ടുകൾ ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റിസൾട്ട് കാണുന്നതിനായി www.alphathalassery.org എന്ന വെബ്സൈറ്റിൽ Student Login എന്ന

ലിങ്ക് ക്ലിക്ക് ചെയ്യുക. നിങ്ങളുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ: Username: BT-00000-21

Password: alpha

## സപ്ലിമെന്ററി പരീക്ഷകൾ

സപ്ലിമെന്ററി പരീക്ഷകൾ ഏപ്രിൽ 25 മുതൽ മെയ് 10 വരെ നടത്തപ്പെടുന്നതാണ്. ഏപ്രിൽ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇ-മെയിൽ വഴി രജിസ്ട്രേഷൻ നടത്താവുന്നതാണ്. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ ഈ-മെയിലിലേക്ക് പരീക്ഷാ ദിവസവും സമയവും അറിയിപ്പായി ലഭിക്കുന്നതാണ്.

## സെമസ്റ്റർ പരീക്ഷൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 15 മുതൽ ജൂൺ 15 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ രണ്ട് രീതിയിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions).

## തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2022 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 15 മുതൽ ആരംഭിക്കുന്നു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

## പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- കോവിഡ് വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമൂഹിക അകലം പാലിക്കുക എന്നത് അത്യാവശ്യമായതിനാൽ ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെ

തന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 97 45 36 32 77, 80 86 31 28 26.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ഏപ്രിൽ 30 ന് മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾക്ക് 50 മുതൽ 70 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളുമാണ് (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കേണ്ടത്. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിന്റെ കണിക നഷ്ടപ്പെട്ട് നിരാശയിൽ കഴിയുന്നവരെ പ്രതീക്ഷയിലേയ്ക്ക് നയിക്കുന്ന ഈശോയുടെ ഉത്ഥാനത്തിന്റെ സ്മരണയും ഈശോയ്ക്ക് വേണ്ടി രക്തസാക്ഷിത്വ മകുടം ചൂടിയ വി. ഗീവർഗീസ് സഹദായുടെ ഓർമ്മയും ഈ മാസം നാം അനുസ്മരിക്കുകയാണല്ലോ; ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഉത്ഥിതനായവന്റെ തിരുമുറിവുകളോട് നമ്മുടെ പ്രതീക്ഷകളും വേദനകളും ചേർത്തുവയ്ക്കാം. വഴിമുട്ടുന്ന ജീവിതങ്ങൾക്ക് വഴികാട്ടിയായി, ഉത്ഥിതനായ ഈശോ നമ്മോട് കൂടെയുണ്ട്. കൂടെ നടക്കുന്ന അവിടുത്തെ സാന്നിധ്യം തിരിച്ചറിഞ്ഞ് ഈ ഉത്ഥാനത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം. പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്ക് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഉയിർപ്പ്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഗീവർഗീസ് |
| പ്രാർത്ഥനാനിയോഗം | : ബഹുമാന്യ അംഗങ്ങളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃത ജപം | : ഈശോയെ എന്നെ വിശുദ്ധീകരിക്കണമേ |
| സുകൃതം | : 74 സ്വർല്ലോക രാജ്ഞി |
| *സങ്കീർത്തന പാരായണം* | *: സങ്കീ : 129 – 140 അദ്ധ്യായങ്ങൾ* |
| *സംഘടനയെ അറിയാം* | *: മിഷൻലീഗ് രൂപതാചരിത്രം* |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

04 തിങ്കൾ : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 16–ാം ചരമവാർഷികം

14 വ്യാഴം : പെസഹ

15 വെള്ളി : ദു:ഖവെള്ളി

16 ശനി : ദു:ഖശനി

17 ഞായർ : ഈസ്റ്റർ

24 ഞായർ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, മിഷൻഗ്രാമ സന്ദർശനം, മിഷണറിമാരെ ആദരിക്കൽ...

### 3. ശാഖാ – മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2021 – 22 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും വാർഷിക റിപ്പോർട്ട് ജൂൺ ആദ്യ ആഴ്ചയോടെ മേഖലയിൽ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

### 4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2022 –23 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ – സീനിയർ) തിരഞ്ഞെടുപ്പ് പുതിയ അധ്യയന വർഷത്തിലെ വിശ്വാസപരിശീലനക്ലാസ്സുകൾ ആരംഭിക്കുന്നതോടൊപ്പം നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

### 5. ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് ചെമ്പന്തൊട്ടി മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോസഫ് ഓരത്തേൽ അച്ചന് അതിരൂപതാ സി. എം. എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### 6. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 7. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച പുഞ്ച, ഏറ്റുപാറ, പൈസക്കരി, അങ്ങാടിക്കടവ്, തളിപ്പറമ്പ്, തിരുമേനി, കാലിച്ചാനടുക്കം എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

### 8. മേഖലാ സന്ദർശനങ്ങൾ

ഏപ്രിൽ മാസത്തിൽ അതിരൂപതാ ഭാരവാഹികൾ എല്ലാ മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലാ റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. സന്ദർശന ദിവസവും, തിയതിയും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 9. ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമം ഏയ്ഞ്ചൽസ് മീറ്റ് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

### 10. എം റ്റി സി ക്യാമ്പ്

മേഖലകളിൽ എം റ്റി സി ക്യാമ്പ് നടത്തിക്കഴിഞ്ഞുകാണും എന്ന് കരുതുന്നു. അതിരൂപതാ ക്യാമ്പിലേക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ അതിരൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഫോമിൽ എഴുതി എത്രയും പെട്ടന്ന് അതിരൂപതാ ഓഫീസിൽ തരേണ്ടതാണ്. അതിരൂപതാ എം റ്റി സി ക്യാമ്പ് ഏപ്രിൽ 22,23,24 തിയതികളിൽ നടത്തപ്പെടുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് 100 രൂപ. സ്ഥലവും സമയം പിന്നീട് അറിയിക്കുന്നതായിരിക്കും.

### 11. അതിരൂപതാ കൗൺസിൽ വാർഷികം

ഈ വർഷത്തെ അതിരൂപതാ കൗൺസിൽ വാർഷികം മെയ് 9 ന് തിങ്കളാഴ്ച്ച നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### 12. അതിരൂപതാ കലോത്സവം

അതിരൂപതാതല കലോത്സവം മെയ് 21 ന് ശനിയാഴ്ച Off line ആയി നടത്തപ്പെടുന്നു. സ്ഥലം പിന്നീട് അറിയിക്കുന്നതാണ്. മേഖലകളിൽ ഓരോ ഇനത്തിലും ഒന്നാംസ്ഥാനം കിട്ടുന്ന ആൺകുട്ടിയും, പെൺകുട്ടിയും ആണ് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

### 13. മിഷൻ ക്വിസ്സ് മത്സരം

അതിരൂപതാതല കലോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന മിഷൻ ക്വിസ്സ് മത്സരം ഏപ്രിൽ 10 ന് രാത്രി 8.30 ന് ഗൂഗിൾ ഫോമിൽ നടത്തപ്പെടുന്നതാണ്. മേഖലകളിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയും പെൺകുട്ടിയും ആണ് ക്വിസ്സ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

### 14. തിളക്കമാർന്ന വിജയം

2020–21 പ്രർത്തന വർഷത്തെ സംസ്ഥാനസമിതിയുടെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് അതിരൂപത അർഹമായി. അതോടൊപ്പം നെല്ലിക്കാംപൊയിൽ, തോമാപുരം മേഖലകളും മണിക്കടവ്, കരുവഞ്ചാൽ, പരിയാരം എന്നീ ശാഖകളും മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് അർഹമായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച അതിരൂപതാ ടീമിനും, മേഖലാ - ശാഖാ ഡയറക്ടർമാർക്കും വൈസ്ഡയറക്ടേഴ്സിനും മേഖലാ - ശാഖാ ഭാരവാഹികൾക്കും, അഭിനന്ദനങ്ങൾ ...

### 15. മേഖലാ കൗൺസിൽ വാർഷികം

12.03. 2022 ന് തളിപ്പറമ്പ് മേഖല കൗൺസിൽ വാർഷികം നടത്തി. അതിരൂപതാ റീജിയണൽ ഓർഗനൈസർ ശ്രീ ജിന്റോ പാലയ്ക്കതടത്തിൽ പങ്കെടുത്തു. 13.03.22 ന് എടൂർ മേഖല കൗൺസിൽ വാർഷികം നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ പങ്കെടുത്തു. ഇനിയും മേഖലാ കൗൺസിൽ- വാർഷികം നടത്താത്ത എല്ലാ മേഖലകളും ഈ മാസം തന്നെ നടത്തുമല്ലോ.

### 16. പുലരിപ്പൂക്കൾ

06.03.22 ഞായറാഴ്ച പ്ലാറ്റിനം ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന സമിതി കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും സന്യാസ സഭകളിൽനിന്നും ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച വൈദികരുടെ സംഗമം പുലരിപ്പൂക്കൾ എന്നപേരിൽ ഓൺലൈനായി നടത്തി. സംഗമത്തിൽ അതിരൂപതയിൽ നിന്നും നവവൈദികരും, എക്സിക്യൂട്ടീവ് അംഗങ്ങളും, വിവിധ ഇടവകയിൽ നിന്നുമായി 100 കുട്ടികളും പങ്കെടുത്തു. അതിരൂപതയെ പ്രതിനിധീകരിച്ച് Sharing നടത്തിയ ചെമ്പന്തൊട്ടി ശാഖാ അസി. വികാരി ബഹുമാനപ്പെട്ട കുര്യാക്കോസ് പന്തല്ലൂപറമ്പിൽ അച്ചന് പ്രത്യേകം അഭിനന്ദനങ്ങൾ.

### 17. ഓർഗനൈസിംഗ് ടീം മീറ്റിംഗ്

01.03.2022 ന് ചെമ്പേരി, ഇരിട്ടി റീജിയനുകളിലും 12.03.2022 ന് ആലക്കോട്, കാഞ്ഞങ്ങാട് റീജിയനുകളിലും വച്ച് ഓർഗനൈസിംഗ് ടീം മീറ്റിംഗിൽ നടത്തപ്പെട്ടു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ടീം അംഗങ്ങൾക്കും നന്ദി.

### 18. വനിതാദിനം

വനിതാദിനത്തോടനുബന്ധിച്ച് 06.03.22 ഞായറാഴ്ച കമ്പല്ലൂർ ശാഖയിൽ വച്ച് വനിതകളെ ആദരിക്കുകയും അവരെ ഷോൾ അണിയിക്കുകയും ചെയ്തു. വനിതാ ദിനാഘോഷങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് കോയിപ്പുറം

അച്ചനും  വൈസ് ഡയറക്ടർ സി. ഷിൻസി എഫ് സി സി യ്ക്കും മതാ ധ്യാപകർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി...

## 19. അതിരൂപതാതല മേഖലാ ദൈവവിളി സെമിനാർ

01.03.2022 ന് ചെമ്പേരി, ഇരിട്ടി റീജിയനുകളിലും 12.03.2022 ന് ആല ക്കോട്, കാഞ്ഞങ്ങാട് റീജിയനുകളിലും വച്ച് 5 ക്ലാസ്സ് മുതൽ 10 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി അതിരൂപതാതല മേഖലാ ദൈവവിളി സെമിനാർ നടത്തി. റവ. ഫാ. പ്രിജിൽ പണ്ടാരപ്പറമ്പിൽ, റവ. ഫാ. ജോസഫ് പൊട്ടനാനിയിൽ, അതിരൂപതാ പ്രസ്ഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ എന്നി വർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. ദൈവവിളി സെമിനാറിൽ പങ്കെ ടുത്ത എല്ലാ കുട്ടികൾക്കും, അവരെ പറഞ്ഞയച്ച പ്രിയപ്പെട്ട ശാഖാ ഡയറ ക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി.

## 20. അതിരൂപതാതല ശാഖാ വൈസ്ഡയറക്ടേഴ്സ് റീജണൽ സംഗമം

01.03.22 ന് ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ് എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ചെമ്പേരി റീജിയണൽ സംഗമവും, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇരിട്ടി റീജിയണൽ സംഗമവും, 12.03.22 ന് ആല ക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകളെ ഉൾപ്പെടു ത്തിക്കൊണ്ട് ആലക്കോട് റീജിയണൽ സംഗമവും, കാഞ്ഞങ്ങാട്, തോമാ പുരം, പനത്തടി, വെള്ളരിക്കുണ്ട് എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് കാഞ്ഞങ്ങാട്  റീജിയണൽ സംഗമവും, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ ചെമ്പേരി, ഇരിട്ടി, ആലക്കോ ട്, പടന്നക്കാട് എന്നീ സെന്ററുകളിൽ വച്ച് നടന്നു. ചെമ്പേരി റീജിയണൽ സംഗമം റവ. ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട്, ഇരിട്ടി റീജിയണൽ സംഗമം റവ.ഫാ ആന്റണി ആനക്കല്ലിൽ, ആലക്കോട്  റീജിയണൽ സംഗമം റവ. ഫാ. മാണി ആട്ടേൽ, കാഞ്ഞങ്ങാട് റീജിയണൽ സംഗമം നിയുക്ത മെത്രാ പ്പോലീത്ത മാർ. ജോസഫ് പാംപ്ലാനി എന്നിവർ ഉദ്ഘാടനം ചെയ്തു. മീറ്റിം ഗിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും റീജിയണൽ ഭാരവാഹികൾ നന്ദിയും പറഞ്ഞു. പങ്കെടുത്ത എല്ലാ വൈസ്ഡ യറക്ടേഴ്സിനും ഹൃദയംഗമമായ നന്ദി.

## 21. സെമിനാറുകൾ, ക്ലാസ്സുകൾ

- ♦ 06. 03. 22 ന് കമ്പല്ലൂർ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- ♦ 13. 03. 22 ന് ചായ്യോത്ത് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ്  എടുത്തു.

- 20. 03. 22 ന് കോളയാട് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

## 22. ഉണർവ് 2022 – കുട്ടികൾക്കുള്ള അവധിക്കാല ധ്യാനം

അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻലീഗിന്റെയും ആഭിമുഖ്യത്തിൽ മെയ് 1-നും 20-നും ഇടയ്ക്കുള്ള തീയതികളിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ക്രിസ്റ്റീൻ ധ്യാനം (മൂന്ന് ദിവസം) നടത്തുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, സെമിനാരിക്കാർ, അല്മായ സഹോദരങ്ങൾ എന്നിവരടങ്ങുന്ന ടീമിനെയാണ് സജ്ജമാക്കുന്നത്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 23. ശാഖാ സന്ദർശനങ്ങൾ

ചേപ്പറമ്പ്, കാവുന്തല, തയ്യേനി, അതിരുമാവ്, ആയന്നൂർ, ബാലേശുഗിരി, തളിപ്പറമ്പ്, പടന്നക്കാട്, തിരുമേനി, പുളിങ്ങോം, മുത്താറിക്കുളം, ഹൊസങ്കടി, കുമ്പള, ആടാംപാറ, ചന്ദനക്കാംപാറ, പയ്യാവൂർ, ജോസ്മൗണ്ട്, പാലാവയൽ, കുളിനീർ, ചുണ്ടപ്പറമ്പ്, പെരിയ, പൊയ്നാച്ചി, വായാട്ടുപറമ്പ്, കണ്ണൂർ, മേലെചൊവ്വ, അൽഫോൻസാഗിരി, ബദിയഡുക്ക, മുള്ളെരിയ, ബളാൽ, വെള്ളരിക്കുണ്ട്, പുന്നക്കുന്ന്, ചായ്യോത്ത്, കോടോത്ത്, ഉദയപുരം, കാഞ്ഞിരടുക്കം, പാടാൻകവല, മാവുഞ്ചാൽ, കരയത്തുംചാൽ, അട്ടേങ്ങാനം, അട്ടക്കണ്ടം, ബിരിക്കുളം, കാലിച്ചാമരം, പൈസക്കരി, ജോസ്ഗിരി, എടപ്പുഴ, കരിക്കോട്ടക്കരി, മേരിപുരം, പടിമരുന്ന്, കൊട്ടോടി എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 24. ആദരാഞ്ജലികൾ

മരണംമൂലം വേർപിരിഞ്ഞുപോയ ഫാ. തോമസ് അരീക്കാട്ട് അച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പ്രത്യാശയുടെ, പ്രതീക്ഷയുടെ സുവിശേഷമാണ് ഉയിർപ്പ് തിരുനാൾ നമുക്ക് പ്രദാനം ചെയ്യുന്നത്. സ്നേഹമുള്ള കുഞ്ഞുമക്കളേ ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് സഹനത്തെയും മരണത്തെയും പരാജയപ്പെടുത്തി മഹത്വത്തിന്റെ കിരീടം ചൂടിയ ഈശോയുടെ ഉത്ഥാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ: | ഉയിർപ്പ് തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : | വി. ഗീവർഗീസ്, സീയന്നായിലെ വി.കാതറിൻ |
| പ്രാർത്ഥനാനിയോഗം : | ലോകത്തിന്റെ വിവിധയിടങ്ങളിൽ മതമർദ്ധനത്തിന് ഇരയാക്കപ്പെടുന്ന എല്ലാ ക്രിസ്ത്യാനികൾക്കുംവേണ്ടി. |
| സുകൃതജപം : | ഉത്ഥാനം ചെയ്ത കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. |
| വചനം : | ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (വി.യോഹ 11: 25-26) |
| പ്രവൃത്തി : | പെസഹാ ആചരണത്തിന്റെ പഴയനിയമ പശ്ചാത്തലം മാതാപിതാക്കളോട് ചോദിച്ച് മനസ്സിലാക്കുക. |
| മന:പാഠമാക്കുക : | ദൈവകൽപനകൾ പത്ത് പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് : | വചനത്തെ അടിസ്ഥാനമാക്കി പദപ്രശ്നമത്സരം നടത്തുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

04 തിങ്കൾ : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 16-ാം ചരമവാർഷികം

14 വ്യാഴം : പെസഹ

15 വെള്ളി : ദു:ഖവെള്ളി

16 ശനി : ദു:ഖശനി

17 ഞായർ : ഈസ്റ്റർ

24 ഞായർ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ :**ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. മാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. അതിരൂപതാതല ശാഖാ ആനിമെറ്റേഴ്സ് റീജണൽ സംഗമം**

01.03.22 ന് ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ് എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ചെമ്പേരി റീജിയണൽ സംഗമവും, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇരിട്ടി റീജിയണൽ സംഗമവും, 12.03.22ന് ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ആലക്കോട് റീജിയണൽ സംഗമവും, കാഞ്ഞങ്ങാട്, തോമാപുരം, പനത്തടി, വെള്ളരിക്കുണ്ട് എന്നീ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് കാഞ്ഞങ്ങാട് റീജിയണൽ സംഗമവും, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ ചെമ്പേരി, ഇരിട്ടി, ആലക്കോട്, പടന്നക്കാട് എന്നീ സെന്ററുകളിൽ വച്ച് നടന്നു. ചെമ്പേരി റീജിയണൽ സംഗമം റവ. ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട്, ഇരിട്ടി റീജിയണൽ സംഗമം റവ.ഫാ ആന്റണി ആനക്കല്ലിൽ, ആലക്കോട് റീജിയണൽ സംഗമം റവ. ഫാ. മാണി ആട്ടേൽ, കാഞ്ഞങ്ങാട് റീജിയണൽ സംഗമം നിയുക്ത മെത്രാപ്പോലീത്ത മാർ. ജോസഫ് പാംപ്ലാനി എന്നിവർ ഉദ്ഘാടനം ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ സ്വാഗതവും റീജിയണൽ ഭാരവാഹികൾ നന്ദിയും പറഞ്ഞു. പങ്കെടുത്ത എല്ലാ ആനിമെറ്റേഴ്സിനും ഹൃദയംഗമമായ നന്ദി.

**4. ഫാ. ജോർജ്ജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ :** തിരുബാലസഖ്യം അതിരൂപതാകലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാംസ്ഥാനം പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് കുടിയാൻമല ശാഖയിലെ ജോഹാൻ കുമരംപറമ്പിൽ, ചായ്യോത്ത് ശാഖയിലെ ഗ്ലോറിയ മുണ്ടക്കുന്നേൽ എന്നിവർ അർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**5. സെക്രട്ടേൽ ടീം:** അതിരൂപതാ തിരുബാലസഖ്യം സെക്രട്ടേൽ ടീം അംഗങ്ങളായി സി.ജോസ്ന എം എസ് എം ഐ, സി. തെരേസ് ജെ എസ്, സി. റീന എസ് എച്ച്, സി. തെരേസ് എം എൽ എഫ് എന്നിവരെ തിരഞ്ഞെടുത്തു. പ്രിയപ്പെട്ട സിസ്റ്റേഴ്സിന് തിരുബാലസഖ്യം അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**6. അതിരൂപതാ കലോത്സവ വിജയികൾ :** തിരുബാലസഖ്യം അതിരൂപതാ കലോത്സവം ഓൺലൈനായി നടന്നു. കാഞ്ഞങ്ങാട്, കുന്നോത്ത്,

പേരാവൂർ എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**പ്രസംഗം - ബോയ്സ്**

| | | |
|---|---|---|
| Ist | - ജോഹാൻ കുമരംപറമ്പിൽ | - കുടിയാൻമല |
| IInd | - ജോസഫ് പ്ലാച്ചേരിപ്പുറത്ത് | - ഉദയപുരം |
| IIIrd | - ആരോൺ നെടുമല | - മണിപ്പാറ |

**പ്രസംഗം - ഗേൾസ്**

| | | |
|---|---|---|
| Ist | - ഗ്ലോറിയ മുണ്ടക്കുന്നേൽ | - ചായ്യോത്ത് |
| IInd | - സിയ മരിയ നിരപ്പേൽ | - ചെങ്ങോം |
| IIIrd | - ജിബ്രിയ ആൻ മേലാട്ടുകുന്നേൽ | - വിളക്കന്നൂർ |

**സംഗീതം - ബോയ്സ്**

| | | |
|---|---|---|
| Ist | - എഡ്വിൻ കൊള്ളികൊളവിൽ | - കച്ചേരിക്കടവ് |
| IInd | - നഥാനിയേൽ പാമ്പാടിയിൽ | - തലശ്ശേരി |
| IIIrd | - സ്റ്റീവ് മാത്യു അറാക്കൽ | - കരിക്കോട്ടക്കരി |

**സംഗീതം - ഗേൾസ്**

| | | |
|---|---|---|
| Ist | - ഡിയോണ നായത്തുപറമ്പിൽ | - പടുപ്പ് |
| IInd | - എയ്ഞ്ചൽ മുട്ടത്തുകുന്നേൽ | - ആനറ |
| IIIrd | - എവ്‌ലീൻ മണിയാമാക്കൽ | - വെള്ളരിക്കുണ്ട് |
| IIIrd | - ജീവൽ മരിയ മുണ്ടക്കാട്ട് | - ആര്യപ്പറമ്പ് |

**കഥ - ബോയ്സ്**

| | | |
|---|---|---|
| Ist | - അബ്രാഹം പുത്തൻപുരയിൽ | - പൊയ്നാച്ചി |
| IInd | - ജെസ്‌വിൻ കുളങ്ങരമുറിയിൽ | - വിമലശ്ശേരി |
| IIIrd | - സാൻജോസ് ഒറ്റപ്ലാക്കൽ | - കിളിയന്തറ |
| IIIrd | - റിനോൺ കാണ്ടാവനത്തിൽ | - ചെങ്ങോം |

**കഥ - ഗേൾസ്**

| | | |
|---|---|---|
| Ist | - ഡെൽന കുറ്റിയാനിക്കൽ | - കച്ചേരിക്കടവ് |
| IInd | - ഹെലൻ പുതുവേലി | - മണിക്കടവ് |
| IIIrd | - ബ്രിജീത്ത് കിഴക്കേൽ | - അരിവിളഞ്ഞപൊയിൽ |

**എന്റെ സങ്കീർത്തനം**

| | | |
|---|---|---|
| Ist | - ജീന പോൾ പൂപ്പള്ളിൽ | - വിമലശ്ശേരി |
| IInd | - അലീന ആനിത്തോട്ടത്തിൽ | - നീലേശ്വരം |
| IIIrd | - ബിന്യ മരിയ ആലയ്ക്കൽ | - മണിക്കടവ് |

**ആംഗ്യപ്പാട്ട്**

| | |
|---|---|
| Ist | - ചെങ്ങോം ശാഖ |
| IInd | - കുന്നോത്ത് ശാഖ |
| IIIrd | - ചെറുപുഴ ശാഖ |

**സ്കിറ്റ്**

| | |
|---|---|
| Ist | - ഉദയപുരം ശാഖ |
| IInd | - മേരിപുരം ശാഖ |
| IIIrd | - ചരൾ ശാഖ |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങളേ,

നോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്ന് പോകുമ്പോൾ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും വഴികളിലൂടെ നമുക്ക് ക്രൂശിതനെ അനുഗമിക്കാം. നമ്മുടെയും ലോകം മുഴുവന്റെയുംമേൽ കർത്താവിന്റെ കരുണ വർഷിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. വിശുദ്ധ വാരത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. കടമുള്ള ദിവസങ്ങൾ പരിശുദ്ധിയോടെ നമുക്ക് ആചരിക്കാം.

എല്ലാ ഫൊറോനയിലും ഒരു കുരിശുമല കേന്ദ്രമാക്കി കുരിശിന്റെ വഴി തീർത്ഥാടനം നടത്തണമെന്ന് ഓർമ്മിപ്പിക്കട്ടെ. ദു:ഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്ക് കെസിവൈഎം നേതൃത്വം കൊടുക്കുന്നത് നല്ലതാണ്. ഈസ്റ്റർ ദിനം മനോഹരമായ കല്ലറ പണിയുകയും ഇസ്റ്റർ മുട്ടയും, കേക്കും ക്രമീകരിക്കുകയും ചെയ്യുമല്ലോ.

## കൊട്ടത്തലച്ചി തീർത്ഥാടനം – കുരിശിന്റെ വഴി

ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന പുളിങ്ങോം കൊട്ടത്തലച്ചി മലയിലേക്ക് കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പതിനാറ് ഫൊറോനയിലെയും യുവജനങ്ങൾ ഒന്നുചേർന്ന് പരിഹാര പീഡാസഹന യാത്ര (കുരിശിന്റെ വഴി) 2022 ഏപ്രിൽ 3 – ാം തിയ്യതി ഉച്ചക്ക് 3 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഫൊറോനകളിൽ നിന്നും ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും ഉൾപ്പെടെ പരമാവധി യുവജനങ്ങളും വിശ്വാസികളും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## യുവയ്ക – വനിതാ ദിനാഘോഷം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ അതിരൂപതയുടെ വനിതാ വിങ്ങായ (VOW) വോയിസ് ഓഫ് വുമൺ ന്റെ നേതൃത്വത്തിൽ **എടൂർ** ഫൊറോനയുടെ ആതിഥേയത്വത്തിൽ YUVAIKA : A Spark to Bloom എന്ന പേരിൽ വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. തളിപ്പറമ്പ് ആർഡിഒ ഇ പി മേഴ്സി ഉദ്ഘാടനം ചെയ്തു. ലിംഗസമത്വത്തിനൊപ്പം ശാരീരിക – മാനസീക ആരോഗ്യം നിലനിർത്തുക എന്നത് സ്ത്രിയുടെ അടിസ്ഥാന കർത്തവ്യമാണെന്ന് ഇ പി മേഴ്സി പറഞ്ഞു. അതിരൂപതാ വൈസ് പ്രസിഡന്റ് സരിഗ

ചാക്കോ കൊന്നക്കൽ അദ്ധ്യക്ഷത വഹിച്ചു. ചിത്ര കലയിൽ കഴിവ് തെളിയിച്ച് കാരുണ്യ പ്രവർത്തികൾ ചെയ്യുന്ന എടൂർ സ്വദേശിനി മരിയ, മാനസീക വൈകല്യമുള്ള കുട്ടികളെ ശുശ്രൂഷിക്കുന്ന എടൂർ വികസ് ഭവൻ പ്രിൻസിപ്പൽ സി. എമിലി സി.എം. സി എന്നിവരെ ഉപഹാരം നൽകി ആദരിച്ചു. വനിതാ ദിനം ഏറ്റെടുത്ത് നടത്തുകയും എല്ലാ ക്രമീകരണങ്ങളും ഒരുക്കുകയും ചെയ്ത എടൂർ ഫൊറോന പ്രസിഡന്റ് റോണിറ്റിനും, ഡയറക്ടർ ജിബിൻ വലിയപറമ്പിലച്ചനും, ഫൊറോന സമിതി അംഗങ്ങൾക്കും, എടൂർ യൂണിറ്റ് പ്രസിഡന്റ് അനൂപ്, ഭാരവാഹികൾ, മറ്റ് യുവജനങ്ങൾ എല്ലാവർക്കും അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി..

## സ്വയരക്ഷാ പരിശീലന ക്ലാസ്സ്

വനിതാദിനത്തോടനുബന്ധിച്ച് യുവതികൾക്ക് സ്വയരക്ഷ പരിശീലന ക്ലാസ്സ് നൽകി. പ്രമുഖ കരാട്ടെ പരിശീലകൻ ജോസ് തോമസ് യുവതികൾക്ക് സ്വയരക്ഷക്ക് ആവശ്യമായ അഭ്യാസമുറകൾ സംബന്ധിച്ച് ക്ലാസുകൾ കൊടുത്തു. നൂറോളം യുവതികൾ പരിശീലനത്തിൽ പങ്കെടുത്തു.

## ക്രിക്കറ്റ് ടൂർണമെന്റ്

കെസിവൈഎം തലശ്ശേരി അതിരൂപത ചെമ്പേരി വിമൽജ്യോതി കോളേജിൽ വച്ച് നാനോ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു. മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക എവർറോളിംഗ് ട്രോഫിയും 5001 രൂപയുമാണ് ഒന്നാം സമ്മാനം. പതിനാറ് ഫൊറോനകളോട് മത്സരിച്ച് തളിപ്പറമ്പ് ഫൊറോന ഒന്നാം സ്ഥാനവും കെസിവൈഎം ചെമ്പേരി ഫൊറോന രണ്ടാം സ്ഥാനവും ചെമ്പന്തൊട്ടി ഫൊറോന മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിമൽജ്യോതിഎഞ്ചിനീയറിംങ്ങ് കോളേജ് മാനേജർ റവ ഫാ. ജെയിംസ് ചെല്ലംങ്കോട്ട്, ഫാ. സോണി വടശ്ശേരിയിൽ എന്നിവർ വിജയികൾക്ക് സമ്മാന ദാനം നടത്തി. ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുത്തവർക്കും, സഹകരിച്ചവർക്കും, സഹായസഹകരണങ്ങളും ക്രമീകരണങ്ങളും ഒരുക്കി തന്ന വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജ് അധികാരികൾക്കും യുവജനങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

## പ്രതിഷേധാർഹമാണ്

റോമിലെ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ ലെയോണാർദോ സാന്ദ്രിയുടെയും സീറോമലബാർസഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും കോലങ്ങൾ കത്തിച്ച ചില അത്മായ നേതാക്കളുടെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സഭയിലെ മുഴുവൻ വിശ്വാസികളുടെയും ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന ഈ നടപടി തികച്ചും ധിക്കാരപരവും സഭാസംവിധാനങ്ങളോടുള്ള പരസ്യമായ വെല്ലുവിളിയുമാണ്. ഗുരുതരമായ ഈ

അച്ചടക്ക ലംഘനം നടത്തിയവർക്കും അതിന് വേദിയൊരുക്കിയവർക്കുമെതിരെ കാനൻ നിയമം അനുശാസിക്കുന്ന കർശന ശിക്ഷാനടപടികൾ സ്വീകരിക്കാൻ അധികൃതർ തയ്യാറാവണമെന്ന് കെസിവൈഎം ആഹ്വാനം ചെയ്തു.

## സ്നേഹപ്പൊതി – അഗതിമന്ദിരങ്ങളിൽ പൊതിച്ചോറ്

എടൂർ ഫൊറോനയിലെ യുവജനങ്ങൾ കരുണ്യത്തിന്റെ മുഖമായി മാറി കൊണ്ട് എല്ലാ ഞായറാഴ്ചകളിലും വിവിധ യൂണിറ്റുകളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ അഗതി മന്ദിരങ്ങളിലൂടെ ഒരു നേരത്തെ പൊതിച്ചോറ് നൽകുന്നു. ഈ കാരുണ്യപദ്ധതി കാരാപറമ്പ് മൈത്രി ഭവനിൽ വച്ച് മാർച്ച് ആറിന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

## കാരുണ്യത്തിന്റെ കരസ്പർശം

കാരുണ്യത്തിന്റെ കരസ്പർശവുമായ് മേരിഗിരി ഫൊറോനയിലെ യുവജനങ്ങൾ **എൻഡോസൾഫാൻ ദുരിതബാധിത പ്രദേശമായ കാസർഗോഡ് പെരള** സന്ദർശിച്ചു. അവിടേക്ക് ആവശ്യമായ ഡ്രസ്സ്, ഭക്ഷണ സാധനങ്ങൾ, മുപ്പതിനായിരം രൂപ എന്നിവ നൽകി സഹായിച്ചു. വിവിധ തരത്തിൽ കുറവുകളും വൈകല്യങ്ങളും ഉള്ളവരെ ശുശ്രൂഷിക്കുന്ന സിസ്റ്റേഴ്സിനെയും സഹോദരങ്ങളെയും ഈ ദിനത്തിൽ ആദരിച്ചു. ഫൊറോന സമിതിക്ക് അഭിനന്ദനങ്ങൾ.

## ബ്ലഡ് ഡൊണേഷൺ സെല്ലുമായി പൈസക്കരി കെസിവൈഎം

പൈസക്കരി ഫൊറോനയിൽ രക്തം ദാനം ചെയ്യാൻ സാധിക്കുന്നവർക്കായി ഗൂഗിൾ ഫോമം ക്രമീകരിച്ച് ബ്ലഡ് ഡൊണേഷൻ സെൽ രൂപീകരിച്ചു. സാമൂഹ്യ സേവന മാതൃക കാണിച്ച ഫൊറോന സമിതിക്ക് അഭിനന്ദനങ്ങൾ.

## BLOOD DONORS DIRECTORY

എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ രക്തദാതാക്കളെ സംയോജിപ്പിട്ടു കൊണ്ട് ബ്ലഡ് ഡൊണേഴ്സ് ഡയറക്ടറി നിർമിച്ചു. രക്ത ദാനം മഹാ ദാനമായി കണ്ട ഈ പദ്ധതി അനേകർക്ക് ഉപകാരമാകട്ടെ.

## ഫൊറോനതല BLOOMS ഉദ്ഘാടനം–കുന്നോത്ത്

**കുന്നോത്ത്** ഫൊറോനയിലെ എല്ലാ യൂണിറ്റിലെയും യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ചരൾ യൂണിറ്റിൽ വച്ച് Blooms ന്റെ ഉദ്ഘാടനം അഭിവന്ദ്യ പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ബഹുമനപ്പെട്ട ഫാ. വിപിൻ വലിയനിരപ്പേൽ (കെസിവൈഎം തളിപ്പറമ്പ് ഫൊറോന ഡയറക്ടർ) ക്ലാസ്സിന് നേതൃത്വം നൽകി. ഫൊറോന ഡയറക്ടർ ഫാ. ജിന്റോ, പ്രസിഡന്റ് ആൻഡേഴ്സൻ, യൂണിറ്റ് ഡയറക്ടർ ഫാ. ജെയിസ് കുരിശുംമൂട്ടിൽ, ആനിമേറ്റർ

സി. തേജസ്സ്, അതിരൂപതാ, ഫൊറോന സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നല്കി.

**പേരാവൂർ** ഫൊറോനയിലെ Blooms ന്റെ ഉദ്ഘാടനം പൂളക്കുറ്റി ഇടവകയിൽ വച്ച് നടത്തപ്പെട്ടു.

**ചെമ്പന്തൊട്ടി** ഫൊറോനയുടെ Blooms നെടുവാലൂർ യൂണിറ്റിൽ വച്ച് നടത്തിയതോടൊപ്പം നൈറ്റ് വിജിലും ക്രമീകരിച്ചു.

### BLOOMS ഉദ്ഘാടനം-മേരിഗിരി ഫൊറോന

**മേരിഗിരി** ഫൊറോനയിലെ Blooms ന്റെ ഉദ്ഘാടനം മേരിഗിരി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ റവ. ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, പ്രസിഡന്റ് ജിബിൻ ജൂണോ മറ്റ് ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. മേരിഗിരി ഫൊറോന വികാരി റവ. ഫാ. മാത്യു മണിമലതറപ്പേൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രി. ഷിജോ നിലക്കപ്പള്ളി എന്നിവർ സന്നിഹിതരായിരുന്നു.

### പെണ്മ Each for Equal

പെണ്മ Each for Equal എന്ന പേരിൽ പേരാവൂർ ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും മാർച്ച് 6 മുതൽ 8 വരെ നീണ്ടു നിൽക്കുന്ന ലോകവനിതാ ദിനത്തോടനുബന്ധിച്ച് പരിപാടികൾ നടത്തപ്പെട്ടു.

വനിതാ ദിനത്തോടനുബന്ധിച്ച് പേരാവൂർ ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ പരിപാടികൾ സംഘടിപ്പിച്ചു. അമ്മമാരെ ആദരിക്കൽ, കിടപ്പുരോഗികളെ സന്ദർശിക്കൽ, ഗവൺമെന്റ് ആശുപത്രിയിലെ വനിതാ ഡോക്ടർമാർ, നഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി ആയമാർ എന്നിവരെ ആദരിക്കൽ, കോളയാട് ദൈവദാൻ സെന്ററിലെ അന്തേവാസികളെ സന്ദർശിക്കുകയും അവിടെ സേവനം ചെയ്യുന്ന അമ്മമാരെ ആദരിക്കുകയും, വനിതകൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഇടവകയിലെ അമ്മമാർക്കും, യുവതികൾക്കുമായി സെമിനാറുകൾ സംഘടിപ്പിക്കുകയും യുവതികളുടെ നേതൃത്വത്തിൽ ഉക്രൈൻ റഷ്യ സമാധാനത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

### വനിതാദിനാഘോഷം അഗതിമന്ദിരങ്ങളിൽ

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് തളിപ്പറമ്പ് ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ ആനിമേറ്റേഴ്സിനെ ആദരിക്കുകയും, അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.
വനിതാ ദിനാചരണത്തിന്റെ ഭാഗമായി വായാട്ടുപറമ്പ് ഫൊറോനയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനെയും സമ്മാനങ്ങൾ നൽകി ആദരി

ക്കുകയും അച്ചായത്തി എന്ന പേരിൽ 22 നും 65 നും മുകളിൽ പ്രായ മുള്ളവർക്ക് ചട്ടയും മുണ്ടും ഫോട്ടോ മത്സരം സംഘടിപ്പിച്ചു.

## ക്ലീനിംങ്ങ് പ്രോഗ്രാം

കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ വെഞ്ചരിപ്പിന്റെ ഭാഗ മായി ക്ലീനിംങ്ങ് നടത്തുന്നതിനും മറ്റുമായി വായാട്ടുപറമ്പ് ഫൊറോനയിലെ യുവജനങ്ങൾ പങ്കാളികളായി. പ്രസിഡന്റ് നിധിൻ, ഫൊറോന ഡയറക്ടർ ഫാ. ജിൻസ്, ജറാൾഡ് തുടങ്ങിയവർ നേതൃത്വം നൽകി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## ഉക്രൈൻ ജനതക്ക് ഐക്യദാർഢ്യം

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് പൈസക്കരി ഫൊ റോനയിലെ വനിതകളുടെ നേതൃത്വത്തിൽ ഉക്രൈനിൽ ദുരിതമനുഭ വിക്കുന്ന ജനതക്കായി സമാധാന ജ്വാല സംഘടിപ്പിച്ചു.

## നൈറ്റ് വിജിൽ

കരുണാപുരം ദേവാലയത്തിൽ വച്ച് വായാട്ടുപറമ്പ് ഫൊറോനയിലെ യുവജനങ്ങൾ നൈറ്റ് വിജിൽ നടത്തി പ്രാർത്ഥിച്ചു. ഫൊറോന ഡയറക്ടർ, പ്രസിഡന്റ്, മറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. ചെമ്പേരി ഫൊറോന യുടെ നേതൃത്വത്തിൽ കനകക്കുന്ന് ദേവാലയത്തിൽ വച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തി. പ്രാർത്ഥനാ കൂട്ടായ്മക്ക് ഫാദർ ജോസഫ് ആനചാരിയിൽ നേതൃത്വം നൽകി.

**ELYSIAN നൈറ്റ് വിജിൽ** – നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃ ത്വത്തിൽ മണിപ്പാറ ഇടവകയിൽ വച്ച് ELYSIAN നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ ഫാ. അലക്സ് നിരപ്പേൽ, മണിപ്പാറ വികാരി ഫാ. ബോബൻ റാത്തപ്പിള്ളിയിൽ എന്നിവരുടെ സാന്നിധ്യത്തിൽ ഫാ. ജോജോ മണിമല, ഫാ. ജിതിൻ മാനുവൽ എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. ജോനാഥ് ജെയിംസ് ഗാനശുശ്രൂഷ നടത്തി.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

### 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

97 എം.പി.സി ഓൺലൈൻ കോഴ്സ് മാർച്ച് 18 – 19 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 345 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 2. Online MPC Live Classes

**MPC 2022**

| | |
|---|---|
| April | 22 - 23 (Friday, Saturday) |
| May | 20 - 21 (Friday, Saturday) |

1. **Time Schedule :**

**എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
**രണ്ടാം ദിവസം : 08.00 am – 06.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
A/c No : 0078053000073775,
Name : Director, Family Apostolate,
IFSC Code : SIBL0000078,
South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
Profile Details View : 750
**Diamond Package - 4999 (1 Year)**
Profile Details View : 650
**Golden Package - 3999 (1 Year)**
Profile Details View : 550
**Silver Package - 2999 (6 monts)**
Profile Details View : 350

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് പഠിക്കുന്ന കുട്ടികളുടെ പരീക്ഷാ വിജയത്തിനു വേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – വിവാഹ ജൂബിലി ആഘോഷിക്കുന്നവരെ ആദരിക്കുക

**3. മാതൃവേദി പ്രവർത്തന പദ്ധതി – ഏപ്രിൽ 2022**

| | | |
|---|---|---|
| ഏപ്രിൽ | 4 – | അതിരൂപതാ എക്സിക്യൂട്ടീവ് |
| | 10 – | ഓശാന ഞായർ<br>ഈസ്റ്റർ ഒരുക്ക ആരാധന – 08.30 pm (Online) |
| | 14 – | പെസഹ വ്യാഴം |
| | 15 – | ദുഃഖവെള്ളി |
| | 16 – | ദുഃഖശനി |
| | 17 – | ഈസ്റ്റർ |
| | 22 – | വേദസാക്ഷികളുടെ തിരുനാൾ |

| | | |
|---|---|---|
| 22-23 | - | എം.പി.സി |
| 24 | - | വി.ഗീവർഗ്ഗീസ് |
| മെയ് 1 | - | അതിരൂപതാ ജനറൽബോഡി മീറ്റിംഗ് |

## 4. വനിതാദിനാചരണം

അതിരൂപതാ വനിതാദിനാചരണത്തിന്റെ ഭാഗമായി മാതൃവേദി അമ്മമാർക്കായി മാർച്ച് 8-ാം തീയ്യതി വൈകിട്ട് 8 മണിക്ക് വെബിനാർ ഓൺലൈനായി നടന്നു. അതിരൂപതാ മാതൃവേദി സെക്രട്ടറിശ്രീമതി സിസിലി പുഷ്പക്കുന്നേൽ സ്വാഗതമാശംസിച്ചു. മീറ്റിംഗിൽ അതിരൂപതാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചടങ്ങ് ഉദ്ഘാടനം ചെയ്തു, അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ് ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.തുടർന്ന് സ്ത്രീ കുടുംബത്തിലും സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി കൊളക്കാട് സാന്തോം എച്ച്.എസ്.എസ് സ്കൂൾ ഹെഡ്മിസ്ട്രസ്സ് ഡോ.റോസ എം.സി നാലോലിക്കൽ ക്ലാസ് എടുത്തു. ശേഷം അതിരൂപതാ സെനറ്റ് മെമ്പർ ശ്രീമതി സെലിൻ കളരിക്കൽ ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചു.

## 5. ഹരിതം

ഹരിതം എന്ന പേരിലുള്ള ഏറ്റവും നല്ല അടുക്കളത്തോട്ടത്തിനായി നടത്തിയ മത്സരത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവർക്ക് രൂപതയിൽ നിന്നും ഓരോ മേഖലയിൽ നിന്നും ഒരാൾ വീതം 16 പേർക്ക് മൊമെന്റോ നൽകി ആദരിച്ചു.

## മേഖലാതലത്തിൽ വിജയികളായവർ

| മേഖല | പേര്, വീട്ടുപേര് | ഇടവക |
|---|---|---|
| ആലക്കോട് | ബീന കൊച്ചുവീട്ടിൽ | കുട്ടാപറമ്പ് |
| ചെമ്പന്തൊട്ടി | മേരിക്കുട്ടി വടക്കാഞ്ചേരി | കോട്ടൂർ |
| ചെമ്പേരി | ഗ്രേസ്കുട്ടി പിണക്കാട്ട് | ദീപഗിരി |
| ചെറുപുഴ | ജൂലി ജോഷി പാത്രപാങ്കൽ | തിരുമേനി |
| എടൂർ | സെലിൻ കാഞ്ഞിരത്തിങ്കൽ | കരിക്കോട്ടക്കരി |
| കാഞ്ഞങ്ങാട് | മെഴ്സി വാതപ്പള്ളി | പെരിയ |
| കുന്നോത്ത് | ഫിലോമിന പൊടിമറ്റത്തിൽ | ആനപന്തി |
| മേരിഗിരി | ഷൈനി കല്ലൻചിറ | ചെറുപാറ |
| നെല്ലിക്കാംപൊയിൽ | ബോബി എണ്ണശ്ശേരി | വിളമന |
| പൈസക്കരി | ബിജി കുന്നുമ്മേൽ | പൈസക്കരി |
| പേരാവൂർ | വത്സമ്മ ഇളംപുരയിടത്തിൽ | പൂളക്കുറ്റി |

| | | |
|---|---|---|
| തളിപ്പറമ്പ് | റോസമ്മ പള്ളിത്തറ | പയ്യന്നൂർ |
| തോമാപുരം | ലിസമ്മ സ്രാമ്പിക്കൽ | തയ്യേനി |
| വായാട്ടുപറമ്പ് | ഗീതമ്മ മൂലക്കുന്നേൽ | വിജയപുരം |
| വെള്ളരിക്കുണ്ട് | നിഷ പുളിയന്മാക്കൽ | കൊന്നക്കാട് |

### 6. മാതൃസംഗമവും വനിതാദിനാചരണവും – പൂളക്കുറ്റി ഇടവക

മാർച്ച് 6-ാം തീയ്യതി പൂളക്കുറ്റി ഇടവകയിൽ വച്ച് മാതൃസംഗമവും വനിതാദിനാചരണവും നടന്നും. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും അമ്മമാർക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

### 7. ജ്വാല

മാർച്ച് 3 മുതൽ 26 വരെ 15 മേഖലകളിൽ ജ്വാല സംഗമം നടത്തി. എല്ലായിടത്തും യൂണിഫോം അണിഞ്ഞ മാതൃവേദി അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഫൊറോന വികാരിമാർ ഉദ്ഘാടനം നിർവഹിച്ച ജ്വാല പ്രോഗ്രാമിൽ ഹൃദയതാളം – മാതൃത്വം ഹൃദ്യമാക്കാൻ എന്ന വിഷയത്തെക്കുറിച്ച് ശ്രീ.ബെന്നി പുത്തൻനട, ശ്രീ.ജോബി ജോൺ മൂലയിൽ എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവർ മീറ്റിംഗിൽ സംസാരിക്കുകയും കണക്കുകൾ, റിപ്പോർട്ടുകൾ എന്നിവയുടെ അവതരണം സെക്രട്ടറിമാർ, ട്രഷറർമാർ എന്നിവർ നടത്തുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർമാർ, റീജന്റ് ബ്രദർ എന്നിവർ ആശംസകളർപ്പിച്ചു. കൊടിയേറ്റ്, ഭക്ഷണം, കലാപരിപാടികൾ, ചർച്ചകൾ എന്നീ പരിപാടികളോടെ മേഖലാ സംഗമം വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും കൃതജ്ഞതയും അറിയിക്കുന്നു.

**ജ്വാല പ്രോഗ്രാം നടത്തിയ തീയ്യതികളും മേഖലകളും**

| | | |
|---|---|---|
| 03.03.2022 | വായാട്ടുപറമ്പ് | തടിക്കടവ് |
| | ആലക്കോട് | ഉദയഗിരി |
| 05.03.2022 | ചെറുപുഴ | തിരുമേനി |
| | മേരിഗിരി | വിമലശ്ശേരി |
| 09.03.2022 | എടൂർ | എടൂർ |
| | പേരാവൂർ | പേരാവൂർ |
| 10.03.2022 | നെല്ലിക്കാംപൊയിൽ | മണിക്കടവ് |
| | കുന്നോത്ത് | അങ്ങാടിക്കടവ് |
| 15.03.2022 | പനത്തടി | പനത്തടി |
| 16.03.2022 | വെള്ളരിക്കുണ്ട് | അടുക്കളക്കണ്ടം |
| | തോമാപുരം | കമ്പല്ലൂർ |
| 23.03.2022 | തളിപ്പറമ്പ് | തളിപ്പറമ്പ് |

| | | |
|---|---|---|
| 24.03.2022 | ചെമ്പേരി<br>പൈസക്കരി | ചെമ്പേരി<br>ചന്ദനക്കാംപാറ |
| 26.3.2022 | ചെമ്പന്തൊട്ടി | ശ്രീകണ്ഠാപുരം |

## 8. അറിയിപ്പുകൾ

- മെയ് 1–ാം തീയ്യതി അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ് ഓൺലൈനായി നടത്തുന്നതാണ്. മീറ്റിംഗിൽ രൂപതാ ഭാരവാഹികളും മേഖലാ ആനിമേറ്റേഴ്സും, മേഖലാ ഭാരവാഹികളും യൂണിറ്റ് പ്രസിഡണ്ടുമാരും പങ്കെടുക്കേണ്ടതാണ്.
- 2021 ജൂൺ മുതൽ 200 മെയ് വരെയുള്ള മാതൃവേദി മേഖല - യൂണിറ്റ് റിപ്പോർട്ടുകൾ മേഖലകളിൽ ശേഖരിച്ച് രൂപതയിൽ എത്തിക്കേണ്ടതാണ്. **എത്തിക്കേണ്ട ലാസ്റ്റ് ഡേറ്റ് : മെയ് 15.**
- റിപ്പോർട്ട് ഫോമുകൾ ഓൺലൈൻ ആയി മേഖലാ പ്രസിഡണ്ടിന് അയക്കുന്നതാണ്. ഫോമുകൾ എല്ലാ യൂണിറ്റുകളിലും എത്തിക്കേണ്ടതാണ്. കൂടുതലായുള്ള റിപ്പോർട്ടുകൾ വേറൊരു പേപ്പറിൽ എഴുതി അറ്റാച്ച് ചെയ്യേണ്ടതാണ്.

## 9. അമ്മവീട് - ഭവനപദ്ധതി

മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ ജൂബിലിയോടനുബന്ധിച്ച് തുടക്കം കുറിച്ച ഭവനപദ്ധതിയുടെ മൂന്നാം ഘട്ടമായി കിട്ടിയ തുകയുടെ ഡീറ്റെയിൽസ്

| ആലക്കോട് മേഖല | പേരാവൂർ മേഖല | ചെമ്പേരി മേഖല |
|---|---|---|
| ആലക്കോട് - 3000 | നിർമ്മലഗിരി - 30000 | ചെമ്പേരി - 3000 |
| ചീക്കാട് - 1000 | പൂളക്കുറ്റി - 1000 | ദീപഗിരി - 500 |
| ജയഗിരി - 1000 | രാജമുടി - 1000 | കുടിയാന്മല - 1000 |
| കാർത്തികപുരം - 1500 | മഠപ്പുറച്ചാൽ - 700 | പൊട്ടംപ്ലാവ് - 500 |
| കുട്ടാപറമ്പ് - 2000 | മഞ്ഞളാംപുറം - 1000 | പുലിക്കുരുമ്പ - 3000 |
| മാമ്പൊയിൽ - 500 | ആര്യപ്പറമ്പ് - 1000 | രത്നഗിരി - 1000 |
| മണക്കടവ് - 1000 | ചെട്ടിയാപറമ്പ് - 500 | പൂപ്പറമ്പ് - 1000 |
| നെല്ലിപ്പാറ - 500 | കൊളക്കാട് - 1000 | |
| ഒറ്റത്തൈ - 500 | കോളയാട് - 2000 | |
| പരപ്പ - 500 | നെടുംപുറംചാൽ - 500 | |
| ഉദയഗിരി - 5000 | പെരുമ്പുന്ന - 500 | |
| വിജയഗിരി - 3000 | | |

| പനത്തടി മേഖല | | | മറ്റ് ഇടവകകൾ | |
|---|---|---|---|---|
| അടോട്ടുകയ | - | 4000 | കരുണാപുരം | - 4000 |
| മേരിപുരം | - | 1000 | ചേപ്പറമ്പ് | - 3000 |
| പനത്തടി | - | 1000 | ചെറുപാറ | - 1000 |
| ശാന്തിഗിരി | - | 500 | കീഴ്പ്പള്ളി | - 500 |
| കനീലടുക്കം | - | 500 | വിളമന | - 1000 |

## IV. അമല പ്രോലൈഫ്

- അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെയും, ആനിമേറ്റർ സി.ജെസ്റ്റീന ഷാജൻ എം.എസ്.എം.ഐയുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും എക്സിക്യൂട്ടീവ് ഓൺലൈനായി ചേരുന്നു.
- ഫെബ്രുവരി 23 മുതൽ 26 വരെ ഗർഭിണികളായ അമ്മമാർക്കും കുടുംബത്തിനും വേണ്ടി പ്രോലൈഫിന്റെ നേതൃത്വത്തിൽ ഓൺലൈനായി ധ്യാനം സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ധ്യാനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയുണ്ടായി. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സി.ജെസ്റ്റീന ഷാജൻ എം.എസ്.എം.ഐ, മി. സെലസ്റ്റിൻ വടക്കേൽ, ഡോ.സി.റീന എസ്.എച്ച്, സി. പൗളിൻ സി.എച്ച്.എഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ആരാധന, ഷെയറിംങ്, കൗൺസലിംഗ്, പ്രാർത്ഥനാ ശുശ്രൂഷ എന്നിവയ്ക്ക് പ്രോലൈഫ് സമിതിയംഗങ്ങൾ നേതൃത്വം നൽകി. നൂറോളം പേർ ധ്യാനത്തിൽ പങ്കെടുത്തു.
- മാർച്ച് 9-ാം തീയ്യതി കുഞ്ഞേ നിനക്കായ് എന്ന അജാതശിശുക്കളെ ആത്മനാ ദത്തെടുത്ത് ഒൻപത് മാസവും ഒൻപത് ദിവസവും കുഞ്ഞുങ്ങൾക്കായ് പ്രാർത്ഥിക്കുന്ന പ്രാർത്ഥനാകൂട്ടായ്മയുടെ രണ്ടാംഘട്ടം അവസാനിച്ചതിന്റെ സമർപ്പണ പ്രാർത്ഥനയും മൂന്നാം ഘട്ട ആരംഭപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുകയുണ്ടായി.
- മാർച്ച് 25 പ്രോലൈഫ് ദിനത്തോടനുബന്ധിച്ച് സമർപ്പിതർക്കുവേണ്ടി വൈകുന്നേരം 6 മണി മുതൽ 7.30 വരെ 'Nun Stars' എന്ന പേരിൽ ഒരു വെബിനാർ സംഘടിപ്പിച്ചു. കുളത്തുവയൽ ധ്യാനകേന്ദ്രം ഡയറക്ടർ സി. ടെസ്സിൻ ആൻഡ്രൂസ് എം.എസ്.എം.ഐ ക്ലാസ് നയിച്ചു

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**യാത്രയയപ്പ് സമ്മേളനം, അവാർഡ് ദാനം, പ്രധാനാധ്യാപക സമ്മേളനം**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിവിധ വിദ്യാലയങ്ങളിൽ 2021-2022 വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും മികച്ച അധ്യാപക അനധ്യാപകർക്കുള്ള അവാർഡ് ദാനവും പ്രധാനധ്യാപക സമ്മേളനവും 2022 മാർച്ച് 05 ശനിയാഴ്ച രാവിലെ 10 മണിക്ക് വിമൽജ്യോതി എൻജിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി.

ഓരോ അധ്യാപകന്റെയും ജീവിതം അനേകം ദീപങ്ങളെ ജ്വലിപ്പിക്കുന്നു. നാടിന്റെ അഭിലാഷങ്ങളെ യാഥാർത്ഥ്യമാക്കുന്ന അത്ഭുത ശക്തിയാണ് അധ്യാപകർ. സ്വഭാവഗുണം വളർത്തുക കുട്ടികളുടെ പഠന ശേഷി വർദ്ധിപ്പിക്കുന്ന മൂല്യങ്ങളെ പരിപോഷിപ്പിക്കുക ഭാവിയിൽ മത്സരങ്ങളെ നേരിടാൻ പ്രാപ്തരാകത്തക്കവണ്ണം നവീകരണത്തിനും സൃഷ്ടി പരതയ്ക്കുമുള്ള ആത്മവിശ്വാസം ഊട്ടി ഉറപ്പിക്കുക എന്നിവയായിരിക്കണം അധ്യാപകന്റെ ലക്ഷ്യം തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. അതിരൂപത വികാരി ജനറാൾ മോൺ.ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷനായിരുന്നു.നമ്മുടെ മുമ്പിലുള്ള കുട്ടികൾ വലിയൊരു സമ്പത്താണെന്നും പല ഐൻസ്റ്റീൻമാരും അവരുടെ ഇടയിൽ ഉണ്ടെന്ന് തിരിച്ചറിയണെമന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. വിരമിക്കുന്ന അധ്യാപകർക്കും അവാർഡ് ജേതാക്കൾക്കും മാർ ജോർജ് ഞറളക്കാട്ട് ഉപഹാരങ്ങളും മെമന്റോകളും നൽകി. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അവാർഡു ജേതാക്കളെ പരിചയപ്പെടുത്തി. വിമൽജ്യോതി എൻജിനിയറിംഗ് കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് കാത്തലിക് ടീച്ചേഴ്സ് അതിരൂപത പ്രസിഡന്റും വായാട്ടുപറമ്പ സെന്റ് ജോസഫ്സ് യുപി സ്കൂൾ ഹെഡ്മാസ്റ്ററുമായ ശ്രീ. ബെന്നി ജോസഫ്, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന ട്രഷററും മഞ്ഞളാംപുറം യുപി സ്കൂൾ ഹെഡ്മാസ്റ്ററുമായ ശ്രീ. മാത്യു ജോസഫ്, കുടിയാന്മാല മേരി ക്യൂൻസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായ ശ്രീമതി. മഞ്ജു ജെയിംസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡ് ജേതാവും അങ്ങാടിക്കടവ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലുമായ ശ്രീ. ഫ്രാൻസിസ് കെ.ജെ, വയത്തൂർ യുപി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോർജ്ജ് ടി.ജെ തുടങ്ങിയവർ മറുപടി പ്രസംഗം നടത്തി.

ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതവും ടീച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ശ്രീ. അഗസ്റ്റിൻ കെ ജോസഫ് നന്ദിയും പ്രകാശിപ്പിച്ചു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## അവാർഡ് ജേതാക്കൾ

**ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി എക്സലൻസ് അവാർഡ്**

- ശ്രീ. ഫ്രാൻസിസ് കെ.ജെ, പ്രിൻസിപ്പാൾ - സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്
- ശ്രീ. കുര്യൻ ജോസ് - പിഇടി -സെന്റ് ജോസഫ്സ് എച്ച്.എസ് വായാട്ടുപറമ്പ
- ശ്രീമതി. ബെൻസി ജോസഫ് - ഹെഡ്മിസ്ട്രസ്സ് - സെന്റ് ജോസഫ്സ് യുപിഎസ് കാരുള്ളടുക്കം
- ശ്രീമതി.ലിസ്സി തോമസ് - ഹെഡ്മിസ്ട്രസ് - സെന്റ് മേരീസ് എൽപിഎസ് എടൂർ

**മെറിറ്റ് സർട്ടിഫിക്കറ്റ്**

- ശ്രീ. സ്റ്റീഫൻ വി.ഡി - ക്ലാർക്ക് - സെന്റ് ജോസഫ്സ് എച്ച്.എസ് വായാട്ടുപറമ്പ

## ഹെഡ്മാസ്റ്റേഴ്സ് സമ്മേളനം

യാത്രയയപ്പ് യോഗത്തിന് ശേഷം ഫാ. മാത്യു ശാസ്താംപടവിലിന്റെ അധ്യക്ഷതയിൽ പ്രധാന അധ്യാപക സമ്മേളനം നടന്നു. പ്രധാനാധ്യാപകർ ടീം മാനേജറാണ് സ്കൂൾ സോഫ്റ്റ്വെയർ, സ്പാർക്ക്, സമ്പൂർണ്ണ തുടങ്ങിയ കാര്യങ്ങൾ പ്രധാനാധ്യാപകർ പഠിക്കണം. കോവിഡ് മഹാമാരിയുടെ പശ്ചാതലത്തിലും അടുത്ത സ്കൂൾ വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. അവധിക്കാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുകൾ തുടങ്ങുക, സ്പോർട്സ് അക്കാദമി ആരംഭിക്കുക തുടങ്ങിയവ. അക്ഷരം പോലും അറിയാത്ത കുട്ടികളുണ്ട്. അടിസ്ഥാന കാര്യങ്ങൾ എങ്കിലും പഠിപ്പിക്കണം. വാഹന സൗകര്യം ഈല്ലാത്തതിനാൽ സ്കൂളിൽ വരാതിരിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇനി കുട്ടികളെ ഫോണിൽ നിന്നും മാറ്റാൻ ആവാത്തതിനാൽ ക്രിയാത്മകമായി ഫോൺ ഉപയാഗിക്കാൻ പരിശീലിപ്പിക്കുക. തുടങ്ങിയ കാര്യങ്ങൾ കോർപ്പറേറ്റ് മാനേജർ ഓർമ്മപെടുത്തി.

## പിടി ചാക്കോ പ്രസംഗ മത്സര വിജയികൾ 2021-22

**എച്ച്.എസ്.എസ്**

ഒന്നാം സ്ഥാനം – ജാസ്മിൻ സുരേഷ് – സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്
രണ്ടാം സ്ഥാനം – ഡാരിസ് ബെന്നി – സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് വെളിമാനം

മൂന്നാം സ്ഥാനം - ലിനോൾഡ് മാത്യു - സെന്റ് ജൂഡ്സ് എച്ച്.എസ്.എസ് വെള്ളരിക്കുണ്ട്

**തോമാപുരം മേഖല: എച്ച്.എസ് വിഭാഗം**

ഒന്നാം സ്ഥാനം – നിയ ബെന്നി – സെന്റ് ജോൺസ് എച്ച്.എസ്.എസ് പാലാവയൽ

രണ്ടാം സ്ഥാനം – ഡെൽന മരിയ ജോമോൻ – സെന്റ് തോമസ് എച്ച്.എസ്.എസ് തോമാപുരം

മൂന്നാം സ്ഥാനം – സയനോര ക്രിസ്റ്റീന സജി – സെന്റ് ജൂഡ്സ് എച്ച്.എസ്.എസ് വെള്ളരിക്കുണ്ട്

**യു.പി വിഭാഗം**

ഒന്നാം സ്ഥാനം – ഡെൽന റോസ് ഷാജി– സെന്റ് ജോസഫ്സ് യുപിഎസ് കാരുള്ളടുക്കം

രണ്ടാം സ്ഥാനം – ജോൺ എൽസ് ടോം– സെന്റ് തോമസ് എച്ച്.എസ് തോമാപുരം

മൂന്നാം സ്ഥാനം – ദിയ എലിസബത്ത്– സെന്റ് തോമസ് എച്ച്.എസ് തോമാപുരം

**എൽ.പി വിഭാഗം**

ഒന്നാം സ്ഥാനം – നേഹ എലിസബത്ത് ഷിജു – നിർമ്മലഗിരി എൽപിഎസ് വെള്ളരിക്കുണ്ട്

രണ്ടാം സ്ഥാനം – നോറ ഷാജു – സെന്റ് തോമസ് എൽപിഎസ് തോമാപുരം

മൂന്നാം സ്ഥാനം – ജ്വൽ തെരേസ് ജോഷി– വിമല എൽപിഎസ് ഭീമനടി

**വായാട്ടുപറമ്പ മേഖല: എച്ച്.എസ് വിഭാഗം**

ഒന്നാം സ്ഥാനം – സിയാൻ മരിയ ഷാജി – നിർമ്മല എച്ച്.എസ്.എസ് ചെമ്പേരി

രണ്ടാം സ്ഥാനം – അന്ന പി ടോം -സെന്റ് ജോസഫ്സ് എച്ച്.എസ് എസ് വായാട്ടുപറമ്പ

മൂന്നാം സ്ഥാനം – ജുവാന മരിയ -സെന്റ് ജോസഫ്സ് എച്ച്. എസ്.എസ് വായാട്ടുപറമ്പ

**യു.പി വിഭാഗം**

ഒന്നാം സ്ഥാനം - ആൻലിയ വിൻസൺ - സെന്റ് ജോസഫ്സ് യുപിഎസ് വായാട്ടുപറമ്പ

രണ്ടാം സ്ഥാനം – ലയ മരിയ ബെന്നി – ചെറുപുഷ്പം യുപിഎസ് ചെമ്പന്തൊട്ടി

മൂന്നാം സ്ഥാനം – അലീന തെരേസ് സെബാസ്റ്റ്യൻ – സെന്റ് മേരീസ് യുപിഎസ് പൈസക്കരി

**എൽ.പി വിഭാഗം**

ഒന്നാം സ്ഥാനം – ഗബ്രിയ ആൻ ജസ്റ്റിൻ – നിർമ്മല യുപിഎസ് ചെമ്പേരി

രണ്ടാം സ്ഥാനം – ആൻ തെരേസ തോമസ് – സെന്റ് മേരീസ് യുപിഎസ് പൈസക്കരി

മൂന്നാം സ്ഥാനം – ആഞ്ചലീന ആൻ ജോ – പ്രത്യാശ യുപി എസ് ഉദയഗിരി

**എടൂർ മേഖല: എച്ച്.എസ് വിഭാഗം**

ഒന്നാം സ്ഥാനം – ജെഫിൻ പി ഡയസ് – സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. വെളിമാനം

രണ്ടാം സ്ഥാനം – ലയ സന്തോഷ് – സെന്റ് മരീസ് എച്ച്.എസ്.എടൂർ

മൂന്നാം സ്ഥാനം – ഭ്രവിയ സൂസൻ ബിനു – സെന്റ് ജോസഫ്സ് എച്ച്.എസ് കുന്നോത്ത്

**യുപി വിഭാഗം**

ഒന്നാം സ്ഥാനം - കാശ്മീര സിജു - സെന്റ് മേരീസ് എച്ച് എസ് എടൂർ
രണ്ടാം സ്ഥാനം - ക്രിസ്റ്റീന ഷാജു - കാരിസ് യുപിഎസ് മാട്ടറ
മൂന്നാം സ്ഥാനം - എയ്ഞ്ചൽ മരിയ - സേക്രട്ട് ഹാർട്ട് യുപിഎസ് അങ്ങാടിക്കടവ്

**എൽ.പി വിഭാഗം**

ഒന്നാം സ്ഥാനം - ആൻഡ്രിയ ഷൈജു - സെന്റ് തോമസ് യുപിഎസ് മണിക്കടവ്
രണ്ടാം സ്ഥാനം - ഒലീവിയ എൽസ് ബിനു - വയത്തൂർ യുപിഎസ് ഉളിക്കൽ
മൂന്നാം സ്ഥാനം - ദിയ സന്തോഷ് - സെന്റ് മേരീസ് എൽ.പിഎസ് എടൂർ

മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സമ്മാനാർഹരായ വിദ്യാർത്ഥികൾക്കും അവരെ പ്രോത്സാഹിപ്പിച്ച അധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ

## 2021 –22 അധ്യയന വർഷം സർവ്വീസിൽ നിന്നും വിരമിച്ചവർ

| Sl No. | Name of Employee | Design-ation | School | Date of retirement |
|---|---|---|---|---|
| 1 | Tom Jose N | Principal | Thomapuram St.Thomas H.S.S | 31-03-2022 |
| 2 | Francis. K.J | Principal | Angadikadavu Sacred Heart H.S.S | 30-04-2022 |
| 3 | Johny Thomas | Principal | Kolakkad Santhome H.S.S | 31-05-2022 |
| 4 | Marykutty M. Joseph | HM (HS) | Therthally Marygiri H S | 31-05-2022 |
| 5 | Aysamma Skaria | HM (HS) | Karikkottakary St.Thomas H S | 31-05-2022 |
| 6 | Sophiamma Joseph | HM (HS) | Pulikurumba St.Joseph's H S | 31-03-2022 |
| 7 | Mathewkutty Sebastian | HM (HS) | Kilianthara St.Thomas H S | 31-05-2022 |
| 8 | Deen Thomas | HM (HS) | Kunnoth St.Joseph's H S | 31-03-2022 |
| 9 | Thankamma Kurian | HM (HS) | Nellikutty St. Augustine's H S | 30-06-2022 |
| 10 | Kuttyamma George | HM (HS) | Velimanam St. Sebastian's H S (VRS) | 31-05-2022 |
| 11 | Betcy Joseph | HM | Thomapuram St.Thomas L.P.S | 31-05-2022 |
| 12 | Jins Thomas | HM | Chandanakampara Cherupushpa U.P.S | 31-05-2022 |
| 13 | Lousamma Abraham | HM | Pathanpara Nirmala L.P.S | 31-05-2022 |
| 14 | Ancy P Mathew | HM | Palavayal St.John's L.P.S | 30-04-2022 |
| 15 | George Tj | HM | Vayathur U.P.School | 31-03-2022 |
| 16 | Bency Joseph | HM | Karulladakkam St. Joseph's U.P.S | 31-05-2022 |
| 17 | Celinamma Joseph T. | HM | Ratnagiri St.Sebastian's L.P.S | 31-03-2022 |

| | | | |
|---|---|---|---|
| 18 Devasia S.A | HM | Kunnoth St. Joseph's U.P. S | 31-05-2022 |
| 19 Salomi A U | HM | Vilakkannur Queen Mary L.P | 31-05-2022 |
| 20 Lizy Thomas | HM | Edoor St.Mary's L.P.S | 31-05-2022 |
| 21 Kusumam P.M | HM | Nellipara Holy Family L.P.S | 31-05-2022 |
| 22 Bindu Thomas | HM | Peratta St. Antony's UP S (VRS) | 30-04-2022 |
| 23 Thankachan K.A. | HM | Areekamala St. Joseph's LP S (VRS) | 30-04-2022 |
| 24 Mercy Mathew | HSST (Mat) | Therthally Marygiri HSS | 31-05-2022 |
| 25 Tomy Joseph | HSST (Mal) | Edoor St.Mary's H.S.S | 31-05-2022 |
| 26 Regimol.T | HSST (Mal) | Therthally Marygiri HSS | 31-05-2022 |
| 27 Saly .M.M | HSST (Eng) | SrVelimanam St.Sebastians H.S.S | 30-04-2022 |
| 28 Sherly Michael | HST (Hindi) | Thomapuram. St.Thomas H S | 31-05-2022 |
| 29 Soly Joseph | HST (Hindi) | Velimanam St.Sebastian's H S | 31-05-2022 |
| 30 Moli Thomas | HST (Mat) | Palavayal St.John's H S | 31-03-2022 |
| 31 Luciamma M.J | HST (Mat) | Kunnoth St.Joseph'sH S | 31-03-2022 |
| 32 Dolly Mathew | HST (Mat) | Vayattuparamba St.Joseph's H S | 31-03-2022 |
| 33 Rosakutty P J | HST (Mat) | Thomapuram. St.Thomas H S | 31-05-2022 |
| 34 Celine George | HST (Mat) | Kunnoth St.Joseph'sH S | 31-05-2022 |
| 35 Shiney John | HST (NS) | Kudianmala Mary Queen's H S | 31-05-2022 |
| 36 Mercykutty Antony | HST (NS) | Therthally Marygiri HS | 31-03-2022 |
| 37 Sr.Maria Joseph | HST (SS) | Manikadave St.Thomas H S | 31-03-2022 |
| 38 Joseph P.J. | HST (SS) | Vellarikundu St.Jude's HS | 31-05-2022 |
| 39 Sherley V V | HST (SS) | Edoor St.Mary's HS | 30-04-2022 |
| 40 Sr.Kochurani .K.J. | HST (Mal) | Velimanam St.Sebastian's HS | 31-05-2022 |
| 41 Kurian Jose | PET | Vayattuparamba St.Joseph's HS | 31-05-2022 |
| 42 Sr. Thresia K.A. | Needle Work | Edoor St. Mary's H S | 31-05-2022 |
| 43 Beenamol T Joseph | UPST | Chemperi Nirmala U.P.S | 31-05-2022 |
| 44 Jolly K C | UPST | Veerpad St.Sebastian's U.P.S | 31-05-2022 |
| 45 Gracy Sebatian | UPST | Kunnoth St. Joseph's U.P. S | 31-05-2022 |
| 46 Valsamma Sabastian | UPST | Angadikadavu Sacred Heart U.P.School | 31-05-2022 |

| | | | |
|---|---|---|---|
| 47 Jessy Joseph | UPST | Paisakari St. Mary's UP S | 31-05-2022 |
| 48 Syamala M.V | UPST | Chempanthotty Cherupushpam UPS | 31-05-2022 |
| 49 Sr.Cicily Scaria | UPST | Veerpad St.Sebastian's UPS | 31-05-2022 |
| 50 Sebastian K U | JLT (Hindi) | Veerpad St.Sebastian's UPS | 31-05-2022 |
| 51 Mary Jose T | JLT (Hin) | Vayattuparamba St.Joseph's UPS | 31-05-2022 |
| 52 Lissy Jacob | JLT (Hindi) | Manikkadavu St.Thomas UPS | 31-05-2022 |
| 53 Sr.Annakutty K.F | LPST | Angadikadavu Sacred Heart UPS | 31-03-2022 |
| 54 Geetha Sebastian K | LPST | Vayathur U.P.S | 31-05-2022 |
| 55 Daisy Thomas .M | LPST | Kunnoth St. Joseph's U.P. S | 30-04-2022 |
| 56 Lilly Joseph | LPST | Karikkottakary St. Thomas UPS | 31-05-2022 |
| 57 Licy K | LPST | Manhalampuram UPS | 31-05-2022 |
| 58 Lioney Jacob | LPST | Marypuram St.Mary's ALPS | 31-05-2022 |
| 59 Sophiamma George | LPST | Palavayal St.John's LPS | 30-04-2022 |
| 60 Jesy James | LPST | Paisakari St. Mary's U PS | 31-05-2022 |
| 61 Saji V Thomas | LPST | Kacherikadavu St.George's UPS | 30-04-2022 |
| 62 Miny P G | Lab Attend. | Angadikadavu Sacred Heart HSS | 31-01-2022 |
| 63 Babukutty George | Lab Attend. | Chemperi Nirmala HSS | 30-04-2022 |
| 64 Joy John | Clerk | Chemperi Nirmala HS | 31-05-2022 |
| 65 Syriac Thomas | Clerk | Perumpadavu B.V.J.M HS | 31-05-2022 |
| 66 George K.V | Office Attend. | Thomapuram. St.Thomas HS | 31-03-2022 |

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**

കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

2022–23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾ നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120–ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. നിലവിൽ പ്ലസ്വൺ പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷിപ്പുകൾ ലഭ്യമാകാൻ അർഹതയുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Website : **www.vjec.ac.in** E-mail: **admission@vjec.ac.in**

## Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി മെയ് 2 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ / ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. Call: 9846 423 448, 0460 2212240
WhatsApp only : 8547 227 325, 9400 062 919, 9400 062 918

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ഐ.ടി. കമ്പനിയായ SURVEY SPARROW നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 4 അവസാന വർഷ വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി. കമ്പനിയായ 6D TECHNOLOGIES നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 8 അവസാന വർഷ വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഏപ്രിൽ പകുതിയോടെ സെലക്ഷൻ ലിസ്റ്റ് ലഭ്യമാകുമെന്ന് കരുതുന്നു.
- വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലും GOPRAC എന്ന കമ്പനിയും

സംയുക്തമായി മൂന്നാം വർഷ വിദ്യാത്ഥികൾക്കുവേണ്ടി MOCK HR & TECHNICAL INTERVIEW TRAINING സംഘടിപ്പിച്ചു. 195 കുട്ടികൾ ഈ ട്രെയിനിങ്ങിൽ പങ്കെടുത്തു.

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന PENTAGON SPACE ഉം വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലും സംയുക്തമായി ഇത് വരെയും ക്യാമ്പസ് പ്ലേസ്മെന്റ് ലഭിക്കാത്ത കുട്ടികൾക്കായി മാർച്ച് 14 മുതൽ 20 വരെ PLACEMENT WEEK സംഘടിപ്പിക്കുന്നു. BROADRIDGE, ESS, MSYS TECHNOLOGIES, CLOUDTHING, TATA ELXSI, PROLIFICS, EUROFINS IT SOLUTIONS, എന്നീ 7 പ്രമുഖ കമ്പനികൾ കുട്ടികളെ റിക്രൂട്ട് ചെയ്യുന്നു.
- REPLY VELOREM, INFOSYS, TURBOLAB TECHNOLOGIES എന്നീ പ്രമുഖ കമ്പനികൾ ഏപ്രിൽ മാസം വിമൽ ജ്യോതിയിൽ നിന്നും ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 2022 വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് :9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
  Webiste : **www.vjim.ac.in**E-mail: **admission@vjim.ac.in**

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ സജീവമായ പരിശീലനങ്ങൾ നടക്കുന്ന ഏപ്രിൽ, മെയ് മാസങ്ങളിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. അക്കാഡമിയുടെ IELTS, OET, GERMAN, UKVI, NEET, JEE, KEAM പരിശീലനങ്ങൾക്ക് വേണ്ടതായ വിപുലമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള മികച്ച അദ്ധ്യാപകർ ഈ സീസണിൽ നമ്മോടൊപ്പം സഹകരിക്കുന്നുണ്ട്. ഇത്തരം പരീക്ഷകൾക്കാവശ്യമായ പരിശീലന സഹായത്തിനുവേണ്ടി നേരത്തെതന്നെ അക്കാഡമിയിൽ അന്വേഷിക്കാവുന്നതാണ്. വിവിധ എൻട്രൻസ് പരീക്ഷകൾക്കുള്ള ആപ്ലിക്കേഷൻ ഫോമുകൾ സമർപ്പിക്കേണ്ട സമയം കൂടിയാണിത്. കൃത്യസമയത്തുതന്നെ അപേക്ഷകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. 2022 ഏപ്രിൽ, മെയ് മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1, A2, B1, B2 കോഴ്സുകളുടെ പുതിയ ബാച്ച് ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നു. A1, A2, കോഴ്സുകൾ ഓരോ മാസം വീതവും, B1 കോഴ്സ് രണ്ട് മാസവും, B2 കോഴ്സ് മൂന്ന് മാസവുമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS /

OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 3. UKVI

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6 ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പ്രത്യേക പരിശീലനം സാൻജോസ് അക്കാഡമിയിൽ ആരംഭിച്ചിട്ടുണ്ട്.

## 4. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

## 5. Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി മെയ് 2 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ / ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ

ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. Call: 9846 423 448, 0460 2212240 WhatsApp only : 8547 227 325, 9400 062 919, 9400 062 918

**6. Communicative English & Grammar Class for Students**

ഇംഗ്ലീഷ് ഭാഷാനൈപുണ്യം ഉജ്ജ്വലിപ്പിക്കുവാനായി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓൺലൈൻ ഇംഗ്ലീഷ് പരിശീലനം മെയ് 15 മുതൽ പുതിയ ബാച്ച് ആരംഭിക്കുന്നു. 25 വിദ്യാർത്ഥികൾക്ക് അടുത്ത ബാച്ചിൽ പരിശീലനം നൽകാൻ സാധിക്കും. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. സോണി വടശ്ശേരി അച്ചനാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. കോഴ്സ് ഫീസ് 2500/- രൂപ. 2 മാസം നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

2022 മാർച്ച് 05 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നെല്ലിക്കാംപോയിൽ സാൻ തോം പാരീഷ് ഹാളിൽ വച്ച് ഇൻഫാം നെല്ലിക്കാം പോയിൽമേഖല നേതൃസംഗമവും കർഷക സെമിനാറും നടത്തി അഭി.മാർ.ജോസഫ് പാംപ്ലാനി ഉത്ഘാടനം നടത്തിയ മീറ്റിംഗിൽ ശ്രീ.പി.സി.ഷാജി ഉളിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്. അധ്യക്ഷനായിരുന്നു. മോൺ.ജോസഫ് ഒറ്റപ്ലാക്കൽ മുഖ്യ പ്രഭാഷണവും. ഫൊറോന വികാരി.റവ.ഫാ.ജോസഫ് കാവനാടി ആമുഖ പ്രഭാഷണവും.ഇൻഫാം അതിരൂപത ഡയറക്ടർ ഫാ.തോമസ് ചെരുവിൽ അനുഗ്രഹ പ്രഭാഷണവും നടത്തി.ഇൻഫാം ഫോറോന ഡയറക്ടർ ഫാ.ജോർജ്ജ് ആശാരിക്കുന്നേൽ നിയുക്ത മെത്രാ പോലീത്താ മാർ .ജോസഫ് പാംപ്ലാനിയെ ഷാൾ അണിയിച്ച് ആദരിച്ചു. പ്രസ്തുത മീറ്റിംഗിന് മേഖല പ്രസിഡന്റ്.ശ്രീ ഷാജി തെക്കേമുറി സ്വാഗതവും മേഖല സെക്രട്ടറി ശ്രീ.എബി കരാമയിൽ റിപ്പോർട്ടും ജില്ലാ പ്രസിഡന്റ് ശ്രീ സ്കറിയ നെല്ലംകുഴി ആശംസയും അർപ്പിച്ചു. ശ്രീ. അഡ്വ. ബിനോയ് തോമസ് കർഷക സെമിനാർ നയിച്ചു.എല്ലാ യുണിറ്റ് ഭാരവാഹികളും പങ്കെടുത്തു എന്നുള്ളത് മേഖല നേതൃത്വത്തെ അഭിനന്ദിക്കുന്നു. എല്ലാ യുണിറ്റ് ഡയറക്ടർ അച്ചൻമാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഇൻഫാം കാഞ്ഞങ്ങാട് മേഖല**

ഇൻഫാം കാഞ്ഞങ്ങാട് മേഖല കൺവെൻഷൻ ഇൻഫാം ചായോത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മേഖല കൺവെൻഷൻ ചായോത്ത് വച്ച് നടന്നു. ഇൻഫാം ചായോത്ത് യൂണിറ്റ് ആരംഭിക്കുന്ന.. 'കറ്റാർവാഴ കർഷക ചന്ത 'കർഷകന്റെ കട' ഇൻഫാം വനിത യൂണിറ്റ് എന്നിവയുടെ ഔപചാരിക ഉത്ഘാടനവും 12-3-2022. ശനി വൈകുന്നേരം 4.30 ചായോത്ത് സെന്റ് അൽഫോൻസാ ദേവാലയ ഓഡിറ്റോറിയത്തിൽ തലശ്ശേരി അതിരൂപത നിയുക്ത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. പ്രസ്തുത യോഗത്തിൽ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. കെ. രവി അധ്യക്ഷത വഹിച്ചു ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ മുഖ്യ പ്രഭാഷണം നടത്തി കാസർഗോഡ് ജില്ല

പ്രിൻസിപ്പൽ കൃഷി ഓഫീസർ വീണാറാണി കൃഷിയറിവുകൾ പങ്കുവയ്ക്കും.കാസർഗോഡ് ജില്ലാ ഡയറക്ടർ റവ.ഡോ.ജോൺസൺ അന്ത്യാംകുളം കിനാനൂർ-കരിന്തളം പഞ്ചായത്ത് കൃഷി ഓഫീസർ നിഖിൽ നാരായൺ കാഞ്ഞങ്ങാട് ഫോറോന വികാരി റവ.ഫാ.മാത്യു ഇളംതുരുത്തി പടവിൽ രണ്ടാം വാർഡ് മെമ്പർ ശ്രീമതി ഷൈജമ്മ ബെന്നി.കാഞ്ഞങ്ങാട് മേഖല പ്രസിഡന്റ് ശ്രീ. സാജു എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിൽ മാതൃകാ കർഷകരായ ചായോത്ത് ഇൻഫാം അംഗങ്ങൾ ശ്രീ. ഭാസ്കരൻ മൂന്നുറോഡ്. ശ്രീ. സണ്ണി ആടുകുഴി എന്നിവരെ ആദരിച്ചു. ഇൻഫാം കാഞ്ഞങ്ങാട് ഫോറോന ഡയറക്ടർ റവ. ഫാ. ലൂയിമരിയദാസ് കർഷക കവിത ആലപിച്ചു. കാഞ്ഞങ്ങാട് മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും ഇൻഫാം പ്രവർത്തകർ പരിപാടിയിൽ സംബദ്ധിച്ചു.കാസർഗോഡ്ജില്ലാ പ്രസിഡന്റ് ശ്രീ. ഗിരി തിരുതാളിൽ സ്വാഗതവും കാഞ്ഞങ്ങാട് മേഖല.സെക്രട്ടറി ശ്രീ സണ്ണി കാട്ടുതറ നന്ദിയും അറിയിച്ചു. മേഖല കൺവെൻഷൻ ഭംഗിയായി ക്രമീകരിച്ച കാഞ്ഞങ്ങാട് മേഖല ഡയറക്ടർ ലൂയി മരിയദാസ് അച്ചനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

സ്നേഹമുള്ളവരെ നെല്ലിക്കാംപൊയിൽ, കാഞ്ഞങ്ങാട് മേഖലകൾ ചെയ്തതുപോലെ മറ്റ് ഫൊറോനകളും ഫൊറോന ഡയറക്ടർ അച്ചൻമാരുടെ നേതൃത്വത്തിൽ മേഖല കൺവെൻഷനുകൾ നടത്തുകയും യൂണിറ്റുകൾ സ്ഥാപിക്കാനും ശ്രദ്ധിക്കുമല്ലോ. അതിരൂപതാ ടീമിന്റെ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് ചെരുവിൽ**

ഡയറക്ടർ

# എ.കെ.സി.സി.

## ഉക്രൈനിൽ സമാധാനം സ്ഥാപിക്കണം: ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്

റഷ്യ ഉക്രൈനിൽ നടത്തുന്ന യുദ്ധം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് രണ്ടാം തീയതി യൂണിറ്റ് തലങ്ങളിലും, ഫൊറോനാ കേന്ദ്രങ്ങളിലും, ഭവനങ്ങളിലും സമാധാന ദീപം തെളിയിച്ചു. സമരത്തിന്റെ അതിരൂപതാതല ഉദ്ഘാടനം തലശ്ശേരി സന്ദേശഭവനിൽ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ച ക്കുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാപുറം, ചാക്കോച്ചൻ കരാമയിൽ, അഡ്വക്കേറ്റ് ബിനോയ് തോമസ് ഡേവിസ് ആലങ്ങാടൻ, വർഗീസ് പള്ളിച്ചിറ, ഐ സി മേരി എന്നിവർ പ്രസംഗിച്ചു.

## ഗ്ലോബൽ നേതൃത്വപരിശീലന ക്യാമ്പ്

എറണാകുളത്ത് വച്ച് നടന്ന ഗ്ലോബൽ നേതൃത്വപരിശീലന ക്യാമ്പിൽ അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, വർക്കിംഗ് കമ്മിറ്റി മെമ്പർ അഡ്വക്കേറ്റ് ബിനോയ് തോമസ്, സിജോ അമ്പാട്ട്, ഐ സി മേരി, പിയൂസ് പറയിടം, ഷീബ തെക്കേടത്ത് എന്നിവർ രണ്ടു ദിവസം നീണ്ടു നിന്ന ക്യാമ്പിൽ പങ്കെടുത്തു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

നിർമലഗിരി കോളേജ് രക്ഷാധികാരിയായും തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പായും മഹത്തായ സേവനകാലം പൂർത്തിയാക്കിയ മാർ ജോർജ് ഞറളക്കാട്ട് പിതാവിന് നിർമലഗിരി കുടുംബം ഹൃദ്യമായ യാത്രയയപ്പു നൽകി. പ്രസ്തുത സമ്മേളനത്തിൽ ബൽത്തങ്ങാടി രൂപത ബിഷപ്പ് മാർ ലോറൻസ് മുക്കുഴി വിശിഷ്ടാതിഥി ആയിരുന്നു. മാർച്ച് 22 നു കോളജ് ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ ഈ വർഷം വിരമിക്കുന്ന അധ്യാപകരായ സിസ്റ്റർ. ഡോ. ജെസ്സി വർഗീസ്, ഡോ. ടെസ്സി ജോർജ്ജ്, അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് അംഗങ്ങളായ ശ്രീമതി എൽസമ്മ എ. ജെ., ശ്രീ. ബാബു പീറ്റർ ആർ. എന്നിവർക്കും യാത്രയയപ്പ് നൽകി.

അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി നിർമലഗിരി കോളജ് വിമൻസ് ക്ലബും എൻ.എസ് .എസും സംഘടിപ്പിച്ച പരിപാടിയിൽ അഡ്വ. പ്രീതി പറമ്പത്ത് മുഖ്യ അഥിതി ആയിരുന്നു. കോളജ് പ്രിൻസിപ്പാൾ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ഡോ. സിസ്റ്റർ. റീന മാത്യു എംബിബിസ്, ഡി.ജി.ഓ. ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

2021–2022 കലാലയ യൂണിയന്റെ പ്രവർത്തനോൽഘാടനം മാർച്ച് 9, ബുധനാഴ്ച രാവിലെ ശ്രീ. കെ. വി. സുമേഷ് MLA നിർവഹിച്ചു. ഷിനു ചൊവ്വ മുഖ്യാഥിതി ആയിരുന്ന പരിപാടിയിൽ പ്രിൻസിപ്പാൾ അധ്യക്ഷത വഹിച്ചു.

ഈ അധ്യായന വർഷത്തിലെ ഫൈൻ ആർട്സ് ആഘോഷങ്ങൾ മാർച്ച 10 നു നടത്തപ്പെട്ടു. വിവിധ ഡിപ്പാർട്മെന്റുകളിലെ കുട്ടികൾ മാറ്റുരച്ച കലാ മാമാങ്കത്തിൽ കെമിസ്ട്രി വിഭാഗം വിജയികളും ഇംഗ്ലീഷ് വിഭാഗം രണ്ടാം സ്ഥാനക്കാരുമായി.

നിർമ്മലഗിരി കോളേജ് ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 13 തീയ്യതി ഞായറാഴ്ച, രണ്ടാംവർഷ ചരിത്ര വിദ്യാർത്ഥികൾക്ക് സംസ്കൃതി സോഷ്യൽ വർക്ക് സെന്ററിന്റെ ഭാഗമായ സഹജീവനം പാർക്ക്, ബേക്കൽ കോട്ട എന്നിവിടങ്ങളിലേക്ക് പഠനയാത്രസംഘടിപ്പിച്ചു. മാർച്ച്14 ന് ജന്തു ശാസ്ത്ര വിഭാഗം വിദ്യാർത്ഥികൾക്കായി സ്പീഷീസ് ഡിസ്ട്രിബൂഷൻ മാപ്പിംഗ് സംബന്ധിച്ച ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ലിംഗ സമത്വ ബോധവൽക്കരണവുമായി ബന്ധപ്പെട്ടു മാർച്ച് 17 നു നിർമലഗിരി കോളജും കുടുംബശ്രീയും സംയുക്തമായി നടത്തിയ പരിപാടിയിൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശാന്തമ്മ ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു.

നിർമലഗിരി കോളേജിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 17 നു മാധ്യമ സാക്ഷരത ശില്പശാല നടത്തി. മുഖ്യമന്ത്രിയുടെ പത്ത് ഇന പദ്ധതികളുടെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്. 'സത്യമേവ ജയതേ'എന്നപേരിൽ നടത്തപ്പെട്ട ശില്പശാലയിൽ സോഷ്യൽ മീഡിയയിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും കടന്നുവരുന്ന വ്യാജ വാർത്തകളെയും തെറ്റായ അറിവുകളെയും തിരിച്ചറിയുന്നതിനും അവയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തി. കോളേജിലെ വിവിധ ഡിപ്പാർട്ട്മെൻറ്കളിൽ നിന്നുമുള്ള ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ പ്രോഗ്രാമിൽ പങ്കെടുത്തു.

നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ഔസേപ്പച്ചൻ കെ.വി ശില്പശാല ഉദ്ഘാടനം ചെയ്തു. നിർമ്മലഗിരി കോളേജ് കോളേജ് കൊമേഴ്‌സ് വിഭാഗം അധ്യാപകൻ ശ്രീ.കമില്ലോ ജോസഫ് ശിൽപ്പശാലക്ക് നേതൃത്വം നൽകി. സ്ത്രീ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി മാർച്ച് 18 നു ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച നിർമ്മലഗിരി കോളജ് എൻ. എസ്.എസ്. വോളണ്ടിയർമാർ കൂത്തുപറമ്പ് ബസ് സ്റ്റാൻഡിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു.സ്റ്റേറ്റ് കോവിഡ് വാരിയേഴ്‌സ് കേരള, കണ്ണൂർ,- കാസർഗോഡ് ജില്ലാ സബ് കമാൻഡിങ് ഓഫീസർ ഡോ. ദീപമോൾ മാത്യു സ്റ്റേറ്റ് കോവിഡ് വാരിയേഴ്‌സ്കേരള, കണ്ണൂർ,- കാസർഗോഡ് ജില്ലാ സ്റ്റുഡൻറ്സ് വോളണ്ടിയർ സ്വാതി ബാലകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

മാർച്ച്18-നു വിവിധ ഡിപ്പാർട്മെൻറ് അസോസിയേഷനുകളുടെ പ്രവർത്തനോൽഘാടനം നടത്തപ്പെട്ടു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് നിരവധി പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഹിസ്റ്ററി അസോസിയേഷൻ ദിനചാരണത്തിൽ ചരിത്ര വിഭാഗം മുൻ മേധാവി ഡോ. ജോൺ ജോസഫ് മുഖ്യ അതിഥി ആയിരുന്നു. ഹരിയാനയിൽ വച്ചു നടന്ന All India Soft Ball മത്സരത്തിൽ കണ്ണൂർ യൂണിവേഴ്‌സിറ്റി ടീമിൽ അംഗങ്ങളായ ചരിത്ര വിഭാഗം വിദ്യാർത്ഥികൾ സാന്ദ്ര കെ. കെ, ഫാത്തിമത് സഹല കെ, അശ്വനി കെ എന്നിവർക്ക് സ്വീകരണം നൽകി.

കണ്ണൂർ യൂണിവേഴ്‌സിറ്റി സംഘടിപ്പിച്ച വിവിധ കായിക മത്സരങ്ങളിൽ നിർമലഗിരി കോളേജിലെ വിദ്യാർത്ഥികൾ മികവുറ്റ പ്രകടനം തുടരുന്നു. നിരവധി മെഡലുകൾക്കു അർഹരായതോടൊപ്പം കളരിയപ്പയറ്റ് വനിതാ ടീമും സോഫ്റ്റ് ബാൾ വനിതാ ടീമും യൂണിവേഴ്‌സിറ്റി ചാമ്പ്യന്മാരായി. കളരിപ്പയറ്റിൽ പുരുഷ വിഭാഗത്തിൽ റണ്ണർ അപ്പ് ആവാനും കോളജ് ടീമിന് കഴിഞ്ഞു. മാർച്ച് 30 നു നടത്തപ്പെട്ട പി.ടി. എ. ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തു.

**പി ആർ ഒ,** നിർമ്മലഗിരി കോളേജ്

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



തലശ്ശേരി അതിരൂപതയിൽ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രിയ സഹോദരങ്ങളെ,

രണ്ടു വർഷങ്ങൾക്കുശേഷം ആദ്യമായി വളരെ വിപുലമായ ഒരു മീറ്റിങ്ങും സെമിനാറും വനിതാ ദിനത്തോടനുബന്ധിച്ചു മാർച്ച് 12ന് സംഘടിപ്പിക്കാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി പറയുന്നു. കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന വനിതാ സംഗമത്തിൽ അതിരൂപതയിലെ എല്ലാ എ.സികളിൽ നിന്നുമായി 150 ഓളം വനിതകൾ പങ്കെടുത്തു. സി.സി പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നാഷണൽ കൗൺസിൽ വനിതാപ്രതിനിധി ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സ്പിരിച്വൽ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസ്സുകൾക്കു നേതൃത്വം നല്കി. 30 വർഷത്തിലധികമായി വിൻസെന്റ് ഡി പോൾ അംഗവും, കേരള കത്തോലിക്ക സഭയിൽ ആദ്യമായി സമർപ്പിത കന്യകയായി അഭിഷേകം ചെയ്യപ്പെട്ടതുമായ ശ്രീമതി മേരി മലേപ്പറമ്പിലിനെ യോഗത്തിൽ ആദരിച്ചു. കെ.ആർ.സി.സി. ജോയിന്റ് കോ-ഓർഡിനേറ്റർ ബാബു ജോസഫ് കൊട്ടാരം മുഖ്യ പ്രഭാഷണം നടത്തി.

ആലക്കോട് എ.സി യിൽ വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പിന്റെ ഉൽഘാടനം ഫാ. മാണി ആട്ടേൽ നിർവ്വഹിച്ചു.17 വിദ്യാർത്ഥികൾക്ക് 5000/രൂ. വീതം 85000/രൂ. വിതരണം ചെയ്തു. ചെമ്പൻതൊട്ടി എ.സി യിൽ ചേപ്പറമ്പ് കോൺഫറൻസിൽ വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പിന്റെ ഉൽഘാടനം ഫാ. ജിനു വടക്കേമുളഞ്ഞനാൽ നിർവ്വഹിച്ചു. 15 വിദ്യാർഥികൾക്ക് 31500/രൂ വിതരണം ചെയ്തു. 5 പേർക്ക് ചികിത്സാ സഹായമായി 17000/രൂപ നൽകി. കരയത്തുംചാൽ കോൺഫറൻസ് ചികിത്സാ സഹായമായി 13500/രൂപയും ഭാവനനിർമ്മാണ സഹായമായി 10000/യുംനൽകി. മണ്ഡലം കോൺഫറൻസ് ചികിത്സാസഹായമായി ഒരു വ്യക്തിക്ക് 50000/ രൂപയും നൽകി.

ചെറുപുഴ എ.സി യിൽ തിരുമേനി വനിതാ കോൺഫറൻസ് നിർധനരായ കുടുംബത്തിന് വാട്ടർടാങ്ക്, മോട്ടോർ എന്നിവ ഘടിപ്പിച്ചു ജല സൗകര്യം എത്തിച്ചു നൽകി. ഒരു കുട്ടിയുടെ ജനറൽ നഴ്സിംഗ് പഠനം

പൂർണ്ണമായി ഏറ്റെടുത്തു. എടൂർ എ.സി യിൽ ഒരു ദത്തു കുടുംബത്തിന്റെ ഭവനം 1,20,000രൂ മുടക്കി റിപ്പയർ ചെയ്തു കൊടുത്തു. കൃപാഭവൻ അഗതി മന്ദിരത്തിലേക്കു 30000/രൂപയിൽ അധികം വിലവരുന്ന15കിന്റൽ പച്ചക്കപ്പ നൽകി. ഭവനം റിപ്പയർ ചെയ്യാൻ ഒരു സാധു വ്യക്തിക്ക് 10000/രൂ നൽകി. വെളിമാനം കോൺഫറൻസിൽ നിർധനയായ ഒരു സി.എ വിദ്യാർഥിനിക്ക് ഒരു ലാപ്ടോപ്പ് വാങ്ങി നൽകി. പനത്തടി എ.സി യിൽ കലീനടുക്കം കോൺഫറൻസിലെ നിർധനയായ വിദ്യാർത്ഥിനിക്ക് എ.സി യുടെ ആഭിമുഖ്യത്തിൽ 20000രൂ. നൽകി കുന്നോത്ത് എ.സി യിൽ ചരൾ കോൺഫറൻസ് പതിവുപോലെ ഭക്ഷണ ശുശ്രൂക്ഷ നടത്തി. ചെമ്പേരി, കരുണാലയം തെരേസ ഭവൻ, വെമ്പുവാ, മരിയ ഭവൻ, കൃപഭവൻ വളുവുപാറ,മുരിക്കുംകരി എന്നിവിടങ്ങളിൽ അഗതികൾക്ക് ഭക്ഷണം, തോർത്ത്, സോപ്പ് എന്നിവ വിതരണം ചെയ്തു. വായാട്ടുപറമ്പ് എ. സി യിൽ കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ കോൺഫറൻസ് ഒരു സാധു കുടുംബത്തിന്റെ വീട് 36000/രൂ മുടക്കി റിപ്പയർ ചെയ്തു. തളിപ്പറമ്പ് എ.സി യിൽ കണ്ണൂർ ഹോളി ഫാമിലി കോൺഫറൻസ് ഇടവകാംഗങ്ങളുടെ സഹായത്തോടെ രണ്ടു വ്യക്തികൾക്ക് വീട് നിർമ്മിച്ചു നൽകി. വെള്ളരിക്കുണ്ട് എ.സി യിൽ ഭീമനടി കോൺഫറൻസ് 6,75,000/രൂ ചിലവഴിച്ചു ഒരു ഭവനം നിർമ്മിച്ചു നൽകി. വിധവയായ ഒരു സ്ത്രീ യുടെ വീട് തേപ്പ് പൂർത്തിയാക്കി നൽകി. ചുള്ളിയിലെ ആകാശ പറവകൾക്കും ഡയാലിസിസ് രോഗികൾക്കും വിദ്യാർത്ഥികൾക്കും സഹായം നല്കി.

ചുരുക്കത്തിൽ, പ്രതിസന്ധികളെ അതിജീവിച്ച് ഈ നോമ്പുകാലം വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ കൂടുതൽ കരുത്താർജിക്കുന്നതായി എ.സി കളിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. നമുക്കു ചുറ്റുമുള്ള അനാഥരിലും വേദനിക്കുന്നവരിലും ക്രൂശിതനായ ഈശോയുടെ തിരുമുഖം ദർശിച്ചു കൊണ്ട് നിങ്ങൾ നടത്തുന്ന നിസാരങ്ങളായ പ്രവർത്തികൾക്കു പോലും ദൈവസന്നിധിയിൽ മൂല്യമുണ്ട് എന്ന് ഓർമിപ്പിച്ചുകൊണ്ടും ഉത്ഥിതനായ ഈശോയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ടും.....

സ്നേഹപൂർവ്വം,

**സണ്ണി നെടിയകാലായിൽ**
സി സി പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

### തലശ്ശേരിയിൽ പത്രസമ്മേളനം ഫെബ്രുവരി 28

മാർച്ച് ഒന്നുമുതൽ മുപ്പത് വരെ കണ്ണൂർ കാസറഗോഡ് ജില്ലയിൽ നടക്കുന്ന മദ്യ-ലഹരി ബോധവൽക്കരണ മാസാചരണത്തോടനുബന്ധിച്ച് തലശ്ശേരിയിൽ പത്രസമ്മേളനം നടത്തി. ഡയറക്ടർ നേതൃത്വം നല്കി.

### തിവ്രബോധവൽക്കരണ മാസാചരണം

മാർച്ച് 1 മുതൽ 30 വരെ നടക്കുന്ന മദ്യമയക്കുമരുന്ന് തീവ്രബോധവൽക്കരണ മസാചരണം ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു.

### മാർച്ച് 1 സെമിനാർ – പാനൂരിൽ

മാർച്ച് 1–ന് വൈകുന്നേരം 2.30 മുതൽ 5.30 വരെ അർദ്ധദിനസെമിനാർ നടന്നു. ഡയറക്ടറച്ചൻ സെമിനാർ നയിച്ചു. ദിശ സാംസ്കാരിക വേദിയാണ് ക്രമീകരണങ്ങൾ ചെയ്തത്.

### ഓലമലയിൽ സെമിനാർ മാർച്ച് 2

ഉളിക്കൽ ഓലമലയിൽ ബോധവൽക്കരണ സെമിനാർ ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ സെമിനാർ നയിച്ചു. മദ്യവിരുദ്ധ സമിതി മുക്തിശ്രീ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### മാർച്ച് 3 ചെമ്പന്തൊട്ടി മേഖലാ സമ്മേളനം

ചെമ്പന്തൊട്ടി മേഖലാ ഭാരവാഹികളുടെ സമ്മേളനം മാർച്ച് 3–ന് നടന്നു. ഡയറക്ടർ അച്ചൻ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. അനൂപ് നരിമറ്റം അധ്യക്ഷത വഹിച്ചു. യൂണിറ്റ് സന്ദർശനങ്ങൾ, രൂപീകരണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

### മാർച്ച് 4 കർഷക ആശ്വാസ് യോജനപദ്ധതി ഉദ്ഘാടനം

കർഷക ആശ്വാസ് യോജന പദ്ധതി മാർ ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ പ്രവർത്തകർക്കുള്ള 4% പലിശ വായ്പാ പദ്ധതിയാണിത്. നൂറ്റി അറുപത്തിരണ്ട് പേർക്ക് ആനുകൂല്യം ലഭിക്കുന്നു.

## ബോധവൽക്കരണം കൂത്തുപറമ്പിൽ

മാർച്ച് 5-ന് കൂത്തുപറമ്പിൽ കരാട്ടേ പരിശീലിക്കുന്ന 200-ഓളം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ബോധവൽക്കരണ സെമിനാർ നല്കി. ഡയറക്ടർ അച്ചൻ സെമിനാർ നയിച്ചു. ഷെൻസായ് മുരളീകുമാർ അദ്ധ്യക്ഷത വഹിച്ചു.

## മാർച്ച് 11 മണിപ്പാറ യൂണിറ്റ് സന്ദർശനം

മണിപ്പാറയിൽ യൂണിറ്റ് സന്ദർശനം നടത്തി. ഫാ. ബോബൻ റാത്തപ്പള്ളി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഉദ്ഘാടനം നിർവ്വഹിച്ചു.

## മാർച്ച് 12 മേഖലാ യുവജനസെമിനാർ

കെ.സി.വൈ.എം. നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനത്തോടനുബന്ധിച്ച് മദ്യ-മയക്കുമരുന്ന് ബോധവൽകക്രണം നല്കി. മദ്യ-ലഹരി വിരുദ്ധ പ്രതിജ്ഞയും എടുത്തു. ഫാ. അലക്സ് നിരപ്പേൽ നേതൃത്വം നൽകി.

## മാർച്ച് 13 പടിയൂരിൽ സെമിനാർ

പടിയൂരിൽ ബോധവൽക്കരണ സെമിനാറും തുടർന്ന് യൂണിറ്റ് രൂപീകരണവും നടന്നു. ഫാ. വർക്കി തടത്തിമാക്കൽ നേതൃത്വം നല്കി. ഡയറക്ടർ സെമിനാർ നയിച്ചു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

5 12 19 26 തീയതികളിൽ ബധിര സഹോദരങ്ങൾക്കായി ഓൺലൈൻ മീഡിയ വഴി വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ കുർബാനയ്ക്ക് ശേഷം വിശ്വാസ സംബന്ധമായ ക്ലാസുകൾ നൽകി.

## ആലക്കോട് ബൈബിൾ ബധിര കൂട്ടായ്മ പതിനെട്ടാം വാർഷികം

ബധിര സഹോദരങ്ങൾക്കായി 2004 ഫെബ്രുവരി 19 രൂപംകൊണ്ട ആലക്കോട് ബൈബിൾ കൂട്ടായ്മയുടെ പതിനെട്ടാമത് വാർഷികം6-3-22 ന് നടത്തി. ആലക്കോട് ദേവാലയത്തിൽ നടന്ന ആഘോഷ പരിപാടി ഫൊറോന വികാരി ഫാദർ മാണി ആട്ടേൽ ഉദ്ഘാടനം ചെയ്തു. ഫാദർ. പയസ് പടിഞ്ഞാറേമുറിയിൽ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി.

ആദം മിനിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മാസംതോറുമുള്ള ബൈബിൾ ക്വിസ്, അതിരൂപതാ ബൈബിൾ അപ്പോസ്റ്റുലേറ്റുമായി ചേർന്ന് നടത്തിയ ലോഗോസ് ക്വിസ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കൂട്ടായ്മ പ്രസിഡണ്ട് ശ്രീ. ആൻറണി റിപ്പോർട്ട് അവതരിപ്പിച്ചു. ആദം മിനിസ്റ്ററി ഡയറക്ടർ ഫാദർ പ്രിയേഷ് കളരിമുറിയിൽ സ്വാഗതവും, കൂട്ടായ്മ സെക്രട്ടറി ജിമ്മി വേറനാനിക്കൽ നന്ദിയും അർപ്പിച്ചു. മീറ്റിംഗിൽ പങ്കു ചേർന്ന എല്ലാവർക്കും സാൻജോസ് അക്കാദമി ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെമുറി സമ്മാനങ്ങൾ നൽകി. സ്നേഹവിരുന്നോടെ ആഘോഷങ്ങൾ സമാപിച്ചു.

## ദിവ്യകാരുണ്യ ആരാധന

ഇരുപത്തിമൂന്നാം തീയതി ബുധനാഴ്ച വൈകുന്നേരം 8:00 മുതൽ സഹോദരങ്ങൾക്കായി ആരാധന നടത്തി .

## മലയാറ്റൂർ തീർത്ഥാടനം

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഇരുപത്തിയാറാം തീയതി ശനിയാഴ്ച മലയാറ്റൂർ തീർത്ഥാടനം നടത്തി. ആദം മിനിസ്ട്രിയുടെ നേതൃത്വത്തിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുള്ള അംഗങ്ങൾ തീർഥാടനത്തിൽ പങ്കുചേർന്നു .മലയാറ്റൂർ മലമുകളിൽ ബധിര സമൂഹം ഒന്നുചേർന്ന് ബലിയർപ്പിച്ചു.

## ബാംഗ്ലൂർ മിഷൻ

12-3-22 ബാംഗ്ലൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ബിഷപ്പ്ഹൗസിൽ വച്ച് നടന്ന Differently Abled നു വേണ്ടിയുള്ള 2023 സിനഡാലിറ്റി ചർച്ചയിൽ പന്ത്രണ്ടാം തീയതി പങ്കുചേർന്ന് ബധിര സമൂഹത്തിൻെറ ആശയങ്ങൾ പങ്കുവെച്ചു.

## പ്രോലൈഫ് കോൺഫറൻസ്

25-3-22 ബാംഗ്ലൂർ അതിരൂപതയിലെ Differently-abled ആയ കുഞ്ഞുങ്ങളുടെ മാതാപിതാക്കളെ ആദരിക്കുന്ന സമ്മേളനത്തിൽ പങ്കുചേർന്ന് ആശംസകൾ നേരുകയും ചെയ്തു.

## ഏപ്രിൽ മാസ പ്രോഗ്രാം

- 2,9,16,23 വിശുദ്ധ കുർബാന വൈകുന്നേരം ആറ് മുപ്പതിന് ഓൺലൈൻ.
- എഫ്ഫാത്ത ധ്യാനം മദർ ഹോം 29,30
- മെയ് 1 ബധിര സഹോദരങ്ങൾക്കായി മാതൃഭൂമി വെച്ച് ഏപ്രിൽ 28 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആംഗ്യഭാഷയിൽ ധ്യാനം ഒരുക്കിയിരിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

## ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

(2022 ഫെബ്രുവരി 23-ന് ശേഷം 2022 മാർച്ച് 25 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1. | Angel Trust Paisakkary Unit | 1,00,000/- |
| 2. | Angel Trust Paisakkary Unit | 11,000/- |
| 3. | Angel Trust Paisakkary Unit | 25,000/- |
| 4. | Jos Manalel | 13,500/- |
| 5. | Fr. Jacob Karottu, For St. Alphonsa Church Perinkiri | 15,000/- |
| 6. | St. Joseph's Cathedral | 50,000/- |
| 7. | Greeshma V Rose | 2,000/- |

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിലും

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിലെ കെട്ടിടത്തിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ 2022 മെയ് അവസാനത്തോടെ ആരംഭിക്കുന്നു. ഇരിട്ടി മേഖലയിലെ നിർധനരും സാധാരണക്കാരുമായ നിരവധി വൃക്കരോഗികൾക്ക് ഈ സെന്ററിലൂടെ ഡയാലിസിസ് സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നു.

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്. അതിനായി ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

പരമാവധി 2000/– (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതാ യിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി അതിൽ കൂടുതൽ സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കാവുന്നതോ അല്ലെങ്കിൽ 2000/– രൂപയി ലധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പി വാങ്ങി ക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ്-ചെലവ് കണക്കുകൾ എല്ലാ മാസവും 5–ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. **പുതിയ സാമ്പത്തികവർഷം ആരംഭിക്കുന്നതിനാൽ ഇതുവരെ വരവ്-ചെലവ് കണക്കുകൾ നൽകാത്തവർ റെസീപ്റ്റ്/വൗച്ചർ സ്കാൻ ചെയ്ത് എത്രയും വേഗം മെയിൽ അയയ്ക്കേണ്ടതും, ഇതിന്റെ ഹാർഡ്കോപ്പി ജിൻസ് വാളിപ്ലാക്കൽ അച്ചന്റെ കൈവശം നൽകേണ്ടതുമാണ്.** അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാ രുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

സ്നേഹപൂർവ്വം,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

## ലോക ജലദിനം - ലക്ഷ്യം: നദീജല സംരക്ഷണം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ രാജ്യത്തുടനീളം നടത്തിവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെയും കേരള ജലസഭ പദ്ധതിയുടെയും ഭാഗമായി ചെറുപുഴ കാര്യങ്കോട് പുഴയിൽ നിന്നും ജലശേഖരണം നടത്തി. മാർച്ച് 22 ലോകജലദിനത്തോടനുബന്ധിച്ച് നദീജല സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ട് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ചടങ്ങിൽ കാര്യങ്കോട് പുഴയിൽ നിന്നും ശേഖരിച്ച ജലം ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.എഫ്. അലക്സാണ്ടറിൽ നിന്നും TSSS റീജിയണൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം ഏറ്റുവാങ്ങി. കേരളത്തിലെ 44 നദികളുടെയും ജലസംഗമത്തിനായി കേരള ജലസഭ എന്ന പേരിൽ ഇത്തരത്തിൽ നദീജലം ശേഖരിച്ചുകൊണ്ട് തിരുവനന്തപുരത്ത് എത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എ.സി. പൗലോസ്, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം. ബാലകൃഷ്ണൻ, TSSS പ്രൊജക്ട് മാനേജർ തോമസ് ജോൺ, TSSS മേഖലാ പ്രസിഡണ്ട് ജെമിനി എം. ജോസഫ്, TSSS പ്രോഗ്രാം മാനേജർ വത്സമ്മ ടോമി, TSSS പ്രോഗ്രാം കോർഡിനേറ്റർ ജോബിൻസ് തോമസ്, ഷീബ വർഗ്ഗീസ്, ജോസ്ന, റാണി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജലം അമൂല്യമാണ് അത് സംരക്ഷിക്കുക എന്ന പ്രഖ്യാപനവും ചടങ്ങിൽവച്ച് നടത്തി.

## സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റ് - ഇരിട്ടി

പ്രിയബഹുമാനപ്പെട്ട മണിപ്പാറ അച്ചനാൽ സ്ഥാപിതമായ സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഉത്തരവാദിത്വങ്ങളിലേക്ക് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റേയും ട്രസ്റ്റിന്റെ കീഴിൽ ഇരിട്ടി കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന മൈത്രിഭവൻ വൃദ്ധസദനം, മൈത്രിഭവൻ ഓൾഡ് ഏജ് ഹോം എന്നീ അനാഥാലയങ്ങളുടേയും ഡയറക്ടറായി പ്രിയ ബഹുമാനപ്പെട്ട തോമസ് മുണ്ടമറ്റം അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. അച്ചന് TSSS-ന്റെ അഭിനന്ദനങ്ങളും ആശംസകളും. ട്രസ്റ്റിന്റെ പ്രസിഡണ്ടായി ഫാ. ബെന്നി നിരപ്പേൽ, സെക്രട്ടറിയായി

ഫാ. ഫിലിപ്പ് കവിയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായി ഫാ. ആന്റണി മുതുകുന്നേൽ, ഫാ. ജോസഫ് കാവനാടി, മെമ്പർമാരായി ജോർജ് മാരാങ്കുഴ, ജോസഫ്, സെലിൻ എന്നിവരെ തെരഞ്ഞെടുത്തു.

## സ്നേഹപൂർവ്വം... കരുതലോടെ...

നമ്മുടെ ഇടവകാംഗങ്ങൾ നോമ്പിന്റെ ഈ പുണ്യകാലത്ത് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നൽകി വരുമ്പോൾ വാർദ്ധക്യത്തിന്റെ അസ്വസ്ഥതകളുമായി പ്രിയപ്പെട്ടവരെ ഒരുനോക്കു കാണുവാൻപോലും സാധിക്കാതെ വിഷമിക്കുന്ന സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിലെ അന്തേവാസികളേയും നമ്മുക്കോർക്കാം. അവർക്കായി നിങ്ങളുടെ എല്ലാവരുടേയും സ്നേഹവും കരുതലും സഹകരണവും സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

## ഭക്ഷണ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണത്തോട നുബന്ധിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. ഈ പുണ്യപ്രവൃത്തിയിലൂടെ അനാഥാലയങ്ങളിലെയും വൃദ്ധസദനങ്ങളിലെയും അന്തേവാസികളുടെ പ്രാർത്ഥനകളിൽ അഭിവന്ദ്യ പിതാവിനെ ഓർക്കുന്നതിനായി അക്ഷീണം പ്രയത്നിക്കുന്ന TSSS യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. **ഈയൊരു ഉദ്യമത്തിന് സാമ്പത്തികമായ സഹായങ്ങൾ നൽകികൊണ്ട് ഇടവകയിലെ അഭ്യുദയകാംക്ഷികളെ ഈ പുണ്യകർമ്മത്തിൽ പങ്കാളികളാക്കുവാൻ ഇടവക വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.**

## JLG ഗ്രൂപ്പുകളുടെ രൂപീകരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് എടൂർ, നെല്ലിക്കാംപൊയിൽ മേഖലകളിൽ നാൽപ്പത് ജെ.എൽ.ജി. ഗ്രൂപ്പുകൾ രൂപീകരിച്ചു. കാർഷിക സംബന്ധമായ ജോലികൾ ആരംഭിക്കുന്നതിനും, കൃഷി ചെയ്യുന്നതിനും, കൃഷിയെ പ്രോത്സാഹിപ്പിക്കാനും, പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായാണ് അഞ്ചുപേരടങ്ങുന്ന ജെ.എൽ.ജി. ഗ്രൂപ്പുകൾ ആരംഭിച്ചത്. നാൽപ്പത് ഗ്രൂപ്പുകൾക്കായി ഒരു കോടി ഇരുപത് ലക്ഷം രൂപയുടെ വിതരണം നടത്തി.

## TSSS - SHG ഗ്രൂപ്പുകളുടെ രൂപീകരണവും ലോൺ വിതരണവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ധനലക്ഷ്മി ബാങ്കുമായി സഹകരിച്ച് അരവഞ്ചാലിൽ പത്ത് മുതൽ ഇരുപത് പേർ വരെ അടങ്ങുന്ന

പത്ത് ഗ്രൂപ്പുകൾ രൂപീകരിക്കുകയും, ഗ്രൂപ്പിലെ അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഒരോ ലക്ഷം രൂപ വീതം ലോണായി നൽകുകയും ചെയ്തു. സംഘാംഗങ്ങളുടെ വിവിധ കാർഷിക ആവശ്യങ്ങൾക്കായാണ് ലോൺ നൽകി വരുന്നത്. പത്ത് ഗ്രൂപ്പുകൾക്കായി രണ്ട് കോടി രൂപയുടെ വിതരണം നടത്തി.

### വിദേശരാജ്യങ്ങളിലെ നേഴ്സിംഗ് മേഖലയിലേക്ക് അവസരം ഒരുക്കൽ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് വുമൺസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. യൂറോപ്യൻ രാജ്യങ്ങളിലെ ആതുരസേവന ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുവാൻ താൽപര്യമുള്ള നേഴ്സുമാർക്കും അവരുടെ ബന്ധുക്കൾക്കുമായാണ് വെബിനാർ സംഘടിപ്പിച്ചത്. കേരള സർക്കാരിന്റെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ നേഴ്സായി സേവനം ചെയ്യുന്നതിന് ആവശ്യമായ കാര്യങ്ങളാണ് മീറ്റിംഗിലൂടെ ലഭ്യമാക്കിയത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വലിയ സാമ്പത്തിക ചിലവുകളില്ലാതെ ചുരുങ്ങിയ ചിലവിൽ IELTS ഭാഷ പഠിക്കുവാനുള്ള സൗകര്യവും, വിദേശരാജ്യങ്ങളിൽ സുരക്ഷിതമായി ജോലി ഉറപ്പുവരുത്തുന്നതിനും മറ്റാവശ്യങ്ങൾക്കുമുള്ള സൗജന്യ ട്രെയിനിംഗും കേരള സർക്കാർ ഉറപ്പുവരുത്തുന്നു. കേരള സ്റ്റേറ്റ് വുമൺസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വെബിനാറിലൂടെ കൂടുതൽ കാര്യങ്ങൾ വിശദീകരിച്ചു.

### അഭിനന്ദനങ്ങൾ

TSSS അതിരൂപതാ പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോഷി കുന്നത്തിനും, TSSS അതിരൂപതാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി വത്സമ്മ ജോണിനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ.

### സ്വാഭിമാൻ ലീഡേഴ്സ് ട്രെയിനിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ലീഡേഴ്സിനായി സ്വാഭിമാൻ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ട്രെയിനിംഗ് സംഘടിപ്പിച്ചു. തലശ്ശേരി മാതാ സെന്ററിൽ വച്ചു നടത്തിയ ട്രെയിനിംഗിന് ശ്രീ. വർഗ്ഗീസ് പോൾ ചാലക്കുടി നേതൃത്വം നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി വിതരണം ചെയ്യുന്ന ഗുണമേന്മയേറിയ സ്വാഭിമാൻ ഉൽപന്നങ്ങളായ ഹൈടെക് വാഷിംഗ് പൗഡർ, കുളിസോപ്പ്, അലക്കുസോപ്പ്, ലിക്വിഡ് സോപ്പ്, ക്ലോസറ്റ് ക്ലീനർ, ഫിനോയിൽ, ഡിഷ് വാഷ്, ഹാർപിക്, ഷാംബൂ, ഹാൻഡ് വാഷ് തുടങ്ങിയവയുടെ നിർമ്മാണരീതികളും,

മിശ്രിതങ്ങളുടെ കൃത്യമായ അളവും ഗുണമേന്മയും ഉറപ്പുവരുത്തി കൊണ്ടുള്ള ട്രെയിനിംഗാണ് ലീഡേഴ്സിനായി തലശ്ശേരിയിൽ സംഘടിപ്പിച്ചത്.

## ഗ്രാമീയ നോട്ടുബുക്കുകളുടെ വിതരണം ആരംഭിച്ചു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ നിർമ്മാണവും വിതരണവും ആരംഭിച്ചു. സാധാരണക്കാരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകൾ ഉറപ്പുവരുത്തുകയാണ് ഗ്രാമിയ നോട്ടുബുക്കുകളുടെ ലക്ഷ്യം. TSSS യൂണിറ്റുകൾ വഴി നോട്ടുബുക്കുകളുടെ ഓർഡറുകൾ 2022 ഏപ്രിൽ 15 വരെ സ്വീകരിക്കുന്നു. ആവശ്യക്കാർ TSSS യൂണിറ്റ് ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

## കാൻസർ പരിശോധനാക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയ മാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വ ത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാ ക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതി കളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന **(നെല്ലിക്കാംപൊയിൽ) ഏപ്രിൽ 04 തിങ്കൾ, (ആലക്കോട്) ഏപ്രിൽ 09 ശനി, (ചിറ്റാരിക്കാൽ) ഏപ്രിൽ 11 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു.** കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2022

21 അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന ചാരിറ്റി ഡെസ്കിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് 11 മണിക്ക് തലശ്ശേരി എംഎസ് എംഐ കോൺവെന്റിൽ ബഹു. സി.സുമ മേരി എംഎസ്എംഐ യുടെ സന്യാസ സമർപ്പണ സുവർണ്ണജൂബിലി ആഘോഷത്തിൽ വി.കുർബാന അർപ്പിച്ചു. വൈകിട്ട് വൈദികരുടെ മാസധ്യാന കൂട്ടായ്മയിൽ സംബന്ധിച്ചു.

22 അതിരൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റി ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന് നല്കിയ ഡൊണേഷൻ സ്വീകരിച്ചു. തുടർന്ന് ഉച്ചക്കുശേഷം 2.30 നു നടന്ന അതിരൂപതാ മതബോധന കൗൺസിലിൽ പങ്കെടുത്തു. വൈകിട്ട് 7.30 നു തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ കോൺഫറൻസ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

23 ചെമ്പന്തൊട്ടിയിൽ ജിതിൻ മാത്യു വയലാമണ്ണിലിന്റെ വിവാഹം ആശീർവ്വദിച്ചു. തുടർന്ന് റവ.ഫാ. സേവ്യർ പുത്തൻപുരയിൽ അച്ചന്റെ ഭവന നിർമ്മാണത്തിനായുള്ള തറക്കല്ലിടീൽ നടത്തി. തുടർന്ന് 4 മണിക്ക് പയ്യാവൂർ ഇടവകയിൽ പുതിയ സൺഡേ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ച് വി.കുർബാന അർപ്പിച്ച് പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

25 കാത്തലിക് നഴ്സസ് ഗിൽഡ് വൈകിട്ട് 8.30 നു നടത്തിയ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

26 സാൻജോസ് മെട്രാപോളിറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെട്ട ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും സമ്മാനദാനം നടത്തുകയും ചെയ്തു. തുടർന്ന് പെരിയ ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന വൈദികമന്ദിരത്തിനായുള്ള തറക്കല്ലിടീൽ കർമ്മം വൈകിട്ട് 7 മണിക്ക് നിർവ്വഹിച്ചു.

27. രാവിലെ പരപ്പ ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ ആശീർവ്വദിക്കുകയും ഇടവകയുടെ രജത ജൂബിലിയോട നുബന്ധിച്ചുള്ള വി.കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷത

വഹിക്കുകയും ചെയ്തു. വൈകിട്ട് 4.30 നു പുല്ലടി ഇടവക സന്ദർശിച്ച് ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

## മാർച്ച് 2022

01 ജസ്റ്റിസ് കോശി കമ്മീഷന്റെ സർവ്വേയുടെ തുടർ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ വിളിച്ചു ചേർത്ത യോഗത്തിൽ അധ്യക്ഷപദം അലങ്കരിച്ചു.

02 അതിരൂപത എകെസിസി വിളിച്ചു ചേർത്ത യോഗത്തിൽ റഷ്യ ഉക്രെയ്ൻ സമാധാനത്തിനായും ഉക്രെയ്ൻ സംരക്ഷണത്തിനായും ഉള്ള പ്രാർത്ഥന നടത്തി. ഓണലൈനായി നടത്തപ്പെട്ട പെർമനന്റ് സിനഡിൽ സംബന്ധിച്ചു.

03 പി ഒ സി യിൽ വച്ച് നടന്ന ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04 ഉച്ചക്കുശേഷം 3.30 നു തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്ന ദിയാകോണിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 6.30 നു കരുവൻചാൽ ആശുപത്രി പ്രവർത്തനോദ്ഘാടനവുമായി ബന്ധപ്പെട്ട് കരുവൻചാലിൽ വച്ച് നടത്തപ്പെട്ട ആലക്കോട്, വായാട്ടുപറമ്പ, മേരിഗിരി ഫൊറോനകളിലെ വൈദികരുടെ ആലോചനാ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

05 ചെമ്പേരി എൻജിനീയറിംഗ് കോളേജിൽ നടത്തപ്പെട്ട തലശ്ശേരി വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പഠിപ്പിച്ച് വിരമിക്കുന്ന അധ്യാപകരുടെ വിരമിക്കൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

06 രാവിലെ ചെറുപാറ ഇടവക പള്ളിയിൽ വി.കുർബാന അർപ്പിച്ചു. തുടർന്ന് മാലോം ദർക്കാസിൽ പുതുതായി നിർമ്മിക്കുന്ന ബെനെഡിക്റ്റെയിൻ ആശ്രമത്തിന്റെ തറക്കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ബഹു. ആർമ്മൺഡ് അച്ചന്റെ നാമകരണവുമായി ബന്ധപ്പെട്ട വെബ്സൈറ്റ് ഉദ്ഘാടനം നിർവ്വഹിച്ചു.

07 തലശ്ശേരി അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന ജോയിൻ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

08 പൗരോഹിത്യ സുവർണ്ണജൂബിലിയുമായി ബന്ധപ്പെട്ട് പെരിങ്കിരി ഇടവകയിൽ വി.കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. വൈകിട്ട് 9 മണിക്ക് നടത്തപ്പെട്ട ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

09 തലശ്ശേരി അതിരൂപത ആസ്ഥാനത്ത് കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. മാസധ്യാന വൈദീക കൂട്ടായ്മയിൽ സംബന്ധിച്ചു.

10 കൂരാച്ചുണ്ട് ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

11 തലശ്ശേരി അതിരൂപതയുടെ സമാന്തര രൂപതകളിലെ ബിഷപ്പുമാരുടെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

12 ഫൊറോനാ വികാരിമാരുടെ ഓൺലൈൻ മീറ്റിങ് ഉദ്ഘാടനം ചെയ്തു.

18 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

19 പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയ പ്രഖ്യാപന ചടങ്ങിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു. കരുവഞ്ചാലിൽ പുതിയ തായി നിർമ്മിച്ച സെൻറ് ജോസഫ്സ് ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

20 ആര്യപ്പറമ്പ് ഇടവകയിൽ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതാ കേന്ദ്രത്തിൽ നടന്ന ആഘോഷത്തിൽ പങ്കെടുത്തു.

## Programme of the Archbishop
## Mar George Njaralakatt

**April 2022**

| | | | |
|---|---|---|---|
| 03 | | - | Konnakad: Pastoral Visit |
| 05 | | - | Manathawady: Eparchial Assembly |
| 06 | 10.30 am | - | Diaconate |
| 07 | 04.00 pm | - | Blessing Karikottakary School |
| 08 | 07.30 am | - | Kulathuvayal |
| 10 | | - | Cathedral: Palm Sunday |
| 11 | 10.00 am | - | Thaliparamba : Chrism Mass |
| 13 | 03.00 pm | - | Mother Home Monthly Recollection |
| 14 | | - | Cathedral: Maundy Thursday |
| 15 | | - | Cathedral: Good Friday |
| 17 | | - | Cathedral: Easter |
| 18 | 02.30 pm | - | Ponmala: Church Consecration |
| 19 | 09.30 am | - | Nellickampoil: CMC Vestition |
| 20 | | - | Installation of Mar Joseph Pamplany |
| 21 | 08.30 am | - | Cathedral: Minor Orders |
| | 02.30 pm | - | Thermala: Church Consecration |
| 22 | 05.00 pm | - | Neduvalloor: Stone Laying for the New Church |

| | | | |
|---|---|---|---|
| 23 | 09.00 am | - | Palghat: Installation of Mar Peter Kochupurackal |
| 24 | 05.00 pm | - | Marriage: Peravoor |
| 25 | 09.00 am | - | Kunnoth |
| 27 | 10.30 am | - | Koorachund |
| 28 | | - | Madhyavirudha Sammithi Samasthana Sammelanam |

**May 2022**

| | | | |
|---|---|---|---|
| 04 | 09.30 am | - | Vestition SABS |
| | 04.00 pm | - | Vellad: Priest Residence Blessing |
| 05 | 10.00 am | - | Pariyaram: Holy Communion |
| 07 | | - | Ordination: Dn. Dyson- Bhadravathi |
| 09 | 03.00 pm | - | CML Varshikam |
| 11 | | - | Kallody Monthly Recollection |
| 12 | | - | Manikadave: Angels Meet |
| 14 | 07.30 am | - | Nellickampoil: First Holy Communion |
| | 05.00 pm | - | Kannivayal: Jubilee |
| 15 | 08.30 am | - | Vilamana: First Holy Communion |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഫെബ്രുവരി 2022

21 പാലാ രൂപത ചെംപ്ലാവ് ഇടവകയിൽ നിര്യാതനായ ശ്രീ കുര്യൻ ചേലക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

22 ചെംപ്ലാവ് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ ജോർജ് പുന്നക്കോട്ടിൽ പിതാവിനെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്റർ സെന്ററിൽ സന്ദർശിച്ചു.

23 അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവും ഒപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. തൃശൂർ ബിഷപ് ഹൗസിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിനെ സന്ദർശിച്ചു.

26 ചരൾ ഇടവകയിൽ വച്ച് പുഞ്ചായി നൈസ ആൻ റോൾഫിന്റെ മാമോദിസ പരികർമ്മം ചെയ്തു. തുടർന്ന് ചരൾ ഇടവകാംഗമായ ബഹു. സെബാസ്റ്റ്യൻ വാഴക്കാല അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

28 അമേരിക്കയിൽ നിര്യാതയായ സി. അനില എസ്എബിഎസി ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

### മാർച്ച് 2022

03 പാലാ രൂപതയിലെ ഉള്ളനാട് ഇടവകയിൽ ബഹു. തോമസ് അരീക്കാട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

08 കല്ലുമുതിരക്കുന്ന് ഇടവകയിൽ നിര്യാതനായ ബഹു. ഡൊമിനിക് പെരുംമ്പള്ളിയിൽ അച്ചന്റെ 41-ാംചരമ വാർഷികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

09 തിരുവമ്പാടിയിൽ ചികിത്സയിലിരിക്കുന്ന ശ്രീ സി എം ജോസഫ് ചക്കാലയിലിനെ ആശുപത്രിയിൽ സന്ദർശിച്ചു.

14 കോതമംഗലം ബിഷപ് ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തോപ്രാംകുടി ഇടവകയിൽ നിര്യാതനായ ബഹു. മാത്തുക്കുട്ടി വലിയമറ്റത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

15 തോപ്രാംകുടി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

16 കണ്ണോത്ത് ഇടവകയിൽ നിര്യാതനായ സി എം ജോസഫ് ചക്കാലയിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പള്ളിയിൽ മുഖ്യ കാർമികത്വം വഹിച്ചു.

17 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

19 പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം കരുവഞ്ചാൽ നവീകരിച്ച ആശുപത്രിയുടെ വെഞ്ചരിപ്പ് കർമത്തിൽ പങ്കെടുത്തു.

20 വട്ടിയറ ഇടവകയിൽ വച്ച് പള്ളിയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. വട്ടിയറയിൽ ഉള്ള എംസി ബി എസ് ഭവനം സന്ദർശിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതാ കേന്ദ്രത്തിൽ നടന്ന ആഘോഷത്തിൽ പങ്കെടുത്തു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഫെബ്രുവരി 2022

21 അതിരൂപതാ ആസ്ഥാനത്ത് വച്ച് നടന്ന ചാരിറ്റി ഡെസ്കിന്റെ പങ്കെടുത്തു. കരുവഞ്ചാൽ ആശുപത്രിയുടെ അവലോകനയോഗത്തിൽ പങ്കെടുത്തു. തലശ്ശേരിയിൽ എം എസ് എം ഐ സഭാംഗമായ സി. സുമ എംസ്എംഐ യുടെ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു. തലശ്ശേരി അതിരൂപത കേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

22 ഓൺലൈനായി നടന്ന തലശ്ശേരി അതിരൂപത കാറ്റക്കിസം കൗൺസിലിൽ പങ്കെടുത്തു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ടി എസ് എസ്എസ് ഓഫിസിനോട് അനുബന്ധിച്ചു നിർമിച്ച പുതിയ കോൺ ഫറൻസ് ഹാളിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. തുടർന്ന് ടിഎസ് എസ്എസ് റീജനൽ ഡയറക്ടർസ് മീറ്റിംഗിൽ സംബന്ധിച്ചു.

23 ഉളിക്കൽ അടുത്ത് എരുതുകടവിൽ പുതിയതായി ആരംഭിച്ച സാറ്റ് ഇൻറർലോക്ക് ആൻഡ് ഹോളോബ്രിക്സ് സ്ഥാപനം വെഞ്ചരിച്ചു. തുടർന്ന് അറബി ഇടവകയിൽ ബഹു. തോമസ് കൊട്ടുകാപ്പള്ളി അച്ചനെ സന്ദർശിച്ചു. നെല്ലിക്കാംപൊയിൽ സി എം സി പ്രൊവിൻഷ്യൽ ഹൗസിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്സിന്റെ സിൽവർ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു. വൈകുന്നേരം ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ജീവാഗ്നി എന്ന പേരിൽ സംഘടിപ്പിച്ച ത്രിദിന ധ്യാനത്തിന്റെ ആമുഖ സന്ദേശം നൽകി.

24 ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ബൈബിൾ അപ്പസ്റ്റോ ലേറ്റിന്റെ സഹകരണത്തോടെ നടത്തിയ ബിബ്ലിയ ഫാമിലിയ ബൈബിൾ ക്വിസ് സന്ദേശഭവനിൽ ഉദ്ഘാടനം ചെയ്തു. സിനഡാലിറ്റിയുമായി ബന്ധപ്പെട്ട് ഫൊറോന തലത്തിൽ നടന്ന നേതൃത്വ സെമിനാറിൽ ക്ലാസ് നയിച്ചു.

25 കോഴിക്കോട് വച്ച് നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മേജർ സെമിനാരി ചെയർമാൻ മാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

26 ചെമ്പേരി ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വച്ച് മതബോധന കേന്ദ്രത്തിന്റെ നേതൃത്തത്തിൽ നടത്തപ്പെട്ട പ്രധാന അധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു. മതബോധന രംഗത്ത് മികവുറ്റ പ്രവർത്തനം കാഴ്ച്ചവച്ചവരെ ആദരിച്ചു. ഉച്ചകഴിഞ്ഞ് മദർ തെരേസാ സഭാംഗം ബഹു. സെബാസ്റ്റ്യൻ വാഴക്കാല അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ചരൾ ഇടവക നടത്തിയ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്ക് ആമുഖ സന്ദേശം നൽകി. തുടർന്ന് തിരുനാളിനോടനുബന്ധിച്ച് കണ്ണൂർ തിരുഹൃദയ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

27 ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാറിൽ ക്ലാസ് നയിച്ചു.

## മാർച്ച് 2022

01 കോശി കമ്മീഷൻ സർവ്വേമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി സന്ദേശഭവനിൽ വച്ച് നടന്ന അവലോകനയോഗത്തിൽ പങ്കെടുത്തു.

02 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ വച്ച് നടന്ന സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു

03 ബഹു. തോമസ് അരീക്കാട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പാലാ രൂപതയിലെ ഉള്ളനാട് ഇടവകയിൽ വച്ച് മുഖ്യ കാർമ്മികത്വം വഹിച്ചു.

04 ഉച്ചകഴിഞ്ഞ് സന്ദേശഭവനിൽ വച്ച് നടന്ന ദിയകോണിയ മീറ്റിംഗിൽ പങ്കെടുത്തു. കരുവഞ്ചാൽ ആശുപത്രിയുടെ പ്രവർത്തന ഉദ്ഘാടനവുമായി ബന്ധപ്പെട്ടുള്ള ആലക്കോട് വായാട്ടുപറമ്പ് മേരിഗിരി ഫൊറോന വൈദികരുടെ കരുവഞ്ചാൽ ആശുപത്രിയിൽ വച്ച് നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

05 ഇൻഫാം നെല്ലിക്കാംപൊയിൽ ഫൊറോന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

06 മേരിഗിരി ഇടവക ദൈവാലയത്തിൽ ഇടയ സന്ദർശനം നടത്തി.

07 തലശ്ശേരി അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന ജോയിൻ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

08 എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

09 തലശ്ശേരി അതിരൂപത ആസ്ഥാനത്ത് കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. തലശ്ശേരി അതിരൂപത കേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

10 കണ്ണൂർ മഹാത്മാ മന്ദിരത്തിൽ നടന്ന ലോക സമാധാനത്തിനു വേണ്ടിയുള്ള പ്രത്യേക സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടിയാന്മലയിൽ നിര്യാതനായ ശ്രീ ചിന്താർമണി വർക്കിയുടെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സീറോ മലബാർ സഭ ഇൻറർനെറ്റ് മിഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11 ബയോ മൗണ്ടെൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു അധ്യക്ഷത വഹിച്ചു. വായാട്ടുപറമ്പ് സെൻറ് ജോസഫ്സ് ദൈവാലയ തിരുനാളിനോട് അനുബന്ധിച്ചു പതാക ഉയർത്തുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. തലശ്ശേരി അതിരൂപതയുടെ സമാന്തര രൂപതകളിലെ ബിഷപ്പുമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് സന്ദേശഭവൻ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

12 ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഓൺലൈൻ ആയി ക്ലാസ് നയിച്ചു. വെള്ളരിക്കുണ്ട് വച്ച് നടന്ന കാസർഗോഡ് സോൺ കരിസ്മാറ്റിക് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ബഹു. ഇരുപ്പകാട്ട് ഫിലിപ്പ് അച്ചന്റെ അമ്മയുടെ 90-ാം ജന്മദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ചെറുപുഷ്പ മിഷൻലീഗ് പടന്നക്കാട് വച്ച് നടത്തിയ കാഞ്ഞങ്ങാട് റീജന്റെ നേതൃത്വപരിശീലന ക്യാമ്പും വൈസ് ഡയറക്ടേഴ്സ് മീറ്റും ഉദ്ഘാടനം ചെയ്തു. ചായ്യോത്ത് ഇടവകയിൽ വച്ച് ഇൻഫാം കാഞ്ഞങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച കർഷകരുടെ കട ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ഇൻഫാമിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു

13 ബിരിക്കുളം ഇടവകയിൽ ഇടയ സന്ദർശനം നടത്തി. ബഹു. ജോൺ വടക്കുംമൂലയിൽ അച്ചനെ ഭവനത്തിൽ സന്ദർശിച്ചു. കെസി വൈഎം കുന്നോത്ത് മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബ്ലൂംസ് എന്ന പരിപാടി ചരൾ ഇടവകയിൽ ഉദ്ഘാടനം ചെയ്തു.

14 കുന്നോത്ത് സെമിനാരി ഫൈനാൻസ് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ചെമ്പേരി എൻജിനീയറിങ് കോളേജിന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു.

16 കണ്ണൂരിൽ വെച്ച് നടന്ന മദ്യനിരോധന സമിതിയുടെ പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തലശ്ശേരി കത്തിഡ്രൽ പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

18 തലശ്ശേരി ജഗന്നാഥ സ്വാമി ക്ഷേത്രത്തിൽ വച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

19 പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയ പ്രഖ്യാപന ചടങ്ങിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു. കരുവഞ്ചാലിൽ പുതിയ തായി നിർമ്മിച്ച സെൻറ് ജോസഫ്സ് ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചെരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

20 വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതാ കേന്ദ്രത്തിൽ നടന്ന ആഘോഷത്തിൽ പങ്കെടുത്തു.

# Programme of the Archbishop Designate

## Mar JOSEPH PAMPLANY

**APRIL 2022**

| | | | |
|---|---|---|---|
| 01 | | - | Nirmalagiri College Governing body |
| 02 | | - | Pala Cathedral |
| 03 | | - | Pala Cathedral |
| 20 | | - | Installation of Mar Joseph Pamplany and |
| | | - | Farewell to Mar George Njaralakatt |
| 21 | 08.30 am | - | Thaliparamba: Jubilee of Fr. Abraham Ponattu |
| 22 | 06.30 am | - | OFM Chapter |
| 23 | 09.00 am | - | Palghat: Installation of Mar Peter Kochupurackal |
| 24 | 07.00 pm | - | Arivilanjapoil: Jubilee |
| | 10.30 am | - | Ponmala |
| | 12.30 pm | - | Nursing College |
| | 07.00 pm | - | Pulikurumba: Jubilee of Fr. Noble Onamkulam |
| 25 | 10.30 am | - | Badiyaduka: CMC Convent Blessing |
| 26 | 09.00 am | - | Banglore |
| 27 | 10.30 am | - | Kilianthara: Wedding |
| | 02.30 pm | - | Vaniyapara: Church Consecration |
| 28 | | - | Madhyavirudha Sammithi Samasthana Sammelanam |
| 30 | | - | SD Generalate |

**Secretary to the Archbishop Designate**

NON NISI TE DOMINE

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ

# സ്ഥാനാരോഹണവും

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്

# യാത്രയയപ്പും

**2022 ഏപ്രിൽ 20 ബുധൻ**

രാവിലെ 9 മണിക്ക് – തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ

20-04-2022 Wednesday
9.00 am

## Installation Ceremony

Welcome : **Msgr. Joseph Ottaplackal**

Main Celebrant : **Major Archbishop George Cardinal Alencherry**

Co-celebrants : **Archbishop Mar George Njaralakatt**

: **Archbishop Mar George Valiamattam**

Homily : **Moran Mor Baselius Cardinal Cleemis Catholicos**

## Public Meeting

11.20 am : Reception to the Chief Guests

11.30 am : Prayer Song

Welcome Speech : **Msgr. Alex Tharamangalam**

Presidential Address : **Major Archbishop George Cardinal Alencherry**

Inauguration : **His Eminence Cardinal Oswald Gracious** (President, CBCI)

Guest of Honour : **His Grace Archbishop Leopoldo Girelli** (Apostolic Nuncio of Vatican to India)

Response : **Archbishop Mar George Njaralakatt**

Response : **Archbishop Mar Joseph Pamplany**

Felicitations : **Archbishop Mar George Valiamattam** (Archbishop Emeritus, Thalassery)

: **Shri. V. Muraleedharan** (Hon. Minister of State for External Affiars of India)

: **Rt. Rev. Dr. Joseph Kariyil** (Bishop of Cochin)

: **Shri. M.V. Govindan** (Hon. Minister for Industry and Commerce, Kerala)

: **Shri. Roshy Augustine** (Hon. Minister for Water Resources, Kerala)

: **Shri. K. Sudhakaran MP** (Kannur Loksabha Constituency)

: **Shri. John Brittas MP** (Member of Rajya Sabha)

: **Bishop Mar Lawrence Mukkuzhy** (Bishop of Belthangady)

: **Shri. P.K. Kunhalikutty MLA** (Vengara Constituency)

: **Shri. Sunny Joseph MLA** (Peravoor Constituency)

: **Rev. Sr. Anila Mannoor SABS** (Religious Representative)

: **Miss. Sariga Chacko Konnackal** (Lay Representative)

: **Adv. Tony Punchakunnel** (President, AKCC)

Vote of Thanks : **Shri. George Thayyil** (Secretary, Pastoral Council)

RNI Reg. No. *5910/18* Date of Publication: *28/03/2022*
**Registered KL/TLY/20/22-24**
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24

## സ്നേഹസ്മരണയ്ക്ക്

16-ാം ചരമവാർഷികം



## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

ജനനം : 04 .08 .1911 മരണം : 04 .04 .2006

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." (യോഹ – 11 : 25 )

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.